TRICHUR ARCHDIOCESAN BULLETIN

ഒക്ടോബർ 2026 | വാല്യം: 93 | ലക്കം: 10



അവസാന വിധി (മത്താ. 25: 32)

From : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542

ഓർമ്മകളിൽ



റവ. ഫാ. ജോസ് അറങ്ങാശ്ശേരി

ജനനം : 19.10.1954
പൗരോഹിത്യം : 29.12.1981
മരണം : 07.09.2026

Trichur Archdiocesan Bulletin TAB

ESTD:1934

ഒക്ടോബർ 2026

ലക്കം: 10 | വാല്യം: 93

10

Imprimatur
(Sd)
Mar Andrews Thazhath
Archbishop of Trichur

Chief Editor
Fr. Francis Aloor

Executive Editor
Fr. Shijo Chiriyankandath

Design
smritidesign.com

Printed at
St. Mary's Orphanage Press

Published from
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

ഉള്ളടക്കം

കച്ചേരിക്കാര്യം	33
അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ	37
സഹായമെത്രാന്റെ പരിപാടികൾ	38
നാളാഗമം	40
നാമകരണ നടപടികൾ	46
സാമ്പത്തിക കാര്യാലയം	50
വൈദികർ	54
സന്യസ്തർ	61
വിശ്വാസ പരിശീലനം	72
സ്ഥാപനങ്ങൾ	79
സംഘടനകൾ	87



മിഷൻ ഞായർ സന്ദേശം

പരിശുദ്ധ പിതാവ്
ലിയോ പതിനാലാമൻ പാപ്പാ

Ref: 4324/K-5/KCBC/OL/DS 16.09.2026

പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ 2026 ഒക്ടോബർ 18-ാം തീയതി നടക്കുന്ന നൂറാമത് ആഗോള പ്രേഷിത ഞായറാഴ്ചയോടനുബന്ധിച്ചു നൽകുന്ന സന്ദേശം

''ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന്''

പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് പീയൂസ് പതിനൊന്നാമൻ സ്ഥാപിക്കുകയും സഭയ്ക്ക് ഏറ്റവും പ്രിയങ്കരമായതുമായ ആഗോള പ്രേഷിത ഞായറാചരണത്തിന്റെ നൂറാം വർഷം ആഘോഷിക്കുന്ന ഈ ആണ്ടിൽ ചിന്താവിഷയമായി ''ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന്'' എന്നത് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു. ജൂബിലി വർഷത്തിനുശേഷം സഭ മുഴുവനും തന്റെ പ്രേഷിത യാത്ര പരിശുദ്ധാത്മാവിലുള്ള സന്തോഷത്തിലും തീക്ഷ്ണതയിലും തുടരുന്നതു ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ക്രിസ്തുവിൽ ഒന്നായിത്തീർന്ന ഹൃദയങ്ങളും അനുരഞ്ജിതമായ സമൂഹങ്ങളും വ്യക്തികളും ഉദാരതയോടും പരസ്പര വിശ്വാസത്തോടും സഹകരിക്കാൻ സന്മനസ്സുള്ളവരാകേണ്ടതുണ്ട്.

''ക്രിസ്തുവിൽ ഒന്നായി തീർന്നുകൊണ്ട്, പ്രേഷിത ദൗത്യത്തിൽ ഒരുമിച്ചുചേർന്ന്'' ദൈവകൃപയാൽ നാം നയിക്കപ്പെടാനും പ്രചോദിപ്പിക്കപ്പെടാനും നമ്മെത്തന്നെ വിട്ടുകൊടുക്കാം. അങ്ങനെ നമ്മുടെ പ്രേഷിത വിളിയുടെ അഗ്നിയാൽ നാം തന്നെയും നവീകരിക്കപ്പെടുകയും സഭയുടെ ചരിത്രത്തിലെ ''ഈ പുതിയ പ്രേഷിത യുഗത്തിൽ'' സുവിശേഷവൽക്കരണത്തിന്റെ പ്രതിജ്ഞാബദ്ധതയിൽ പുരോഗമിക്കാൻ ഇടവരുത്തപ്പെടുകയും ചെയ്യുമാറാകട്ടെ (ആഗോള പ്രേഷിതരുടെയും കുടിയേറ്റക്കാരുടെയും

ജൂബിലിയുടെ അവസരത്തിൽ നടത്തിയ സുവിശേഷ പ്രഭാഷണം; 5 ഒക്ടോബർ 2025).

1. ക്രിസ്തുവിൽ ഒന്നായി – പ്രേഷിത ശിഷ്യർ എന്ന നിലയിൽ അവിടത്തോടും നമ്മുടെ സഹോദരീസഹോദരന്മാരോടും ചേർന്നിരുന്നുകൊണ്ട്

ക്രിസ്തുവുമായുള്ള ഐക്യത്തിന്റെ രഹസ്യമാണ് പ്രേഷിത ദൗത്യത്തിന്റെ കാതൽ. തന്റെ പീഡാനുഭവത്തിനുമുമ്പ് യേശു ഇപ്രകാരം പ്രാർത്ഥിച്ചു: ''അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നപോലെ, അവരും നമ്മിൽ ആയിരിക്കുന്നതിനും ...'' (യോഹ 17:21). ഈ വാക്കുകൾ വെളിപ്പെടുത്തുന്നത് യേശുവിന്റെ അത്യഗാധമായ ആഗ്രഹവും തന്റെ ശിഷ്യരുടെ സമൂഹം എന്ന നിലയിലുള്ള സഭയുടെ സ്വത്വവും ആണ്. അത് പരിശുദ്ധ ത്രിത്വത്തിൽനിന്ന് ഉദ്ഭവിക്കുന്ന കൂട്ടായ്മ ആണ്; ത്രിത്വം തന്നെയാണ് അതിനെ നിലനിർത്തുന്നതും. ഈ കൂട്ടായ്മ പ്രകാശിതമാകുന്നത് എല്ലാം മനുഷ്യരുടെയും ഇടയിലുള്ള സാഹോദര്യത്തിന്റെ ശുശ്രൂഷയിലും സകല സൃഷ്ടികളുമായുള്ള മൈത്രിയിലുമാണ്.

ഒരു ക്രിസ്ത്യാനി ആയിരിക്കുക എന്നാൽ ചില അനുഷ്ഠാനങ്ങളിലോ ആശയങ്ങൾ സ്വീകരിക്കുന്നതിലോ അല്ല അടങ്ങിയിരിക്കുന്നത്; അത് ക്രിസ്തുവുമായി ഐക്യപ്പെട്ടുകൊണ്ടുള്ള ഒരു ജീവിതമാണ്. അതിൽ പുത്രന് പിതാവുമായുള്ള പുത്ര സഹജമായ ബന്ധത്തിൽ നാം പരിശുദ്ധാത്മാവുവഴി ഭാഗഭാക്കുകൾ ആയിത്തീരുന്നു. അതിന്റെ അർഥം, മുന്തിരി ചെടിയുടെ ശാഖകൾ തായ്ത്തണ്ടിനോടു ചേർന്നിരിക്കുന്നതുപോലെ, ക്രിസ്തുവിൽ വസിക്കുക എന്നതാണ് (യോഹ 15:4); അതായത്, ത്രിത്വത്തിന്റെ ജീവനിൽ ആഴ്ന്നിറങ്ങിയിരിക്കുക എന്നത്. ഈ ഐക്യം വിശ്വാസികളുടെ ഇടയിൽ പരസ്പരമുള്ള ഐക്യം ഉളവാക്കുന്നു; എല്ലാത്തരം പ്രേഷിത ഫലദായകത്വത്തിന്റെയും ഉറവിടവും അതുതന്നെ. വിശുദ്ധ ജോൺപോൾ രണ്ടാമൻ പഠിപ്പിച്ചതുപോലെ, ''കൂട്ടായ്മ പ്രേഷിതത്വത്തിന്റെ ഉറവിടവും ഫലവും പ്രതിനിധീകരിക്കുന്നു'' (അൽമായ വിശ്വാസികൾ [Christfidelis Laici], 32).

ഈ പശ്ചാത്തലത്തിൽ തന്റെ അംഗങ്ങളുടെ ഇടയിൽ ആത്മീയവും സാഹോദര്യപരവുമായ ഐക്യം നവീകരിക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ് സഭയുടെ പ്രഥമ പ്രേഷിതദൗത്യം. പല സാഹചര്യങ്ങളിലും നാം നേരിടുന്നത് സംഘർഷങ്ങളും ധ്രുവീകരണവും തെറ്റിദ്ധാരണകളും പരസ്പ

രമുള്ള വിശ്വാസമില്ലായ്മയുമാണ്. ഇക്കാര്യം നമ്മുടെ സമൂഹങ്ങളിൽ സംഭവിക്കുമ്പോൾ, ഇത് നമ്മുടെ സാക്ഷ്യത്തിന് കുറവ് വരുത്തുന്നു. ക്രിസ്തു തന്റെ ശിഷ്യരെ ഭരമേൽപ്പിച്ച സുവിശേഷവൽക്കരണദൗത്യം എല്ലാറ്റിനുമുപരിയായി രമ്യതപ്പെട്ട് ഐക്യത്തിനായി കാംക്ഷിക്കുന്ന ഹൃദയങ്ങൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. അക്കാരണത്താലും നാം ഒരുമിച്ച് നിഖ്യാ സൂനഹദോസിന്റെ 1700-ാം ആണ്ട് ആഘോഷിച്ച പശ്ചാത്തലത്തിലും എല്ലാ സഭകളും ചേർന്നുള്ള സഭൈക്യശ്രമങ്ങൾ ഊർജിതപ്പെടുത്തേണ്ടതുണ്ട്.

അവസാനമായി, എന്നാൽ പ്രാധാന്യത്തിന് ഒട്ടും കുറവില്ലാത്തവിധം, ''ക്രിസ്തുവിൽ ഒന്നായിരിക്കുക'' എന്നത് നമ്മുടെ ദൃഷ്ടികൾ കർത്താവിൽ ഉറപ്പിച്ചു നിർത്താനായി ആഹ്വാനം ചെയ്യുന്നു; അങ്ങനെ അവിടന്ന് യഥാർഥത്തിൽ നമ്മുടെ വ്യക്തിജീവിതങ്ങളുടെയും സമൂഹങ്ങളുടെയും, നമ്മുടെ ഓരോ വാക്കിന്റെയും പ്രവൃത്തിയുടെയും വ്യക്തിബന്ധങ്ങളുടെയും കേന്ദ്രബിന്ദു ആയി തീരേണ്ടതുണ്ട്. അതുവഴിയായി നമുക്ക് വിസ്മയപൂർവം പറയാൻ കഴിയണം, ''ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്'' എന്ന് (ഗലാ 2:20). അവിടത്തെ വചനം നിരന്തരം ശ്രവിച്ചുകൊണ്ടും കൂദാശകളിൽ നിന്നുള്ള കൃപാവരം സ്വീകരിച്ചുകൊണ്ടും സഭയിൽ സജീവശിലകൾ ആയിത്തീരാൻ നമുക്ക് സാധിക്കും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും അതിനെ തുടർന്നുവന്ന പാപ്പാമാരുടെ പ്രബോധനത്തിന്റെയും, പ്രത്യേകിച്ച് ഫ്രാൻസിസ് പാപ്പായുടെ ചിന്തകളുടെയും, അടിസ്ഥാനത്തിലുള്ള മുഖ്യ പ്രമേയങ്ങൾ സ്വീകരിക്കാൻ സഭ ഇന്ന് വിളിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ, ''ഞങ്ങൾ പ്രഘോഷിക്കുന്നത് ഞങ്ങളെയല്ല; പ്രസ്തുത യേശുക്രിസ്തുവിനെ കർത്താവായാണ്''(2 കോറി 4:5). അതിനാൽ വിശുദ്ധ പോൾ ആറാമന്റെ വാക്കുകൾ ഞാൻ ആവർത്തിക്കുന്നു: ''ദൈവപുത്രനായ നസ്രത്തിലെ യേശുവിന്റെ നാമവും പഠനവും ജീവിതവും വാഗ്ദാനങ്ങളും രാജ്യവും രഹസ്യവും പ്രഘോഷിക്കുന്നില്ലെങ്കിൽ അത് യഥാർഥ സുവിശേഷവൽക്കരണം ആവുകയില്ല'' (സുവിശേഷപ്രഘോഷണം [Evangelii Nuntiandi] എന്ന അപ്പസ്തോലിക ആഹ്വാനം, 22). സുവിശേഷവൽക്കരണപ്രക്രിയ യഥാർഥത്തിൽ ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയത്തിൽ ആരംഭിച്ചുകൊണ്ടാണ് എല്ലാ മനുഷ്യരിലേക്കും എത്തിച്ചേരേണ്ടത്. ആകയാൽ, ക്രിസ്തുവിൽ നമ്മൾ എത്രമാത്രം ഐക്യപ്പെട്ടിരിക്കുന്നുവോ അത്രമാത്രം നന്നായി നമുക്ക് ഒരുമിച്ച് അവിടന്ന് നമ്മെ ഭരമേല്പിച്ചിരിക്കുന്ന പ്രേഷിത ദൗത്യം നിർവഹിക്കാൻ ആകും.

2. പ്രേഷിത ദൗത്യത്തിൽ ഒന്നിച്ച് - ലോകം കർത്താവായ ക്രിസ്തുവിൽ വിശ്വസിക്കുന്നതിനായി

ശിഷ്യരുടെ ഐക്യം അതിൽത്തന്നെ ഒരു ലക്ഷ്യമല്ല; പ്രേഷിത ദൗത്യമാണ് അത് ലക്ഷ്യം വയ്ക്കുന്നത്. യേശു അത് വ്യക്തമായി പറയുന്നു: ''അവിടന്ന് എന്നെ അയച്ചു എന്ന് ലോകം വിശ്വസിക്കുന്നതിനു വേണ്ടിയാണത്'' (യോഹ 17:21). അനുരഞ്ജനവും സാഹോദര്യവും ഐക്യവും പുലരുന്ന ഒരു സമൂഹത്തിന്റെ സാക്ഷ്യം വഴിയാണ് സുവിശേഷത്തിന്റെ പ്രഘോഷണം അതിന്റെ പൂർണമായ സംവേദനശക്തി പ്രാപിക്കുന്നത്.

ഈ കാഴ്ചപ്പാടിൽ വാഴ്ത്തപ്പെട്ട പൗളോ മന്നയുടെ ആപ്ത വാക്യം സ്മരിക്കുന്നത് പ്രസക്തമാണ്: ''ലോകം മുഴുവന്റെയും മാനസാന്തരത്തിനായി സഭ മുഴുവനും.'' 1916-ൽ ''പൊന്തിഫിക്കൽ മിഷണറി യൂണിയൻ'' സ്ഥാപിതമാകുന്നതിനു പ്രേരണയായി തീർന്ന ആദർശം സംക്ഷിപ്തമായി ഈ ആപ്തവാക്യം അവതരിപ്പിക്കുന്നു. അതിന്റെ 110-ാം വാർഷികത്തിൽ വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും ഇടയിൽ പ്രേഷിത ചൈതന്യം ഉത്തേജിപ്പിക്കുന്നതിനും രൂപപ്പെടുത്തുന്നതിനും എല്ലാ സുവിശേഷവൽക്കരണ ഉദ്യമങ്ങളും ഒരുമിച്ചു കൊണ്ടുവരുന്നതിന് നടത്തിയ ശ്രമങ്ങളുടെയും പിന്നിലുള്ള പ്രതിജ്ഞാബദ്ധതയെ ഓർത്തുകൊണ്ട് ഞാൻ അവരുടെ അംഗങ്ങൾക്കു നന്ദി അർപ്പിക്കുകയും ആശീർവാദം നൽകുകയും ചെയ്യുന്നു. വാസ്തവത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ച ഒരാൾക്കും പ്രേഷിതദൗത്യത്തിൽ നിന്ന് ഒഴിവാകാനോ അതിനോടു നിസംഗത പുലർത്താനോ അവകാശമില്ല: ഓരോരുത്തരും അവരവരുടെ വിളിയും ജീവിത സാഹചര്യവും അനുസരിച്ച് ക്രിസ്തു തന്റെ സഭയെ ഭരമേൽപ്പിച്ച ഈ മഹത്തായ ദൗത്യത്തിൽ പങ്കുചേരുന്നു. ഫ്രാൻസിസ് പാപ്പ ആവർത്തിച്ച് അനുസ്മരിപ്പിച്ചിരുന്നതുപോലെ സുവിശേഷപ്രഘോഷണം എപ്പോഴും സ്വരച്ചേർച്ചയുള്ളതും സാമൂഹിക മാനം ഉള്ളതും സിനഡാത്മകവുമായ പ്രവൃത്തിയാണ്.

ഇക്കാരണത്താൽ, പ്രേഷിതപ്രവർത്തനത്തിലുള്ള ഐക്യം എന്നു പറയുന്നത് കൂട്ടായ്മയുടെയും പ്രേഷിത സഹകരണത്തിന്റെയും ആധ്യാത്മികത സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ്. ഈ മനോഭാവം അനുദിനം വളർത്തുന്നതുവഴി നമ്മുടെ സഹോദരീസഹോദരന്മാരെ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കാണാൻ ദൈവിക കൃപാവരം സാവധാനം നമ്മെ പഠിപ്പിക്കുന്നു. ഓരോ വ്യക്തിയിലും ആത്മാവ് ഉണർത്തുന്ന നന്മ സന്തോഷപൂർവ്വം തിരിച്ചറിയാനും നാം പഠിക്കുന്നു; അതായത്, വൈവിധ്യം

ഒരു നിധിയായി കരുതാനും, പരസ്പരം ഭാരങ്ങൾ ചുമക്കാനും ഉന്നതത്തിൽ നിന്നുവരുന്ന ഐക്യം എപ്പോഴും അന്വേഷിക്കാനും സാധിക്കുന്നത്. യഥാർഥത്തിൽ നാം എല്ലാവരും ഒരൊറ്റ പ്രേഷിത ദൗത്യത്തിലാണ് പങ്കുചേരുന്നത്; അതായത്, ''ഒരു കർത്താവ്, ഒരു വിശ്വാസം, ഒരു ജ്ഞാനസ്നാനം. സകലത്തിനുമുപരിയായവനും സകലത്തിലൂടെയും സകലത്തിലുമായവനും സകലരുടെയും പിതാവും ദൈവവുമായ ഒരുവൻ''(എഫേ 4:5-6) എന്നതിൽ പ്രേഷിത ശിഷ്യത്വത്തിന്റെ ദൈനംദിനം ഉള്ള ആധ്യാത്മികതയാണ് ഇത് പ്രകാശിതമാക്കുന്നത്. സഭയുടെ സുവിശേഷവൽക്കരണ ദൗത്യത്തെ സംബന്ധിച്ച ഒരു സാർവത്രിക കാഴ്ചപ്പാട് തിരിച്ചു പിടിക്കാനും സംഘാതമായ ശ്രമങ്ങളുടെ കുറവ് നികത്താനും ഇത് സഹായിക്കുന്നു; ''ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോയുടേതാണ്'' (1 കോറി 1:10-12) എന്ന തരത്തിൽ ഏക കർത്താവിനെ പിൻചൊല്ലുന്നവരുടെ ഇടയിൽ സൃഷ്ടിക്കപ്പെടുന്ന വിഭാഗീയതകളെ അതിജീവിക്കാനും ഇത് സഹായകമാകുന്നു.

പ്രേഷിത പ്രവർത്തനത്തിലെ ഐക്യം (unity) എന്നു പറയുന്നത് ഐകരൂപ്യം (uniformity) ആയി മനസ്സിലാക്കപ്പെടരുത് എന്ന് പറയേണ്ടതില്ലല്ലോ; മറിച്ച്, അത് ഒരേ ഉദ്ദേശ്യത്തോടുകൂടിയ വ്യത്യസ്തങ്ങളായ സിദ്ധികളുടെ (charisms) സംഗമമാണ്; അതായത്, ക്രിസ്തുവിന്റെ സ്നേഹം പ്രകടമാക്കുകയും അവിടത്തെ കണ്ടുമുട്ടാൻ എല്ലാവരെയും ക്ഷണിക്കുകയും ചെയ്യുന്ന പ്രവൃത്തി. പ്രാദേശിക സമൂഹങ്ങൾ പരസ്പരം സഹകരിക്കുമ്പോൾ സുവിശേഷവൽക്കരണം സാധ്യമാകുന്നു; അതുപോലെതന്നെ ഒരേ വിശ്വാസത്തിൽ സാംസ്കാരികവും ആത്മീയവും ആരാധനക്രമപരവും ആയ വ്യത്യസ്തതകൾ പൂർണമായും പൊരുത്തപ്പെട്ട് പ്രകാശിക്കപ്പെടുമ്പോൾ. ആകയാൽ, സഭയിലെ എല്ലാ സ്ഥാപനങ്ങളിലും സഭാത്മക പ്രേഷിത കൂട്ടായ്മയുടെ ചൈതന്യം ശക്തിപ്പെടുത്താനും പ്രേഷിത ദൗത്യത്തിനുവേണ്ടിയും ദൗത്യത്തിൽതന്നെയും പരസ്പരം സഹകരിക്കുന്നതിനുള്ള സർഗാത്മകവും മൂർത്തവുമായ മാർഗങ്ങൾ വികസിപ്പിച്ചെടുക്കാനും ഞാൻ ആഹ്വാനം ചെയ്യുന്നു.

ഇത് സംബന്ധിച്ച്, പ്രേഷിത സഹകരണത്തിനായി പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്തുവരുന്ന സേവനങ്ങൾക്ക് ഞാൻ അവർക്കു നന്ദി പ്രകാശിപ്പിക്കുന്നു; ഞാൻ പെറുവിൽ ആയിരുന്ന കാലത്ത് അവരുടെ സേവനം അനുഭവിച്ചത് കൃതജ്ഞതപൂർവ്വം അനുസ്മരിക്കുന്നു. പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത്, ഹോളി ചൈൽഡ്ഹുഡ്, സെന്റ് പീറ്റർ ദ അപ്പോസ്തൽ ആൻഡ് പൊന്തിഫിക്കൽ മിഷനറി യൂണിയൻ എന്നീ സൊസൈറ്റികൾ എല്ലാ പ്രായത്തിലുമുള്ള വിശ്വാസികളുടെ ഇടയിൽ പ്രേഷിതബോധം

ജനിപ്പിക്കാനും രൂപപ്പെടുത്താനും ലോകം മുഴുവനുമുള്ള സമൂഹങ്ങളെ പ്രാർഥനയുടെയും ഉപവിയുടേയും ശൃംഖലവഴി ബന്ധിപ്പിക്കാനുള്ള ശ്രമവും തുടർന്നുകൊണ്ടേയിരിക്കുന്നു. പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്ത് സൊസൈറ്റിയുടെ സ്ഥാപികയായ വാഴ്ത്തപ്പെട്ട പൗളിൻ മരീ ജാരിക്കോട്ട് 200 വർഷങ്ങൾക്കു മുമ്പ് ''സജീവ ജപമാല'' (Living Rosary) സ്ഥാപിച്ചു എന്നത് ഇവിടെ എടുത്തു പറയേണ്ടതാണ്. ലോകം മുഴുവനുമുള്ള ഒട്ടനവധി വിശ്വാസികളെ ഓരോരോ ആത്മീയവും പ്രേഷിതപരവുമായ ആവശ്യങ്ങൾക്കുവേണ്ടി പ്രാർഥിക്കാൻ ഇന്നും അത് ഒരുമിച്ചു കൂട്ടുന്നു. വിശ്വാസപ്രചാരണ സംഘത്തിന്റെ (Society for the Propagation of the Faith) താത്പര്യപ്രകാരം പീയൂസ് പതിനൊന്നാമൻ പാപ്പാ 1926-ൽ ''ആഗോള പ്രേഷിത ദിനം'' (World Mission Day) സ്ഥാപിക്കുകയുണ്ടായി എന്നതും സ്മരണീയമാണ്. ഈ ദിനം സമാഹരിക്കുന്ന വാർഷിക സംഭാവനകൾ സഭയുടെ പ്രേഷിത ദൗത്യത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങളെ പിന്തുണയ്ക്കുന്നതിനായി പാപ്പായുടെ നാമത്തിൽ വിതരണം ചെയ്യപ്പെടുന്നു. ഈ നാല് സൊസൈറ്റികളും ഒരുമിച്ച്, പൊതുവായും, ഓരോരുത്തരുടെയും പ്രത്യേക സവിശേഷത അനുസരിച്ചും, ഇന്നും സഭ മുഴുവനിലുമായി വിലപ്പെട്ട പ്രവൃത്തി നിർവഹിക്കുന്നു. ഐക്യത്തിന്റെയും സഭാത്മക പ്രേഷിത കൂട്ടായ്മയുടെയും സജീവ അടയാളങ്ങളാണവ. കൃതജ്ഞതാചൈതന്യത്തോടെ അവരോടൊപ്പം പ്രവർത്തിക്കാൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു.

3. സ്നേഹിക്കാനുള്ള പ്രേഷിതദൗത്യം: ദൈവത്തിന്റെ വിശ്വസ്തസ്നേഹം പ്രഘോഷിക്കുക, ജീവിക്കുക, പങ്കുവയ്ക്കുക

ഐക്യമാണ് പ്രേഷിതദൗത്യത്തിന്റെ വ്യവസ്ഥയെങ്കിൽ സ്നേഹമാണ് അതിന്റെ കാതൽ. ലോകത്തോടു പ്രഘോഷിക്കാനായി നമ്മെ അയച്ചിരിക്കുന്ന സദ്വാർത്ത രൂപഭാവം ഇല്ലാത്ത ഒരു ആദർശമല്ല; അത് ദൈവത്തിന്റെ വിശ്വസ്തസ്നേഹത്തിന്റെ സുവിശേഷമാണ്; അത് യേശുക്രിസ്തുവിന്റെ മുഖത്തും ജീവിതത്തിലും മാംസം ധരിച്ചു.

ശിഷ്യരുടെയും സഭ മുഴുവന്റെയും പ്രേഷിതദൗത്യം പരിശുദ്ധാത്മാവിലുള്ള ക്രിസ്തുവിന്റെ ദൗത്യം തുടരുക എന്നതാണ്. ഈ ദൗത്യം സ്നേഹത്തിൽ ജനിക്കുന്നതും സ്നേഹത്തിൽ ജീവിക്കുന്നതും സ്നേഹത്തിലേക്കു നയിക്കുന്നതുമാണ്. യഥാർഥത്തിൽ കർത്താവ് തന്നെയും തന്റെ പീഡനുഭവത്തിനു മുമ്പുള്ള പിതാവിനോടു നടത്തിയ ശ്രേഷ്ഠ പ്രാർഥനയിൽ, തന്റെ

ശിഷ്യരുടെ ഇടയിൽ ഐക്യം ഉണ്ടാകണമെന്ന് ആഹ്വാനം ചെയ്തശേഷം, ഇപ്രകാരം ഉപസംഹരിച്ചു: ''അങ്ങ് എനിക്ക് നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനുമാണിത്''(യോഹ 17:26). ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രേരിതരായി (2 കോറി 5:14), ക്രിസ്തുവിനു വേണ്ടി സുവിശേഷം പ്രസംഗിക്കാൻ അപ്പോസ്തലന്മാർ ഇറങ്ങിത്തിരിച്ചു. ഇതേ രീതിയിൽ നൂറ്റാണ്ടുകളായി ക്രിസ്ത്യാനികളുടെ വലിയൊരു സംഘം ആളുകൾ - രക്തസാക്ഷികൾ, ആത്മീയാചാര്യർ, പ്രേഷിതർ - ഈ ദിവ്യസ്നേഹം ലോകത്തെ അറിയിക്കാനായി തങ്ങളുടെ ജീവിതങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അങ്ങനെ സ്നേഹത്തിന്റെ അരൂപിയായ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് സഭയുടെ സുവിശേഷവൽക്കരണ ദൗത്യം സമയത്തിന്റെ അന്ത്യം വരെ തുടർന്നുകൊണ്ടിരിക്കും.

അതിനാൽ, ഇന്നത്തെ ജനതകളുടെ (ad gentes) ഇടയിൽ പ്രവർത്തിക്കുന്ന പ്രേഷിതരോടു നന്ദി പ്രകാശിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെപ്പോലെ അവർ തങ്ങളുടെ സ്വദേശവും കുടുംബങ്ങളും എല്ലാത്തരം സുരക്ഷിതത്വവും ഉപേക്ഷിക്കുകയുണ്ടായി. അത് സുവിശേഷം പ്രഘോഷിക്കാനും പലപ്പോഴും വെല്ലുവിളി നേരിടുന്ന ഇടങ്ങളിലും ദരിദ്രരുടെ ഇടയിലും സംഘർഷഭരിതവും സാംസ്കാരികമായി വ്യത്യസ്തമായതുമായ സാഹചര്യങ്ങളിലും ക്രിസ്തുവിനെയും അവിടത്തെ സ്നേഹവും കൊണ്ടുവരാനും വേണ്ടിയാണ്. പ്രതികൂല സാഹചര്യങ്ങളും മാനുഷിക പരിമിതികളും ഉണ്ടെങ്കിൽപ്പോലും അവർ സ്വയം തങ്ങളെത്തന്നെ നൽകുന്നത് തുടരുന്നു; എന്തെന്നാൽ, ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും നൽകുക എന്നതാണ് അവർക്ക് നൽകാവുന്ന ഏറ്റവും വലിയ നിധി എന്ന് അവർ മനസ്സിലാക്കുന്നു. അവരുടെ സ്ഥിരോൽസാഹംവഴി, ദൈവത്തിന്റെ സ്നേഹം എല്ലാ തടസ്സങ്ങളെയും അതിജീവിക്കുന്നുവെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ഈ ധീരരായ സാക്ഷികളെ ലോകത്തിന് ഇനിയും ആവശ്യമുണ്ട്; സഭാ സമൂഹങ്ങൾക്ക് ഇനിയും പുതിയ പ്രേഷിത ദൈവവിളികളും ആവശ്യമുണ്ട്. നമ്മൾ അവരെ നമ്മുടെ ഹൃദയത്തോടു ചേർത്തുവയ്ക്കുകയും നിരന്തരം അവർക്കുവേണ്ടി പിതാവിനോടു പ്രാർഥിക്കുകയും വേണം. ക്രിസ്തുവിനെ അനുഗമിച്ചു എല്ലാം ഉപേക്ഷിച്ച് സുവിശേഷവൽക്കരണത്തിന്റെ പാതയിൽ ഭൂമിയുടെ അതിർത്തികളോളം പോകാൻ തയ്യാറാകുന്ന യുവജനങ്ങളുടെയും മുതിർന്നവരുടെയും ദാനം അവിടന്ന് നമുക്ക് നൽകുമാറാകട്ടെ!

സ്ത്രീകളും പുരുഷന്മാരുമായ പ്രേഷിതരോടുള്ള വലിയ ആദരത്തോടുകൂടെ, സുവിശേഷവൽക്കരണ ദൗത്യത്തിൽ ക്രിസ്തുവിലുള്ള നമ്മുടെ ജീവിതസാക്ഷ്യം, പ്രാർഥന, പ്രേഷിതപ്രവർത്തനത്തിനു വേണ്ടിയുള്ള സംഭാവനകൾ എന്നിവ വഴിയായി അവരോടു ചേരാൻ സഭ മുഴുവനോടും ഞാൻ പ്രത്യേകമായി ആഹ്വാനം ചെയ്യുന്നു. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് പറഞ്ഞതുപോലെ, ''സ്നേഹം സ്നേഹിക്കപ്പെടുന്നില്ല;'' അദ്ദേഹത്തിന്റെ സ്വർഗപ്രവേശനത്തിന്റെ 800-ാം ആണ്ട് ആചരിക്കുന്ന ഈ വേളയിൽ നാം അദ്ദേഹത്തിലേക്കു പ്രത്യേകമായി നോക്കുന്നു. കർത്താവിനോടുള്ള സ്നേഹത്തിൽ ജീവിക്കാനും ആ സ്നേഹം സമീപത്തും വിദൂരത്തും ഉള്ളവരിലേക്കു പകരാനുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹം നമുക്ക് പ്രചോദനമാകട്ടെ. എന്തെന്നാൽ അദ്ദേഹം പറഞ്ഞു, ''ഈ സ്നേഹം കൊണ്ട് ഇത്രയേറെ നമ്മെ സ്നേഹിച്ച അവിടത്തെ അത്രയേറെ നാം സ്നേഹിക്കണം!'' (ബാഞ്ഞോറെജ്ജിയോയിലെ വിശുദ്ധ ബോണവെഞ്ചർ, വിശുദ്ധ ഫ്രാൻസിസിന്റെ ജീവചരിത്രം, അദ്ധ്യായം IX, 1; Fonti Francescane,1161). തന്റെ മരണശേഷവും തന്റെ പ്രേഷിത ദൗത്യം തുടരുമെന്നു പ്രഖ്യാപിച്ച വിശുദ്ധ കൊച്ചുത്രേസ്യയിൽനിന്നും നമുക്ക് പ്രചോദനം ഉൾക്കൊള്ളാം. ''ഇപ്പോൾ ഞാൻ ഭൂമിയിൽ ചെയ്യുന്നതുതന്നെ സ്വർഗത്തിൽ ആയിരിക്കുമ്പോഴും ചെയ്യാൻ ആഗ്രഹിക്കുന്നു: യേശുവിനെ സ്നേഹിക്കാനും, യേശു സ്നേഹിക്കപ്പെടാൻ പ്രവർത്തിക്കാനും'' എന്ന് അവൾ പറഞ്ഞു (അബ്ബേ ബലിയേറിനുള്ള കത്ത് 220, ഫെബ്രുവരി 24, 1897).

ഈ സാക്ഷികളാൽ പ്രചോദിതരായി, നമുക്ക് ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന ദൈവവിളിയും ദാനങ്ങളും അനുസരിച്ച്, സുവിശേഷവൽക്കരണത്തിന്റെ മഹാദൗത്യത്തിന് നമ്മുടെ സംഭാവന നൽകാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. നിങ്ങളുടെ പ്രാർഥനയും പ്രായോഗിക പിന്തുണയും, പ്രത്യേകിച്ച് ആഗോള പ്രേഷിതദിനത്തിൽ, ദൈവത്തിന്റെ സ്നേഹത്തിന്റെ സുവിശേഷം എല്ലാവരിലേക്കും, ഏറെ പ്രത്യേകിച്ച് ദരിദ്രരിലേക്കും ആവശ്യങ്ങളിൽ ഇരിക്കുന്നവരിലേക്കും, എത്തിക്കുന്നതിൽ വലിയ സഹായമായിരിക്കും. ഓരോ ദാനവും, അതെത്ര ചെറുതായാലും, പ്രേഷിത കൂട്ടായ്മയുടെ അർഥവത്തായ പ്രവൃത്തി ആയിരിക്കും. ''ലോകമെമ്പാടുമുള്ള പ്രേഷിതരെ ഞാൻ സഹായിക്കാനായി നിങ്ങളെന്നെ സഹായിക്കുന്നതിന്'' (Video Message for World Mission Day 2025, 19 October 2025) ഞാൻ ഹൃദയപൂർവം വീണ്ടും നന്ദിപറയുന്നു. ആത്മീയമായ ഐക്യം വളർത്തുന്നതിന് ഈ ചെറിയ പ്രാർഥനയോടെ ഞാൻ നിങ്ങൾക്ക് എന്റെ ആശീർവാദം നൽകുന്നു:

പരിശുദ്ധനായ പിതാവേ, ക്രിസ്തുവിൽ ഞങ്ങളെ ഒന്നാക്കി തീർക്കണമേ. അവിടത്തെ സ്നേഹമാണല്ലോ ഞങ്ങളെ ഐക്യത്തിൽ നിലനിർത്തുന്നതും നവീകരിക്കുന്നതും. പരിശുദ്ധാത്മാവിനോടു വിധേയപ്പെട്ടുകൊണ്ട്, സഭാംഗങ്ങൾ എല്ലാവരും പ്രേഷിത ദൗത്യത്തിൽ ഒന്നായിത്തീരട്ടെ. അങ്ങനെ അവർ ധൈര്യപൂർവ്വം സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നവരും എല്ലാ സൃഷ്ടികളോടുമുള്ള അങ്ങയുടെ വിശ്വസ്ത സ്നേഹം പ്രഘോഷിക്കുന്നവരും ദൈനംദിനം അത് പ്രകാശിപ്പിക്കുന്നവരും ആയിത്തീരട്ടെ.

പ്രേഷിതരായ എല്ലാ സ്ത്രീപുരുഷന്മാരെയും അനുഗ്രഹിക്കണമേ; അവരുടെ ഉദ്യമങ്ങളിൽ അവരെ പിന്തുണയ്ക്കണമേ; അവരെ പ്രത്യാശയിൽ കാത്തുസൂക്ഷിക്കണമേ.

പ്രേഷിത പ്രവർത്തനത്തിന്റെ രാജ്ഞിയായ മറിയമേ, ലോകത്തിന്റെ എല്ലാ കോണുകളിലുമായി ഞങ്ങൾ ചെയ്യുന്ന സുവിശേഷവൽക്കരണ പ്രവർത്തനത്തെ അനുഗമനം ചെയ്യേണമേ. ഞങ്ങളെ സമാധാനത്തിന്റെ ഉപകരണങ്ങളാകണമേ; അങ്ങനെ ലോകം മുഴുവൻ ക്രിസ്തുവിൽ രക്ഷയുടെ വെളിച്ചം തിരിച്ചറിയാൻ ഇടവരട്ടെ ആമേൻ.

2026 ജനുവരി 25-ാം തീയതി, ആണ്ടുവട്ടത്തിലെ മൂന്നാം ഞായറാഴ്ച, വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാന സാന്തരതിരുനാളിൽ, വത്തിക്കാനിൽനിന്നു നൽകപ്പെട്ടത്.

ലിയോ പതിനാലാമൻ പാപ്പാ

വിവർത്തനം: റവ. ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

പി.ഒ.സി., കൊച്ചി - 682 025

സർക്കുലർ

മേജർ ആർച്ച്ബിഷപ്പ്
മാർ റാഫേൽ തട്ടിൽ

Prot. No. 0620/2026

ഒക്ടോബർ മിഷൻ മാസാചരണം

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ആഗോള കത്തോലിക്കാസഭയിൽ മിഷൻ ഞായർ ആചരിക്കുന്നതിനു തുടക്കം കുറിച്ചത് പതിനൊന്നാം പീയൂസ് മാർപാപ്പായാണ്. സഭയുടെ പ്രേക്ഷിതദൗത്യത്തെക്കുറിച്ചുള്ള അവബോധം വിശ്വാസികളിൽ വളർത്തുകയും മിഷൻപ്രവർത്തനങ്ങൾക്കായി പ്രാർത്ഥനയും സാമ്പത്തികസഹായവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, 1926ൽ ഒക്ടോബറിലെ അവസാന ഞായറാഴ്ചയ്ക്കുമുമ്പുള്ള ഞായറാഴ്ച മിഷൻ ഞായറായി ആചരിക്കാൻ മാർപാപ്പാ നിർദ്ദേശിച്ചു. 1926ൽ പ്രസിദ്ധീകരിച്ച Rerum Ecclesiae എന്ന ചാക്രികലേഖനത്തിലൂടെ മിഷൻപ്രവർത്തനങ്ങളുടെ വളർച്ചയ്ക്കും സഭയുടെ വ്യാപനത്തിനും അദ്ദേഹം പ്രത്യേക പ്രാധാന്യംനല്കി. അതുമുതൽ ആദ്യമായി ആചരിക്കപ്പെട്ട മിഷൻ ഞായർ, സഭയുടെ സർവലൗകിക പ്രേക്ഷിതദൗത്യത്തിൽ എല്ലാ വിശ്വാസികളും പങ്കാളികളാണെന്ന് ഓർമ്മിപ്പിക്കുന്ന വാർഷികാചരണമായി വളർന്നു.

സാർവ്വത്രിക സഭയോടൊപ്പം ഒക്ടോബർ മാസത്തിൽ മിഷൻ ഞായർ ആചരിക്കുന്നതിനു പുറമെ, 2016 മുതൽ ജനുവരി മാസത്തിൽ ദനഹാത്തിരുനാൾ മുതൽ പന്ത്രണ്ടാം തീയതി വരെ മിഷൻ

ആഭിമുഖ്യം വളർത്തിയെടുക്കുന്നതിനുവേണ്ടി നമ്മുടെ സഭയിൽ മിഷൻവാരമായി ആചരിച്ചുവരികയായിരുന്നു. വിവിധ കാരണങ്ങളാൽ ഈ ആചരണം ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കാതിരുന്നതി നാൽ, 2024ൽ പാലായിൽനടന്ന മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശപ്രകാരം, ജനുവരിയിലെ മിഷൻ വാരാചരണത്തിനു പകരം ഒക്ടോബർ മാസംമുഴുവനും മിഷൻ മാസമായി ആചരിക്കാൻ സീറോമലബാർസഭയുടെ മെത്രാൻ സിനഡ് തീരുമാനിച്ചിരിക്കുകയാണ്. അതനുസരിച്ച്, 2026 മുതൽ ഒക്ടോബർ മിഷൻ മാസമായി സീറോമലബാർ സഭയിൽ ഇതിനാൽ സ്ഥാപിക്കുകയാണ്. മിഷൻ മാസാചരണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ഏകോപിപ്പിക്കുന്നത് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസായിരിക്കും.

സഭ സ്വഭാവത്താൽത്തന്നെ പ്രേക്ഷിതയാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. സുവിശേഷപ്ര ഘോഷണം സഭയുടെ പ്രധാന ദൗത്യം മാത്രമല്ല, അവളുടെ സ്വത്വംതന്നെയാണ്; സഭ നിലനിൽക്കുന്നതുതന്നെ സുവിശേഷവത്കരണത്തിനുവേണ്ടിയാണ് (Evangelii Nuntiandi, 14, 16). അതിനാൽ, മാമ്മോദീസ സ്വീകരിച്ച ഓരോ വിശ്വാസിയും സഭയുടെ പ്രേക്ഷിതദൗത്യത്തിൽ പങ്കാളിയാകാൻ വിളിക്കപ്പെട്ടി രിക്കുന്നു. സുവിശേഷത്തിനുവേണ്ടി ജീവിതം സമർപ്പിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷചെയ്യുന്ന മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായപ്രേഷിതർ എന്നിവരെയും അവരുടെ സേവനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. മിഷൻ പ്ര വർത്തനങ്ങൾക്ക് അനുകൂലമല്ലാത്ത സാഹചര്യങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിലും കർത്താവായ ഈശോമിശിഹാ നമ്മെ ഭരമേല്പിച്ച പ്രേക്ഷിതദൗത്യത്തിൽ നാം കുറവുവരുത്തരുത്.

ആദ്യകാലങ്ങളിൽ മറ്റുസഭകളിൽനിന്നുള്ള മിഷനറിമാർ നമ്മെ വിശ്വാസത്തിൽ വളർത്തുന്നതിനായി സഹായിച്ചതു നന്ദിയോടെ ഓർക്കുന്നു. സാവകാശം, നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിത ദൈവവിളികൾ ഉണ്ടാവുകയും നമ്മുടെ വൈദികരും സമർപ്പിതരും ഭാരതത്തിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും സുവിശേഷപ്രഘോഷണത്തിനും സാമൂഹ്യസേവനങ്ങൾക്കുമായി മിഷൻചൈതന്യത്തോടെ പുറപ്പെടുകയുംചെയ്തു എന്നത് ദൈവത്തിനു നന്ദിപറയേണ്ട വസ്തുതയാണ്. അതുപോലെ, ഭാരതത്തിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലുമുള്ള മറ്റു സഭകളിലെ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലും ചേർന്നു കർത്താവിന്റെ സുവിശേഷം പ്രഘോഷിക്കുന്ന സീറോമല

ബാർസഭയുടെ മക്കളായ മെത്രാന്മാരും വൈദികരും സമർപ്പിതരും നമ്മുടെ സഭയുടെ അഭിമാനമാണ്. അതുപോലെ, സുവിശേഷപ്രഘോഷണത്തിലേർപ്പെട്ടിരിക്കുന്ന അല്മായപ്രസ്ഥാനങ്ങളിലും സീറോമലബാർ സഭാഗങ്ങൾ സജീവസാന്നിധ്യമാണ് എന്നതും എടുത്തു പറയേണ്ടതാണ്. ഈ മിഷൻപ്രവർത്തനം നമ്മുടെ കടമയാണ്, ഔദാര്യമല്ല എന്നത് അനുസ്മരിക്കാം.

നമ്മൾ ആരംഭിക്കുന്ന മിഷൻ മാസാചരണം സുവിശേഷപ്രഘോഷണത്തിന്റെയും പ്രേക്ഷിത പ്രവർത്തനങ്ങളുടെയും വിവിധതലങ്ങളെ അറിയുന്നതിനും മനസിലാക്കുന്നതിനും പിന്തുണയ്ക്കുന്നതിനും രൂപതകളെയും ഇടവകകളെയും കുടുംബങ്ങളെയും വ്യക്തികളെയും പ്രചോദിപ്പിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മാസത്തിലെ നാല് ആഴ്ചകളിൽ നാലു തലങ്ങളിലുള്ള മിഷൻപ്രവർത്തനങ്ങളെ അവതരിപ്പിക്കുന്നു.

ഒക്ടോബർ മാസത്തിലെ ആദ്യ ആഴ്ചയിൽ ആഗോളമിഷൻപ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നതിനും അവയെ പരിചയപ്പെടുത്തുന്നതിനും പരിശ്രമിക്കുമ്പോൾ രണ്ടാമത്തെ ആഴ്ചയിൽ സീറോമലബാർസഭയുടെ മിഷൻപ്രവർത്തനങ്ങളെ പഠിക്കുന്നതിനും അവയിൽ പങ്കാളികളാകാനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിനും പ്രാധാന്യംനൽകണം. മൂന്നാമത്തെ ആഴ്ചയിൽ അതാതു രൂപതകൾ ഏറ്റെടുത്തിരിക്കുന്ന മിഷൻപ്രവർത്തനങ്ങളെ പരിചയപ്പെടുകയും അവയിൽ സഹകരിക്കുകയും വേണം. നാലാമത്തെ ആഴ്ചയിൽ ഓരോ ഇടവകയുടെയും വിശ്വാസിയുടെയും പ്രേക്ഷിതദൗത്യം തിരിച്ചറിയുന്നതിനും വിവിധ മിഷൻ പ്രവർത്തനങ്ങളെ ഇടവകതലത്തിൽ ഏകോപിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

അതോടൊപ്പം, മിഷൻ മാസംമുഴുവനും ഇടവകകളിലും കുടുംബയൂണിറ്റുകളിലും കുടുംബങ്ങളിലും മിഷനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. ജപമാലയിലും വിശുദ്ധ കുർബാനയിലെ പ്രാർത്ഥനകളിലും ലോകമെങ്ങും സേവനംചെയ്യുന്ന മിഷനറിമാരെയും വിശ്വാസത്തെപ്രതി പീഡനവും മരണവും ഏറ്റുവാങ്ങുന്നവരെയും പ്രത്യേകം അനുസ്മരിക്കണം. ഞായറാഴ്ചകളിലെ വചനപ്രഘോഷണം, വിശ്വാസപരിശീലന ക്ലാസുകൾ, മിഷൻ അനുഭവങ്ങളുടെ പങ്കുവയ്ക്കൽ, 'മിഷൻ കാസ്റ്റ്' ക്വിസ് മത്സരം, മിഷൻ സ്കിറ്റുകൾ, ഹ്രസ്വചിത്രങ്ങൾ എന്നിവ കുട്ടികളിലും യുവജനങ്ങളിലും മുതിർന്നവരിലും മിഷൻചൈതന്യം വളർത്താൻ ഉതകുന്നരീതിയിൽ ക്രമീകരിക്കണം. പ്രത്യേകിച്ചു നവസുവിശേഷവത്കരണ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന

അല്മായരെ രൂപതാതലത്തിൽ കണ്ടെത്തി ഏകോപിപ്പിക്കുകയും മിഷൻ പ്രവർത്തകരെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നത് വളരെ മാതൃകാപരമാണ്.

നമ്മുടെ സഭയിൽ 'ജീവൻ ജ്യോതി' എന്ന പേരിൽ ഒരു ഔദ്യോഗിക അല്മായപ്രേഷിത മുന്നേറ്റം ആരംഭിച്ചകാര്യം നേരത്തെ എഴുതിയിരുന്നല്ലോ. ജീവൻ ജ്യോതിയെ നമ്മുടെ എല്ലാ രൂപതകളിലും സാഹചര്യമനുസരിച്ചു ഇടവകകളിലും പ്രവർത്തനക്ഷമമാക്കണം. മിഷൻ മാസത്തിൽ സുവിശേഷപ്രഘോഷണരംഗത്തു പ്രവർത്തിക്കുന്ന അല്മായപ്രേഷിതരെ ഒരുമിച്ചുകൂട്ടി ജീവൻ ജ്യോതിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നത് ഉചിതമായിരിക്കും. ജീവൻ ജ്യോതി ശക്തിപ്പെടുത്തുന്നതുവഴി സഭയിൽ പുതിയൊരു മിഷനറി ദിശാബോധം വളരാനും വളർത്താനും ഇടയാക്കുമെന്നു പ്രത്യാശിക്കുന്നു.


മിഷൻ മാസാചരണത്തിന്റെ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽനിന്ന് ഈ മാസാചരണത്തെക്കുറിച്ചുള്ള കൂടുതൽ പ്രായോഗിക കർമ്മപദ്ധതികളും നിർദേശങ്ങളും ലഭിക്കുന്നതായിരിക്കും. അവയനുസരിച്ചു നമ്മുടെ മിഷൻ മാസാചരണം എല്ലാവരുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി ഊർജ്ജസ്വലവും ഫലപ്രദവുമാക്കിത്തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രിയ മക്കളേ, സഭയുടെ ആത്മാവാണ് സുവിശേഷപ്രഘോഷണവും പ്രേക്ഷിതപ്രവർത്തനങ്ങളും. ഈശോയുടെ സുവിശേഷം ലോകത്തിന്റെ അതിർത്തികളോളം എത്തിക്കേണ്ടത് നമ്മുടെ കടമയാണ്. ഇടവകകളും രൂപതകളും സെമിനാരികളും സമർപ്പിതസമൂഹങ്ങളും മാത്രമല്ല, മാമോദീസ സ്വീകരിച്ച ഓരോ വിശ്വാസിയും തങ്ങളുടെ മിഷനറി സ്വഭാവം തിരിച്ചറിയണം. ഭാരതത്തിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും നമ്മുടെ സഭ നിർവഹിക്കുന്ന മിഷൻപ്രവർത്തനങ്ങളെ കൂടുതൽ അറിയാനും അവയ്ക്കുവേണ്ടി പ്രാർത്ഥിക്കാനും അവയിൽ പങ്കുചേരാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ സമയവും കഴിവുകളും സമ്പത്തും ഉദാരമായി പങ്കുവയ്ക്കുമ്പോൾ സഭയുടെ സുവിശേഷദൗത്യം കൂടുതൽ ശക്തവും സജീവവുമാകും. അങ്ങനെ ഈശോമിശിഹായിൽനിന്നു നമുക്കു ലഭിച്ച സ്നേഹവും അനുഗ്രഹങ്ങളും മറ്റുള്ളവരുടെ ജീവിതത്തിൽ പ്രകാശമായി മാറുകയുംചെയ്യും. കർത്താവിന്റെ രക്ഷാകരസംഭവത്തിന്റെ 2033ലെ മഹാജൂബിലിക്കായി ഒരുങ്ങുന്ന നമ്മുടെ സഭയിൽ മിഷൻ

മാസാചരണം പുതിയൊരു പ്രേക്ഷിത ഉണർവിനു വഴിതെളിക്കട്ടെ!

ആദ്യമിഷനറിയായ പരിശുദ്ധ അമ്മയും രക്തസാക്ഷികളും മിഷനറിമാരുമായ അപ്പസ്തോലന്മാരും സകല വിശുദ്ധരും ഈ മിഷനറിയാത്രയിൽ നമുക്കു മാർഗ്ഗദീപമാകട്ടെ! പ്രാർത്ഥനയോടെ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2026-ാം ആണ്ട് സെപ്റ്റംബർ മാസം 10-ാം തീയതി നല്കപ്പെട്ടത്.



+ റാഫേൽ തട്ടിൽ

സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്

ഈ സർക്കുലർ 2026 സെപ്റ്റംബർ 20-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

ഇടയലേഖനം

മാർ ആൻഡ്രൂസ് താഴത്ത്

2076/ 2026
18.09.2026 PL - 2

"ക്രിസ്തുവിൽ ഒന്നായി, പ്രേഷിതദൗത്യത്തിൽ ഒരുമിച്ച്"

മിശിഹായിൽ പ്രിയവൈദികരേ, സമർപ്പിതരേ, അത്മായ സഹോദരീസഹോദരന്മാരേ, കുഞ്ഞുമക്കളേ,

നമ്മുടെ പിതാവായ ദൈവത്തിൽ നിന്നും കർത്താവായ ഈശോമിശിഹായിൽ നിന്നും കൃപയും കരുണയും സമാധാനവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

ജപമാല-പ്രേഷിത മാസമായ ഒക്ടോബറിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ച വി. ഫ്രാൻസിസ് അസ്സീസി വർഷത്തിന്റെയും സീറോമലബാർ സഭ ആചരിക്കുന്ന സമുദായ ശക്തീകരണവർഷത്തിന്റെയും അവസാന മാസങ്ങളിലേക്ക് നാം അടുക്കുകയുമാണ്. മിശിഹായെ കണ്ടുമുട്ടാനും അവിടുത്തെ ഉൾക്കൊള്ളാനും പരസ്പരം കൂട്ടായ്മയിൽ ജീവിക്കാനും പ്രേഷിതരായി നമ്മുടെ കുടുംബങ്ങളിലേക്കും ഇടവകകളിലേക്കും കൂട്ടായ്മകളിലേക്കും ലോകത്തിലേക്കും സുവിശേഷത്തിന്റെ വെളിച്ചം കൊണ്ടുവരാനും നമുക്ക് ലഭിച്ചിട്ടുള്ള ഒരേ വിളിയിൽ വളരുന്നതിന് അവയെല്ലാം നമ്മെ സഹായിക്കും.

1. ഒക്ടോബർ- പരിശുദ്ധ ജപമാലമാസം

പരമ്പരാഗതമായി പരിശുദ്ധ ജപമാല പ്രാർത്ഥനയ്ക്കായി പ്രത്യേകം സമർപ്പിക്കപ്പെട്ട മാസമാണ് ഒക്ടോബർ. ജപമാല പ്രാർത്ഥനയ്ക്ക് കത്തോലിക്കാവിശ്വാസികളുടെ ആത്മീയജീവിതത്തിൽ സവിശേഷമായ ഒരു സ്ഥാനമുണ്ട്. കാരണം, അത് മറിയത്തോടൊപ്പം മിശിഹായുടെ രക്ഷാകരരഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനത്തിലേക്ക് നമ്മെ നയിക്കുന്നു. ജപമാല പ്രാർത്ഥനയിലെ ഇരുപത് രഹസ്യങ്ങളുടെ ധ്യാനം നമ്മുടെ ജീവിതത്തെ രക്ഷാകരചരിത്രവുമായി ബന്ധപ്പെടുത്തി പരിചിന്തനം ചെയ്യാൻകൂടി നമ്മെ സഹായിക്കുന്നുണ്ട്.

ജപമാല വെറുമൊരു ആവർത്തന പ്രാർത്ഥനയല്ല. അത് സുവിശേഷസന്ദേശങ്ങളുടെ അക്ഷയഖനിയും പാഠശാലയുമാണ്. മറിയം ഒരിക്കലും നമ്മെ മിശിഹായിൽ നിന്ന് അകറ്റുന്നില്ല. ജപമാലയിൽ നാം അമ്മയോടുചേർന്ന് പ്രാർത്ഥിക്കുമ്പോൾ, അമ്മ എപ്പോഴും നമ്മെ മിശിഹായിലേക്ക് നയിക്കുന്നു. കാനായിലെ കല്ല്യാണവിരുന്നിൽ വേലക്കാരോട് പറഞ്ഞ വചനങ്ങൾ തന്നെയാണ് - 'അവൻ നിങ്ങളോട് പറയുന്നതുപോലെ ചെയ്യുവിൻ' (യോഹ. 2:5) - അമ്മ നമ്മോടും പറഞ്ഞുകൊണ്ടിരിക്കുന്നത്. സന്ധ്യയ്ക്ക് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന പാരമ്പര്യം നമ്മുടെ കുടുംബങ്ങളിൽ വീണ്ടും സജീവമാകട്ടെ. 'ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു രക്ഷിക്കപ്പെടും' എന്ന സത്യം നമുക്ക് അനുഭവമാകട്ടെ. പരിശുദ്ധ അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമായ നമ്മുടെ അതിരൂപതയിലെ വൈദികരെ അജപാലന തീക്ഷ്ണതയിലും, സന്യസ്തരെ സമർപ്പണചൈതന്യത്തിലും, മാതാപിതാക്കളെ തിരുക്കുടുംബ ആധ്യാത്മികതയിലും, കുട്ടികളെ വിശുദ്ധിയിലും നിഷ്കളങ്കതയിലും, യുവാക്കളെ വിശ്വാസത്തിലും വിജ്ഞാനത്തിലും, വയോജനങ്ങളെ സമാധാനത്തിലും സന്തോഷത്തിലും പരിപാലിക്കാൻ ഈ ജപമാലമാസത്തിൽ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

2. ഒക്ടോബർ-പ്രേഷിതമാസം

സാർവത്രിക സഭയിലുടനീളം ഒക്ടോബർ മാസം പ്രേഷിത മാസമായി ആചരിക്കപ്പെടുന്നു. സീറോമലബാർ സഭയിൽ വർദ്ധിച്ച ഔത്സുക്യത്തോടെ മിഷൻ മാസം ആചരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പ് ഇടയലേഖനത്തിലൂടെ നൽകിയത് നാം ഓർക്കുന്നുണ്ടല്ലോ. 2026 ഒക്ടോബർ 18-ന് നാം ആഘോഷിക്കുന്നത് 100-ാമത് ലോക മിഷൻ ഞായറാണ്. പതിനൊന്നാം പിയൂസ് മാർപാപ്പയാണ് 1926-ൽ ആഗോള മിഷൻ ഞായറാചരണം ആരംഭിച്ചത്. ഈ വർഷത്തെ ലോകമിഷൻ ഞായറിന്റെ പ്രമേയമായി ലെയോ പതിനാലാമൻ മാർപാപ്പ നൽകിയിരിക്കുന്നത്'ക്രിസ്തുവിൽ ഒന്നായി, പ്രേഷിതദൗത്യത്തിൽ ഒരുമിച്ച്' (One in Christ, United in Mission) എന്നതാണ്. ക്രിസ്തുവിനോട് ഐക്യപ്പെട്ട് സഭ മുഴുവനും ഒന്നായി പ്രേഷിതരംഗത്തേക്ക് ഇറങ്ങിത്തിരിക്കാനാണ് മാർപാപ്പ നമ്മോടു ആവശ്യപ്പെടുന്നത്. ഈശോ നമുക്ക് നൽകിയിരിക്കുന്ന കല്പന ഇതാണ്: 'നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ. 16:15). മാമോദീസ സ്വീകരിച്ച ഓരോ ക്രൈസ്തവനും പ്രേഷിത ശിഷ്യനാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ കുടുംബവും ഓരോ ഇടവകയും മിഷനറി ചൈതന്യത്താൽ നിറയണം. വചനപ്രഘോഷണം, പ്രാർത്ഥന, ജീവിതസാക്ഷ്യം, ഉപ

വിപ്രവർത്തനങ്ങൾ തുടങ്ങി വിവിധ രീതികളിലൂടെ നമുക്ക് സുവിശേഷവത്കരണ പ്രക്രിയയിൽ പങ്കുചേരാനാകും. മുഴുവൻ സമയ പ്രേഷിതദൈവവിളികൾ പ്രോത്സാഹിപ്പിക്കാനും ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു.

3. മാധ്യമ പ്രേഷിതത്വം (Media Apostolate)

ഡിജിറ്റൽ യുഗത്തിലാണ് ഇന്ന് കാലചക്രം എത്തിനിൽക്കുന്നത്. നമ്മുടെ കുട്ടികളും യുവാക്കളും ഡിജിറ്റൽ ഇടങ്ങളിൽ കൂടുതലായി ജീവിക്കുകയും ആശയവിനിമയം നടത്തുകയും പഠിക്കുകയും അഭിപ്രായരൂപീകരണം നടത്തുകയും ചെയ്യുന്നു. അതിനാൽ, സഭയ്ക്ക് ഈ പുതിയ മാധ്യമപ്രേഷിതമേഖലയിൽ സജീവ സാന്നിധ്യമാകാതിരിക്കാൻ തരമില്ല. ഉത്തരവാദിത്വത്തോടെ ഡിജിറ്റൽ മാധ്യമ പ്രേഷിതമേഖലയിലേക്ക് വൈദികരും സമർപ്പിതരും വിശ്വാസപരിശീലകരും യുവാക്കളും പ്രൊഫഷണലുകളും കടന്നുവരണം എന്നാണ് എന്റെ തീവ്രമായ ആഗ്രഹം. Digital AI സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് സഭാപരിപാടികൾ പ്രചരിപ്പിക്കുന്നതിനു മാത്രമല്ല, ക്രിസ്തുവിനെ പ്രഘോഷിക്കാനും, വിശ്വാസം വിശദീകരിക്കാനും, ജനത്തെ അനുധാവനം ചെയ്ത് അവരുടെ ചോദ്യങ്ങൾക്ക് യഥാർത്ഥ മറുപടി നൽകാനും, സഭാത്മകജീവിതത്തിലേക്ക് ആളുകളെ പ്രചോദിപ്പിക്കാനും കഴിയുന്ന ധാരാളം ഡിജിറ്റൽ മിഷിനറിമാർ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതേസമയം, ലെയോ പതിനാലാമൻ മാർപാപ്പ ആഹ്വാനം ചെയ്യുന്നതു പോലെ (Magnifica Humanitas ചാക്രികലേഖനം) സാങ്കേതികവിദ്യ എപ്പോഴും സത്യത്തിന്റെയും മാനവ അന്തസ്സിന്റെയും കൂട്ടായ്മയുടെയും സുവിശേഷത്തിന്റെയും ശുശ്രൂഷകനായി നിലകൊള്ളണമെന്നത് നാം ഓർക്കണം.

4. എവുപ്രാസ്യാ മിഷൻ

നമ്മുടെ അതിരൂപത പ്രത്യേകം ഏറ്റെടുത്തിരിക്കുന്ന പ്രേഷിതപ്രവർത്തന പ്രദേശമായ വിശാഖപട്ടണത്തിനടുത്തുള്ള വിശുദ്ധ എവുപ്രാസ്യാ മിഷനെക്കുറിച്ച് പരാമർശിക്കാൻകൂടി ഈയവസരം ഞാൻ വിനിയോഗിക്കട്ടെ. പ്രാർത്ഥനകൊണ്ടും മിഷൻദൈവവിളി പ്രോത്സാഹനംകൊണ്ടും സാമ്പത്തിക സഹായംകൊണ്ടും പാവപ്പെട്ടവരെ സഹായിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടും മറ്റും എവുപ്രാസ്യാമിഷനിലെ പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്താൻ നിങ്ങളേവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. ഓരോ ഇടവകയും സാധ്യമായ ഒരു പ്രായോഗിക മിഷൻ പ്രോജക്റ്റ് വിഭാവനം ചെയ്ത് നടപ്പിലാക്കാൻ മുന്നോട്ടുവരണം.

5. 'ജീവൻജ്യോതി'

സഭയുടെ പ്രേഷിതദൗത്യത്തിന് പുതിയ ഉണർവ്വ് നൽകാനായി സീറോമലബാർ സഭയുടെ 2024-ലെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശപ്രകാരം ആരംഭിച്ച അൽമായ മുന്നേറ്റമാണ് 'ജീവൻജ്യോതി'. അൽമായപ്രേഷിത മുന്നേറ്റത്തിലൂടെ പ്രേഷിതപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും 'ജീവൻജ്യോതി'യൂണിറ്റ് സാധിക്കുന്നതും ഈ ഒക്ടോബർ മാസത്തിൽതന്നെ ആരംഭിക്കുന്നത് നമ്മുടെ പ്രേഷിതചൈതന്യത്തിന് ഉത്തമസാക്ഷ്യമാകും.

6. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് - മാതൃകാമിഷനറി

ലെയോ പതിനാലാമൻ മാർപാപ്പയുടെ ആഹ്വാനമനുസരിച്ച് വിശുദ്ധ ഫ്രാൻസിസ് അസ്സീസിവർഷം വിവിധ പരിപാടികളോടെ നാം ആഘോഷിക്കുന്നത് വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതം മാതൃകയാക്കി നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്താനാണ്. സുവിശേഷാത്മകദാരിദ്ര്യം ആശ്ലേഷിച്ച ലാളിത്യത്തിന്റെയും എളിമയുടെയും ദീനാനുകമ്പയുടെയും സൃഷ്ടി സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ദൈവിക സന്തോഷത്തിന്റെയും നേർസാക്ഷ്യമായിരുന്ന വിശുദ്ധ ഫ്രാൻസിസ് യഥാർത്ഥ പ്രേഷിതജീവിതത്തിന്റെ ഉദാത്തമാതൃകയാണ്. ക്രിസ്തുവിന്റെ സുവിശേഷം തന്റെ ജീവിതമായി മാറാൻ വിശുദ്ധനെപ്പോലെ സ്വയം അനുവദിക്കാൻ നമുക്കും കഴിയണം.

7. സമുദായ ശക്തീകരണവർഷം

സീറോമലബാർ സമുദായം പലതരത്തിൽ പിന്നോക്കം പോയിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് മെത്രാന്മാരുടെ സിനഡ് 2026 സമുദായ ശക്തീകരണ വർഷമായി പ്രഖ്യാപിച്ചത്. ഇന്ന് നാം പല തരത്തിലുള്ള വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. വിഭജിച്ചു നശിപ്പിക്കുക എന്നത് സഭാശത്രുക്കളുടെ മാർഗമായതിനാൽ സഭാകൂട്ടായ്മ ശക്തിപ്പെടുത്തി നാമതിനെ പ്രതിരോധിക്കണം. സമുദായബോധം ആഴപ്പെടുത്തി മാർത്തോമ്മാ പൈതൃകത്തിലൂന്നി അപ്പോസ്തോലൻമാരുടെ പ്രബോധനത്തിലും കൂട്ടായ്മയിലും കൂദാശാജീവിതത്തിലും പ്രാർത്ഥനയിലും പങ്കുവയ്ക്കലിലും പരസ്നേഹത്തിലും (അപ്പ.2:42,46;4:32-34) നാൾതോറും അഭിവൃദ്ധിപ്പെട്ട് കാലഘട്ടത്തിനനുസൃതം ശക്തീകരിക്കപ്പെടുക്കുന്നതിന് നൽകപ്പെട്ട ഈ വർഷത്തിന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ നാം അതീവ ശ്രദ്ധാലുക്കളാകണം. സുവിശേഷവത്കരണം ത്വരിതപ്പെടുത്തുക, കുടുംബങ്ങളെ ശക്തിപ്പെടുത്തുക, യുവാക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിനും

തൊഴിലിനും വേണ്ട അവസരങ്ങൾ സൃഷ്ടിക്കുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ പിന്തുണയ്ക്കുക തുടങ്ങിയ സമുദായശക്തീകരണവർഷത്തിന്റെ പ്രധാന പ്രവർത്തനങ്ങളിൽ നാം എത്രമാത്രം വിജയിച്ചെന്ന് യാഥാർത്ഥ്യ ബോധത്തോടെ വിലയിരുത്തപ്പെടണം. ക്രിസ്തുവിലുള്ള ദൃഢവിശ്വാസമാകുന്ന അടിത്തറമേൽ പണിയപ്പെട്ട കുടുംബങ്ങളാണ് സമുദായശക്തിയുടെ ഊടും പാവുമെന്നതിനാൽ കുടുംബക്കൂട്ടായ്മകൾ കുടുംബങ്ങളെ ശക്തിപ്പെടുത്തുന്ന ഇടങ്ങളായി വർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നമുക്ക് സാധിക്കണം.

8. വയോജനപരിപാലനം

അതിരൂപത പാസ്റ്ററൽകൗൺസിൽ നിർദ്ദേശിച്ചതനുസരിച്ച് വയോജനപരിപാലനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കുടുംബപ്രേഷിതകേന്ദ്രത്തിൽ ആരംഭിക്കുന്ന പ്രത്യേക വിഭാഗം സമുദായശക്തീകരണവർഷത്തിന്റെ നിത്യസ്മാരകമാകുമെന്നാണ് എന്റെ പ്രത്യാശ. പ്രായമായവർക്കുവേണ്ടി ഇതിനോടകം അതിരൂപതയിൽ സ്ഥാപിതമായിട്ടുള്ള 'ക്രിസ്ഗോൾഡ്' എന്ന സംഘടനയുടെ പ്രവർത്തനങ്ങളും ഇതേ ദിശയിലുള്ളതാണെന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇടവകകളും സംഘടനകളും സമർപ്പിതസമൂഹങ്ങളും സമുദായ ശക്തീകരണവർഷത്തോടനുബന്ധിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ വിലയിരുത്തൽസഹിതം അതിരൂപത കാര്യാലയത്തിൽ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സമുദായത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ അവ വളരെ പ്രയോജനം ചെയ്യും.

9. PACT

സമുദായ ശക്തീകരണവർഷാചരണത്തിന്റെ സദ്ഫലങ്ങൾ നിലനിൽക്കണമെങ്കിൽ സൂക്ഷ്മമായി ആസൂത്രണം ചെയ്യപ്പെട്ട അജപാലനപദ്ധതികൾ ഓരോ ഇടവകയ്ക്കും അനിവാര്യമാണ്. സുചിന്തിതമായ അജപാലന കാഴ്ചപ്പാടുകളും പ്രായോഗികമായ പദ്ധതികളും തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഇടവകകൾക്ക് മാർഗനിർദ്ദേശങ്ങൾ നൽകാൻ അതിരൂപത Pastoral Animation and Coordination Team (PACT) തയ്യാറാണ്. അവരുടെ സഹായം സ്വീകരിച്ച് അജപാലനശുശ്രൂഷ കൂടുതൽ കാര്യക്ഷമമാക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

10. പൊതു ആഘോഷങ്ങളിലെ പങ്കാളിത്തം

സമുദായത്തിന്റെ കെട്ടുറപ്പ് പ്രകാശിതമാക്കുന്നതിൽ ആഘോഷങ്ങൾക്കും വലിയ സ്ഥാനമാണുള്ളത്. 2026 ഡിസംബർ 13-ന് നിശ്ചയിച്ചിട്ടുള്ള കുടുംബക്കൂട്ടായ്മ ദിനാഘോഷം, യുവജന

ദിനാഘോഷം, ഡിസംബർ 19-ലെ വിശുദ്ധ ഫ്രാൻസിസ് വർഷസമാപനാഘോഷം, സമുദായ ശക്തീകരണവർഷ സമാപന പരിപാടികൾ, ഡിസംബർ 27-ന് നടക്കുന്ന ബോൺ നത്താലെ ആഘോഷം തുടങ്ങിയവയിലുള്ള നമ്മുടെ പങ്കാളിത്തം സമുദായശക്തീകരണത്തിന്റെ ദൃശ്യസാക്ഷ്യങ്ങളാകുമെന്നത് തീർച്ചയാണ്. മേൽപറഞ്ഞ ആഘോഷങ്ങളെല്ലാം നമ്മുടെ സഭാത്മകസമർപ്പണം നവീകരിക്കുന്നതിനുള്ള അവസരങ്ങളാക്കി മാറ്റാം.

ഉപസംഹാരം

ലോകത്തിന് ഇന്നും ക്രിസ്തുവിനെ ആവശ്യമുണ്ട്. നമ്മിലൂടെ ക്രിസ്തുവിനെ കാണാൻ ലോകത്തിന് കഴിയട്ടെ. പ്രാർത്ഥിക്കുന്ന, ഐക്യമുള്ള, പ്രേഷിതചൈതന്യമുള്ള, കരുണയുള്ള, കുടുംബങ്ങളെ ശക്തിപ്പെടുത്തുന്ന, കുട്ടികളെ സംരക്ഷിക്കുന്ന, യുവാക്കളെ അനുധാവനം ചെയ്യുന്ന, വയോജനങ്ങളെ ബഹുമാനിക്കുന്ന, പാവങ്ങളെ ശുശ്രൂഷിക്കുന്ന, ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്ന, സുവിശേഷ സംവേദനത്തിനായി മാധ്യമങ്ങൾ ഉപയോഗിക്കുന്ന ഒരു സമൂഹമായി നമുക്ക് യാത്ര തുടരാം. ലെയോ പതിനാലാമൻ മാർപാപ്പയുടെ ഈ വർഷത്തെ മിഷൻമാസ സന്ദേശത്തിലെ 'ക്രിസ്തുവിൽ ഒന്നായി, പ്രേഷിതദൗത്യത്തിൽ ഒരുമിച്ച്' എന്ന പ്രസ്താവം നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കട്ടെ. വിശുദ്ധ പൗലോസിന്റെ ഉറച്ച ബോധ്യം നമുക്കും ഏറ്റുപറയാം: 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം!' (1 കോറി. 9:16). പരിശുദ്ധാത്മാവ് നമ്മിൽ പ്രേഷിതസ്നേഹത്തിന്റെ അഗ്നിജ്വലിപ്പിക്കട്ടെ. സഭയുടെ മാതാവും പ്രേഷിതരുടെ രാജ്ഞിയുമായ മറിയം നമ്മോടൊപ്പമുണ്ടാകട്ടെ. നമ്മുടെ വിശ്വാസത്തിന്റെ പിതാവായ വിശുദ്ധ തോമാശ്ലീഹാ തന്റെ അപ്പസ്തോലിക ധൈര്യത്താൽ നമ്മെ ശക്തിപ്പെടുത്തട്ടെ. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് സുവിശേഷാത്മക ലാളിത്യവും എളിമയും സമാധാനവും സഹോദരഭാവവും നമ്മെ പഠിപ്പിക്കട്ടെ. വിശുദ്ധ എവുപ്രാസ്യായുടെയും എല്ലാ വിശുദ്ധരുടെയും മാധ്യസ്ഥ്യ പ്രാർത്ഥനകളും പുണ്യചരിതരായ മിഷനറിമാരുടെ മാതൃകകളും നമുക്ക് തുണയായിരിക്കട്ടെ.

1977 മാർച്ച് 14-ന് വൈദികനായും 2004 മെയ്1-ന് മെത്രാനായും അഭിഷിക്തനായ എന്റെ പൗരോഹിത്യ സുവർണ ജൂബിലി വർഷത്തിൽ നിങ്ങൾ എനിക്ക് നൽകിക്കൊണ്ടിക്കുന്ന സ്നേഹത്തിനും കരുതലിനും പിന്തുണയ്ക്കും ഞാൻ പ്രത്യേകം നന്ദിയുള്ളവനാണ്. തുടർന്നും എനിക്കായി പ്രാർത്ഥിക്കണേ. ദൈവമഹത്വവും

സഭയുടെ ശക്തീകരണവും നമുക്കെന്നും പ്രധാനപ്പെട്ടതാകട്ടെ. മെത്രാന്മാരുടെ സിനഡും ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫ്രൻസും പ്രബോധിപ്പിച്ചിട്ടുള്ളതുപോലെ ദൈവരാജ്യമെന്ന പൊതുലക്ഷ്യം മുന്നിൽ കണ്ട് നമുക്ക് ദൈവത്തിനും ദൈവജനത്തിനുമിടയിലെ പാലങ്ങളും പാലം പണിയുന്നവരുമായി തുടരാം.

നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടുംകൂടെ ഇപ്പോഴും എപ്പോഴും ഉണ്ടായിരിക്കട്ടെ. ആമേൻ.

മിശിഹായിൽസ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ ഇടയലേഖനം ഒക്ടോബർ 4-ാം തിയ്യതി ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. + AT

സർക്കുലർ

മാർ ആൻഡ്രൂസ് താഴത്ത്

2077 / 2026
18/ 09 / 2026 C - 11

ഭിന്നശേഷിവിഭാഗങ്ങൾക്കായുള്ള അജപാലനശുശ്രൂഷകൾ

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയിലെ ഭിന്നശേഷിക്കാരായ എല്ലാ സഹോദരങ്ങൾക്കുമായി, തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വനത്തിന് കീഴിൽ ആരംഭിച്ചിരിക്കുന്ന ഹോപ്പ് (HOPE : Hands of Positive Empowerment) എന്ന മഹത്തായ സംരംഭത്തെക്കുറിച്ച് നിങ്ങളെ അറിയിക്കാൻ എനിക്ക് ഏറെ സന്തോഷമുണ്ട്. ''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' (റോമാ 5:5) എന്ന ദൈവവചനത്തെ ആപ്തവാക്യമായി ഹൃദയത്തോട് ചേർത്തു പിടിച്ച് അതിരൂപതയിലെ എല്ലാ ഇടവകകളിലും കഴിയുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിശ്വാസികളുടെ ആത്മീയവും ഭൗതികവുമായ ക്ഷേമവും ഉന്നതിയും ഉറപ്പുവരുത്തുക എന്നതാണ് ഈ മിനിസ്ട്രിയിലൂടെ അതിരൂപത ലക്ഷ്യമിടുന്നത്. ദൈവത്തിന്റെ സ്നേഹവും കരുണയും എല്ലാവരിലേക്കും, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരിലേക്കും എത്തിച്ച ക്രിസ്തുവിന്റെ വലിയ സ്നേഹത്തിന്റെ പ്രഘോഷണമാണിത്.

ആഗോളകത്തോലിക്കാസഭയിൽ ക്രിസ്തുജയന്തിയുടെ 2025-ാം ജൂബിലിയുടെയും സിനഡാലിറ്റിയെ കുറിച്ചുള്ള സിനഡിന്റെ പഠനങ്ങളുടെയും വെളിച്ചത്തിൽ അതിരൂപതാതലത്തിൽ ഭിന്നശേഷിവിഭാഗത്തിലുള്ളവരുടെ സംഗമങ്ങൾ ആസൂത്രണം ചെയ്യുവാനും അവരെ ശ്രവിക്കുവാനും അവരുടെ ഒപ്പം നടക്കുവാനും ആഗ്രഹിച്ചുകൊണ്ട് ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുടെ ഒരു കൂട്ടായ്മ 2025 ഡിസംബർ 20-ന് നടത്തുകയുണ്ടായി. 2026 മാർച്ച് 23, 24, 25 തീയതികളിൽ അതിരൂപതയുടെ ചരിത്രത്തിൽ ആദ്യമായി ഭിന്നശേഷിക്കാർക്കായി നോമ്പുകാല ഓൺലൈൻ

ധ്യാനം സംഘടിപ്പിക്കാൻ സാധിച്ചു. ശാരീരികമായ ബുദ്ധിമുട്ടുകൾമൂലം പള്ളികളിൽ നേരിട്ടെത്താൻ സാധിക്കാത്ത നിരവധി സഹോദരങ്ങൾക്ക് ഈ ധ്യാനം വലിയൊരു ആത്മീയ അനുഭവമായി മാറി. കൂടാതെ, വിശുദ്ധവാരത്തിലെ തിരുകർമ്മങ്ങൾ പൂർണ്ണമായും ആംഗ്യഭാഷയിലൂടെ പരിവർത്തനം ചെയ്ത് തത്സമയം ലഭ്യമാക്കുകയുണ്ടായി. ചരിത്രപരമായ ഈയൊരു സംരംഭത്തിലൂടെ ബധിരരും മൂകരുമായ നമ്മുടെ നിരവധി സഹോദരങ്ങൾക്ക് വിശ്വാസവാരത്തിലെ എല്ലാ തിരുകർമ്മങ്ങളിലും, വിശിഷ്യ ഈസ്റ്റർ വിശുദ്ധ കുർബാനയിലും അർത്ഥപൂർണ്ണമായി പങ്കുചേരാൻ സാധിച്ചു. സംഗമങ്ങളുടെ തുടർച്ചയെന്നോണം, കഴിഞ്ഞ 10 വർഷമായി പുത്തൻപള്ളി ഇടവകയിൽ നടന്നു വരുന്ന ബധിര-മൂക വ്യക്തികളുടെ കൂട്ടായ്മയോടു ചേർന്ന് 2026 മാർച്ച് 28-ാംതീയതി ഒരു സംഗമം നടത്തുകയുണ്ടായി. 2026 മെയ് 19-ന് സെന്റ് ജോസഫ്സ് സ്കൂളിൽവച്ച് നടത്തിയ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സംഗമവും നടത്തിയിരുന്നു.

ഈ സംഗമങ്ങളിൽ ഉയർന്നുവന്ന ആശയങ്ങളെല്ലാം കൃത്യമായി ക്രോഡീകരിക്കുകയും ഓരോ ഫൊറോനയിൽ നിന്നും ഓരോ ലീഡർമാരെ തെരഞ്ഞെടുക്കുകയും അവരുടെ സജീവ നേതൃത്വത്തിൽ ഫൊറോനതല വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ആശയവിനിമയവും സംഘാടനവും ശക്തിപ്പെടുത്തുകയും ചെയ്തു. ഫൊറോന ലീഡർമാരുടെ നേതൃത്വത്തിൽ എല്ലാ ദിവസവും വൈകീട്ട് ഓൺലൈനിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു വരുന്നുണ്ട്. ഹോപ്പ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിപ്പിക്കുന്നതിനു സാന്ത്വനം ഡയറക്ടർ ബഹു.ജോജു ആളൂർ അച്ചൻ ചെയർമാനായും ബഹു. ബെൻവിൻ തട്ടിൽ അച്ചൻ ഡയറക്റ്ററായും ബഹു. ടോണി അരിമ്പൂർ അച്ചൻ, ബഹു. ഡെറിൻ അരിമ്പൂർ അച്ചൻ എന്നിവർ അസോസിയേറ്റ് ഡയറക്ടർമാരായും നേതൃസമിതി രൂപീകരിച്ചിട്ടുള്ള വിവരം സന്തോഷത്തോടെ അറിയിക്കുന്നു.

ഭിന്നശേഷി വിഭാഗങ്ങൾക്കായി നമ്മുടെ അതിരൂപത നേരിട്ടും, ക്രിസ്തീയ ഉപവിയാൽ പ്രേരിതരായി അല്മായ സഹോദരങ്ങൾ നടത്തുന്ന വിവിധ സ്ഥാപനങ്ങളും അവയുടെ കാരുണ്യപ്രവർത്തനങ്ങളും ഏറെ പ്രശംസനീയമാണ്. നമ്മുടെ ഇടവകകളുടെയും വ്യക്തികളുടെയും ഔദാര്യപൂർണ്ണമായ പങ്കാളിത്തത്തോടെയാണ് ഈ സ്ഥാപനങ്ങളും കാരുണ്യപ്രവൃത്തികളും നടന്നു പോകുന്നതെന്ന് അതിരൂപത എന്നും നന്ദിയോടെ ഓർക്കുന്നു. എന്നാൽ, ഇത്തരം സ്ഥാപനങ്ങളിൽ പോകാൻ സാധിക്കാതെ വീടുകളിൽതന്നെ കഴിയുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾ

നമ്മുടെ ഇടവകകളിലുണ്ട്. കുടുംബങ്ങളിൽ കഴിയുന്ന ഭിന്നശേഷിക്കാരെ സഹായിക്കാൻ ഏറ്റം താല്പര്യത്തോടെയും ഫലദായകമായും ഇടപെടാൻ കഴിയുന്നത് ഓരോ ഇടവകയ്ക്കുമാണെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. ഈ അവസരത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും, കൈക്കാരന്മാരുടെയും, പ്രതിനിധിയോഗത്തിന്റെയും, കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെയും വലിയ സഹകരണം ഹോപ്പ് മിനിസ്ട്രിക്ക് നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

ഹോപ്പ് മിനിസ്ട്രി അംഗങ്ങളുമായി സംവദിച്ചതിന്റെ വെളിച്ചത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഇടവകകളിൽ നടപ്പിലാക്കാനായി നിർദ്ദേശിക്കുന്നു:

1. ഭിന്നശേഷി സൗഹൃദനിർമ്മിതികൾ: നമ്മുടെ ഓരോ ഇടവകയിലെയും ദൈവാലയം, പാരിഷ്ഹാൾ തുടങ്ങിയിടങ്ങളിലേക്ക് വീൽചെയറുകൾക്ക് സുഖമമായി പ്രവേശിക്കാവുന്ന തരത്തിൽ റാമ്പുകളും കട്ടിളപ്പടികളും ക്രമപ്പെടുത്തുകയും ഭിന്നശേഷിക്കാർക്ക് ഉപയുക്തമാകുന്ന വിധത്തിൽ ടോയ്ലറ്റുകൾ സജ്ജീകരിക്കുകയും ചെയ്യുക.

2. പങ്കാളിത്തം: ആരാധനാക്രമങ്ങൾ, കുടുംബക്കൂട്ടായ്മകൾ, ഇടവകതല പരിപാടികൾ എന്നിവയിൽ ഭിന്നശേഷിക്കാർക്ക് എളുപ്പത്തിൽ പങ്കെടുക്കുവാൻ വളണ്ടിയർമാരുടെയോ സംഘടനകളുടെയോ നേതൃത്വത്തിൽ സജ്ജീകരണങ്ങൾ ഒരുക്കേണ്ടതാണ്. ഇടവകതല മത്സരങ്ങളിൽ ഭിന്നശേഷിയുള്ള സഹോദരങ്ങളുടെ സജീവപങ്കാളിത്തം ഉറപ്പുവരുത്തുകയും അവർക്കു മുൻഗണന നൽകുകയും വേണം.

3. സാമ്പത്തിക പിന്തുണ: സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ വ്യക്തികളെ കണ്ടെത്തി, അവരുടെ പഠന,ചികിത്സാ,ജോലി ആവശ്യങ്ങളിൽ സാധ്യമായ എല്ലാ സാമ്പത്തിക സഹായങ്ങളും ഇടവകതലത്തിൽനിന്ന് തന്നെ സമാഹരിച്ച് നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആത്മവിശ്വാസത്തോടെ ഉയർത്തിക്കൊണ്ടുവരാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൈ എടുക്കുക.

4. ആഘോഷങ്ങൾ കരുതലിന്റെ അവസരങ്ങൾ: തിരുനാളുകൾ, വാർഷികങ്ങൾ, ജൂബിലികൾ, മറ്റു ആഘോഷങ്ങൾ എന്നിവയ്ക്കായി സമാഹരിക്കുന്ന സംഭാവനയിൽ 10 ശതമാനമെങ്കിലും കാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്ന നല്ല കീഴ്വഴക്കം നമ്മുടെ മിക്ക ഇടവകകളിലും ഉണ്ടല്ലോ. അതിൽനിന്ന് നല്ലൊരുതുക

ഇടവകയിലെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി വിനിയോഗിക്കുക.

ഏറെ സമയം കാഴ്ചപരിമിതർക്കും, കേൾവിപരിമിതർക്കും മറ്റുവ്യാധികളാൽ വലയുന്നവർക്കും സൗഖ്യവും ആശ്വാസവും നൽകി സ്നേഹത്തോടെ അവരോട് ഇടപെടുന്ന ഈശോയെയാണ് സുവിശേഷങ്ങളിൽ നാം കാണുന്നത്. ഈശോയെ അനുകരിച്ച് നമ്മുടെ ഇടവകകളിലുള്ള പാർശ്വവൽകരിക്കപ്പെട്ട എല്ലാവരിലേക്കും നമ്മുടെ അജപാലനപ്രവർത്തനങ്ങൾ എത്തിച്ച് സഭയെ യഥാർത്ഥത്തിൽ ജീവസുറ്റതാക്കുക നമ്മുടെ കർത്തവ്യമാണ്. സ്നേഹപരിചരണം അത്യാവശ്യമായിട്ടുള്ളവർക്കായി വിവിധ ഭവനങ്ങൾ സ്ഥാപിച്ച് അതിരൂപതയുടെ കാരുണ്യപ്രവർത്തനങ്ങൾക്ക് ഗതിവേഗം പകർന്ന അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവിനെ സ്നേഹാദരങ്ങളോടെ ഈ സമയം ഞാൻ അനുസ്മരിക്കുന്നു.

''നിങ്ങൾ ഈ എളിയവരിൽ ഒരുവന് ചെയ്തു കൊടുത്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത്'' (മത്തായി 25:40) എന്ന തിരുവചനത്താൽ പ്രചോദിതമായി, നമ്മുടെ അതിരൂപതയുടെ ആരംഭം മുതലുള്ള കാരുണ്യ തനിമയുടെ ഈ കാലഘട്ടത്തിലെ ആവിഷ്ക്കാരമാണ് ഹോപ്പ് മിനിസ്ട്രി. ഭിന്നശേഷിക്കാർക്കുവേണ്ടി ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാൻ ഹോപ്പ് മിനിസ്ട്രിക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സ്നേഹമുള്ളവരേ, നമ്മുടെ ഇടവകകളിൽ ഹോപ്പ് മിനിസ്ട്രിയുടെ ദൗത്യനിർവ്വഹണത്തിൽ സഹകാരികളാകാൻ നിങ്ങളേവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. പ്രസ്തുത ശുശ്രൂഷകളിൽ വ്യാപൃതരാകുന്ന ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേരുകയും ചെയ്യുന്നു.

മിശിഹായിൽസ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

N.B.:ഈ സർക്കുലർ 27/09/2026 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. +AT.

സർക്കുലർ

മാർ ആൻഡ്രൂസ് താഴത്ത്

2079 / 2026
18/ 09 / 2026 C - 12

ദീപിക
നമ്മുടെ സമുദായത്തിന്റെ ശബ്ദം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരങ്ങളേ,

ഒരു വ്യക്തിക്കു ശബ്ദം നഷ്ടപ്പെട്ടാൽ ഉണ്ടാകാവുന്നതിനേക്കാൾ വലിയ ദുരന്തമായിരിക്കും ഒരു സമൂഹത്തിനു ശബ്ദം നഷ്ടപ്പെട്ടാൽ നേരിടേണ്ടി വരിക. നമ്മുടെ സമൂഹത്തിന്റെ ശബ്ദമാണ് 'ദീപിക'. അതിനാൽ ദീപികയെ ശക്തിപ്പെടുത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ദീപിക എത്രത്തോളം ശക്തമാകുന്നുവോ അത്രത്തോളം ശക്തമായ കാഴ്ചപ്പാടുകളും മൂല്യവത്തായ ചിന്താഗതികളുമുള്ള ഒരുതലമുറ നമ്മുടെ കുടുംബങ്ങളിൽ വളർന്നുവരും.

കഴിഞ്ഞ 140 വർഷങ്ങളായി വേറിട്ടൊരു മാധ്യമദൗത്യം പൊതുസമൂഹത്തിൽ നിർവഹിച്ചു പോരുകയാണ് ദീപിക. ഓൺലൈൻ, സോഷ്യൽമീഡിയ ഡിവിഷൻ അടക്കം ദീപിക ഇന്ന് ആധുനിക മാധ്യമലോകത്ത് ശ്രദ്ധേയമായ സാന്നിധ്യമാണ്. കേരളത്തിലെ ആദ്യ ദിനപത്രമായ ദീപികയെ നമ്മുടെ പൂർവീകർ സർവാത്മനാ സ്വീകരിച്ചു വളർത്തിയെങ്കിൽ, ഇന്നു അത് വായിക്കാനും സംരക്ഷിക്കാനും വളർത്താനും ഓരോ വിശ്വാസിക്കും കടപ്പാടുണ്ടെന്ന് ഞാൻ നിങ്ങളെ ഓർമിപ്പിക്കട്ടെ.

'നമ്മൾ എന്തുകൊണ്ട് ദീപികയെ സ്വന്തമാക്കണം?' എന്നൊരു ചോദ്യം ഇപ്പോൾ പലരുടെയും മനസ്സിൽ ഉണ്ടായിരിക്കാം. ദീപികയുടെ മഹത്തായ ചരിത്രം അതിന് വ്യക്തമായ ഉത്തരം നൽകുന്നുണ്ട്. ഏതാനും ചില വസ്തുതകൾമാത്രം നിരീക്ഷിച്ചാൽ ഇക്കാര്യം നമുക്ക് ബോധ്യമാകും. ന്യൂനപക്ഷ അവകാശങ്ങൾ ധ്വംസിക്കപ്പെട്ട അവസരങ്ങളിലെല്ലാം മുന്നിൽനിന്ന് ഇടപെട്ടത്

ദീപികയാണ്. വ്യാപാര-വ്യവസായ മേഖലകളിലെയും കാർഷികമേഖലകളിലെയും പ്രതിസന്ധികളിൽ സമൂഹത്തിനുവേണ്ടി പോരാടിയ പാരമ്പര്യം ദീപികയ്ക്കുണ്ട്. നമ്മൾ ഇന്ന് അനുഭവിക്കുന്ന പല അവകാശങ്ങളും നേടിയെടുക്കാൻ കഴിഞ്ഞത് ദീപിക നടത്തിയ പോരാട്ടങ്ങളിലൂടെയാണെന്നത് നാം മറക്കരുത്. നിവർത്തന പ്രക്ഷോഭം, കുടിയിറക്കു വിരുദ്ധ സമരം, വിമോചന സമരം തുടങ്ങിയവയ്ക്ക് ഇന്ധനം പകർന്നത് ദീപികയാണ്. അയിത്തോച്ചാടനം, സ്വാതന്ത്ര്യസമരം, എല്ലാവർക്കും വിദ്യാഭ്യാസം തുടങ്ങിയവയ്ക്കായി ദീപിക നടത്തിയ പോരാട്ടങ്ങൾ കേരളത്തിന്റെ സുവർണ ചരിത്രത്തിന്റെ ഭാഗമാണ്. വന്യമൃഗശല്യം എന്ന വിഷയം പൊതുസമൂഹത്തിൽ ഏറ്റവുമധികം ഉയർത്തിക്കൊണ്ടുവരികയും അധികാരികളുടെ നിലപാടുകളെപ്പോലും തിരുത്തിക്കുകയും ചെയ്തത് ദീപികയാണ്. തൃശൂർ കോർപറേഷനിൽ നടപ്പാക്കാനിരുന്ന അശാസ്ത്രീയമായ മാസ്റ്റർ പ്ലാൻ ആയിരക്കണക്കിന് കുടുംബങ്ങളെ വഴിയാധാരമാക്കുമെന്ന് ശക്തമായി ജനമധ്യത്തിൽ അവതരിപ്പിച്ചത് ദീപികയാണ്. ഓഖി ദുരന്തത്തിലെ ഇരകളെ ചേർത്തു പിടിച്ച ദൗത്യവും ശ്രദ്ധേയമായിരുന്നു. സമൂഹത്തിന് ഭീഷണിയായ എല്ലാവിധ തീവ്രവാദങ്ങളോടും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടമാണ് ദീപിക എപ്പോഴും നടത്തിയിട്ടുള്ളത്. അതുപോലെതന്നെ ക്രൈസ്തവസമൂഹം എപ്പോഴൊക്കെ പ്രതിസന്ധി നേരിട്ടോ, അപ്പോഴൊക്കെ നമുക്കുവേണ്ടി അധികാരികൾക്കു മുന്നിൽ ഉറച്ചുനിന്ന ശബ്ദം ദീപികയുടേതായിരുന്നു.

ഇന്ന് കേരളത്തിലെ പത്രങ്ങളിൽ ഏറ്റവും ഈടുറ്റതും നിർഭയവുമായ മുഖപ്രസംഗങ്ങൾ എഴുതുന്നത് ദീപികയാണ്. പല മാധ്യമങ്ങളും തമസ്കരിക്കുകയോ കണ്ടില്ലെന്ന് നടിക്കുകയോ ചെയ്യുന്ന വിഷയങ്ങൾപോലും ദീപിക ധൈര്യസമേതം അധികാരികൾക്കു മുന്നിലെത്തിക്കുന്നു. 140 വർഷങ്ങൾ പിന്നിടുമ്പോഴും ദീപികയുടെ നിലപാടുകൾ മറ്റു മാധ്യമങ്ങൾപോലും വാർത്തയാക്കുന്നു എന്നത് ഈ പത്രത്തിന്റെ പ്രാധാന്യവും പ്രസക്തിയുമാണ് തെളിയിക്കുന്നത്. അതുകൊണ്ട് ദീപികയെ മുൻവിധിയോടെ സമീപിക്കുകയും വെറുതെ വിമർശിക്കുകയും ചെയ്യുന്ന രീതി അവസാനിപ്പിച്ച്, ദീപിക നമ്മുടെ സ്വന്തമാണ് എന്ന അവബോധത്തിലേക്ക് നമുക്ക് വളരാം.

സീറോമലബാർസഭ 'സമുദായ ശക്തീകരണവർഷം' ആചരിക്കുന്ന ഈ വർഷത്തിൽതന്നെ ദീപിക നമ്മുടെ ഓരോരുത്തരുടെയും സ്വന്തമായി മാറേണ്ടതുണ്ട്. അതിന് ആദ്യമായി നമ്മുടെ എല്ലാ കുടുംബങ്ങളും ദീപികയുടെ വരിക്കാരാകണം.

പ്രത്യേകിച്ചും, എല്ലാ അതിരൂപത പാസ്റ്ററൽകൗൺസിൽ അംഗങ്ങളും, ഫൊറോന ഇടവകകൗൺസിൽ അംഗങ്ങളും, കൈക്കാരന്മാരും, മതാധ്യാപകരും, കുടുംബകൂട്ടായ്മ ലീഡർമാരും, വിവിധ സംഘടനകളുടെ ഭാരവാഹികളും പ്രവർത്തകരും നിർബന്ധമായും ദീപിക വരിക്കാരാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ അതിരൂപതയിലെ സാധ്യമാകുന്ന എല്ലാ കുടുംബങ്ങളെയും ദീപികയുടെ വരിക്കാരാക്കുന്നതിനുവേണ്ടി 2026 ഒക്ടോബർമാസം 'ദീപിക തീവ്രപ്രചരണമാസ'മായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ സമുദായവർഷത്തിലെ മാധ്യമമുന്നേറ്റത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. ഓരോ കുടുംബകൂട്ടായ്മയിലും നിന്ന് കുറഞ്ഞത് മൂന്ന് പുതിയ വാർഷിക വരിക്കാരെയെങ്കിലും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ എല്ലാ കുടുംബകൂട്ടായ്മ ലീഡർമാരും ഭവനസന്ദർശനങ്ങൾ നടത്തി കൂട്ടായി പരിശ്രമിക്കണം.

ഒരു വാർത്തയുടെ സത്യം എല്ലാവരും ഒരേ സമയം വായിച്ചു മനസ്സിലാക്കുമ്പോൾ മാത്രമാണ്, സത്യത്തോടൊപ്പം സഹയാത്ര ചെയ്യുന്ന, അഭിപ്രായ ഐക്യമുള്ള ഒരു സമുദായമായി നമുക്ക് വളരാൻ സാധിക്കൂ. അഭിമാനത്തോടെ നമ്മുടെ കുടുംബങ്ങളുടെയും സ്ഥാപനങ്ങളുടെയും വാതിലുകൾ ദീപികയ്ക്കായി തുറക്കുന്ന ശബ്ദം ഒരു മാറ്റൊലിയായി കേരളത്തിൽ മുഴങ്ങട്ടെ!

എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ ആശംസിച്ചുക്കൊണ്ട് പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈകദൈവം നമ്മെയെല്ലാവരെയും ആശീർവദിക്കട്ടെ.

മിശിഹായിൽസ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

N.B.: ഈ സർക്കുലർ 27/09/2026 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. +AT.

കച്ചേരി വാർത്തകൾ

1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

ഒക്ടോബർ

1 : വി. കൊച്ചുത്രേസ്യ
2 : കാവൽ മാലാഖമാർ
ആദ്യവെള്ളി
4 : ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ ആറാം ഞായർ
വി. ഫ്രാൻസിസ് അസ്സീസി
7 : ജപമാലരാജ്ഞി
11 : ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ ഏഴാം ഞായർ
15 : ആവിലായിലെ വിശുദ്ധ ത്രേസ്യ
16 : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ
17 : അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ്
18 : ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ എട്ടാം ഞായർ
മിഷൻ ഞായർ
വിശുദ്ധ ലൂക്കാ സുവിശേഷകൻ
22 : വിശുദ്ധ ജോൺ പോൾ രണ്ടാമൻ
25 : ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ ഒമ്പതാം ഞായർ
28 : വിശുദ്ധ ശിമയോൻ, വിശുദ്ധ യൂദാ തദേവൂസ് ശ്ലീഹന്മാർ

2. ഒക്ടോബർ മാസത്തെ പരിപാടികൾ

ഒക്ടോബർ 05 : വൈദികസമ്മേളനം & വൈദിക ക്ഷേമനിധിയോഗം (10:00 am)

3. ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കൻ:

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 70-ാം ശ്രാദ്ധാചാരണം ഒക്ടോബർ 13-നാണ്. അന്ന് ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽ നടക്കുന്ന തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് അനുഗ്രഹീതരായിത്തീരുവാൻ ഏവരേയും ക്ഷണിക്കുന്നു.

4. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ:

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2026 ഡിസംബർ 12-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2025 ജൂൺ 1 മുതൽ 2026 സെപ്തംബർ 30 വരെയുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. (തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ 15-11-2026 നു മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.
* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.
* സമ്മാനാർഹരായവരെ അതിരൂപതയിൽ നിന്നും അറിയിക്കുന്നതാണ്.

1. വിദ്യാഭ്യാസരംഗം

2025-26 അധ്യയനവർഷത്തിൽ

1.1 ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

1.2 ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും

രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

1.3 സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

1.4 കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

2. കായികം

2.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

2.2 സർവ്വകലാശാല കായികമത്സരങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3. കലാസാഹിത്യ രംഗം

3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

4. മറ്റു രംഗങ്ങൾ

4.1 സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന്

അർഹരായവരെ സമിതി തെരഞ്ഞടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).


NB:

1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.
2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.
3. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള സർവ്വീസ് അവാർഡുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് നൽകുന്നതിനാൽ അവർ അപേക്ഷിക്കേണ്ടതില്ല.
4. അവാർഡിന് പരിഗണിക്കുന്ന സർട്ടിഫിക്കറ്റുകൾ വിലയിരുത്തി സമ്മാനാർഹരെ നിശ്ചയിക്കുന്നത് അതിരൂപത കാര്യാലയത്തിന്റെ തീരുമാനപ്രകാരമാണ്.

5. വൈദികനിയമനം:

1. ഫാ. അൽജോ കരേരക്കാട്ടിൽ - ഡയറക്ടർ മീഡിയ കത്തോലിക്ക ഒഴിവായി; സാധുത 2026 ആഗസ്റ്റ് 15 മുതൽ.
2. ഫാ. ടെഡ്സ് കുന്നപ്പിള്ളി - ഡയറക്ടർ മീഡിയ കത്തോലിക്ക കൂടി; സാധുത 2026 ആഗസ്റ്റ് 15 മുതൽ.
3. ഫാ. അജിത് കൊള്ളന്നൂർ - ഇൻ ചാർജ്ജ് മീഡിയ കത്തോലിക്ക സ്റ്റുഡിയോ കോംപ്ലക്സ് കൂടി, സാധുത 2026 ആഗസ്റ്റ് 15 മുതൽ.
4. ഫാ. ഫ്രാൻസോ തെക്കത്ത് - റോമിലെ സെമിനാരിയിൽ സേവനം ചെയ്യുന്നതിന് അനുവാദം, അസി. ഡയറക്ടർ ഡി. ബി. സി. എൽ. സി. & എക്സൽ അക്കാദമി, മതബോധനത്തിന്റെയും തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഉത്തരവാദിത്വം, കപ്ലോൻ സി. എസ്. എം. സ്നേഹഭവൻ എന്നിവ ഒഴിവായി; സാധുത 2026 ആഗസ്റ്റ് 20 മുതൽ.
5. ഫാ. ജീസ്മോൻ ചെമ്മണ്ണൂർ - ഡയറക്ടർ ഡി. ബി. സി. എൽ. സി. യുടെ സഹായി കൂടി; സാധുത 2026 ആഗസ്റ്റ് 20 മുതൽ.

6. ഫാ. സിന്റോ കരേപറമ്പൻ – കപ്ലോൻ സി. എസ്. എം. സ്നേഹഭവൻ കൂടി; സാധുത 2026 ആഗസ്റ്റ് 24 മുതൽ.
7. ഫാ. ടെറിൻ മുള്ളക്കര – ബലിയർപ്പണം അസ്സീസി സി. എസ്. എം. അഞ്ചേരി കൂടി; സാധുത 2026 സെപ്തംബർ 5 മുതൽ.
8. ഡീ. ആൽബിൻ ജോസഫ് കല്ലേടയിൽ MI– ഡീക്കൻ മിനിസ്ട്രി പുതുക്കാട്; സാധുത 2026 സെപ്തംബർ 5 മുതൽ 2027 മാർച്ച് 31 വരെ.
9. ഡീ. അജിത് ജോസഫ് വയലാമണ്ണിൽ MI– ഡീക്കൻ മിനിസ്ട്രി തൃശ്ശൂർ കത്തീഡ്രൽ; സാധുത 2026 സെപ്തംബർ 5 മുതൽ 2027 മാർച്ച് 31 വരെ.
10. ഡീ. സേവ്യർ മുല്ലശ്ശേരി – ഡീക്കൻ മിനിസ്ട്രി ഒല്ലൂർ; സാധുത 2026 സെപ്തംബർ 1 മുതൽ 2027 മാർച്ച് 31 വരെ.



മാർ ടോണി നീലങ്കാവിൽ
അതിരൂപത സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ്

ധനികനായ യുവാവ്
എന്റെ നാമത്തെപ്രതി
ഭവനത്തെയോ
സഹോദരൻമാരെയോ
സഹോദരികളെയോ
പിതാവിനെയോ മാതാവിനെയോ
മക്കളെയോ വയലുകളെയോ
പരിത്യജിക്കുന്ന ഏതൊരുവനും
നൂറിരട്ടി ലഭിക്കും;
അവൻ നിത്യജീവൻ
അവകാശമാക്കുകയും
ചെയ്യും
(മത്താ. 19, 29)



Mar Andrews Thazhath

Date	Day	Time	Description
2	Fri	Afternoon	Episcopal Ordination of Bp. Thomas Animoottil @ Kottayam
4	Sun	Morning	Holy Mass & Cemetry Blessing @ Chuvannamannu
		Evening	Kalasadhan Programe @ DBCLC
5	Mon		Priests conference & priest welfare fund Meeting
7	Wed	Whole Day	Palliative Care Hospital Inauguration and Blessing @Trivandrum
9	Fri	Morning	Holy Mass @ Minor Seminary
		Afternoon	100th Anniversary of the arrival of Gandhiji @ St. Thomas College
10- 27			Europe Visit
30	Fri	Evening	Matha Patha Grotto Blessing @ Basilica
31	Sat	Morning	Home Day: Holy Mass @Minor Seminary
		Evening	Home Day Public Meeting @ Minor Seminary



Mar Tony Neelankavil

Date	Day	Time	Description
2	Fri	Morning	Holy Mass @ Pre Cana Course
		Noon	Franciscan Year Community Celebration
3	Sat	Morning	4th Child Baptism @ Ollur Marymatha
		Evening	Visit to Franciscan Houses
4	Sun	Morning	Holy Mass @ Kuttamkulam
			Nursary Teachers' Seminar @ DBCLC
		Evening	SVDP Annual General Body @ Marathakkara
5	Mon	Morning	Presbyterium @ DBCLC
		Evening	Parish Bank Centinary Jubilee @ Cherpu
6	Tue	Evening	Trust Meeting @ DBCLC
7	Wed	Evening	Excel Academy Trust Meeting @ DBCLC
9	Fri	Morning	Holy Mass @ Pre Cana Course
		Evening	JY Family Gathering @ Ollur Evuprasya Shrine
10	Sat	Morning	CRI Seminar on AI @ Nirmalamatha
			ChrisGold Gathering @ Jerusalem RC
		Evening	Pastoral Visit Eve @ Chazhoor
11	Sun		Pastoral Visit @ Chazhoor
13	Tue	Evening	Golden Jubilee Celebration @ Palakad MS
14	Wed	Morning	Holy Mass @ Minor Seminary
		Evening	Catechism Trust Meeting @ DBCLC
15	Thu	After Noon	Trust Meeting @ STC
16	Fri	Evening	Chrisform Inauguration @ DBCLC

17	Sat	Morning	4th Child Baptism @ Elavally Silver Jubilee of SDV Sisters @ Mannuthy
		Evening	Kooduthurakkal @ Kottekad
18	Sun	Morning	Cemetary Blessing @ Vallachira
		Evening	KCYM Formation Camp @ Peringottukara
19-31			Visit to Rome

സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു,
നിങ്ങൾ മാനസാന്തരപ്പെട്ട്
ശിശുക്കളെപ്പോലെ
ആകുന്നില്ലെങ്കിൽ,
സ്വർഗരാജ്യത്തിൽ
പ്രവേശിക്കുകയില്ല
(മത്തായി 18 : 3)



നാളാഗമം

ഓഗസ്റ്റ് 2026

1 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ എൽത്തുരുത്ത് സെന്റ് മേരീസ് ഇടവകദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും പുതുതായി തയ്യാറാക്കിയ വൈദീക മന്ദിരം ആശീർവദിക്കുകയും ചെയ്തു. അതിനുശേഷം അഭിവന്ദ്യ പിതാവ് തൃശൂർ ഡി ബി സി എൽ സിയിൽ വച്ച് നടത്തിയ ടീച്ചേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടത്തിയ ടീച്ചേഴ്സ് ഗിൽഡിന്റെ മെറിറ്റ് ഡേയിൽ പങ്കെടുത്തു. തുടർന്ന് വൈകീട്ട് നടത്തിയ ഏകോപന സമിതി യോഗത്തിൽ അഭിവന്ദ്യ പിതാവ് തന്റെ സാന്നിധ്യം അറിയിച്ചു.

2 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അഞ്ഞൂർ ഇടവക ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും അതിനുശേഷം പാറേമ്പാടം, വൈലത്തൂർ, ചൊവ്വന്നൂർ ഇടവകകൾ സന്ദർശിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനിബന്ധിച്ച്

പുത്തൂർ ഫൊറോനാ പള്ളിയിൽ നിന്നും മാന്ദാമംഗലം പള്ളിയിലേക്ക് നടത്തപ്പെട്ട പദയാത്രയുടെ സമാപന കർമങ്ങൾക്കു നേതൃത്വം നൽകുകയും ആശീർവാദം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് അതിരൂപത കുടുംബത്തിൽ വച്ച് കൂടിയ വിവിധ രാഷ്ട്രീയ നേതാക്കളുമായുള്ള മീറ്റിംഗിൽ പങ്കെടുത്തു.

3-7 അഭിവന്ദ്യ പിതാക്കന്മാർ എറണാംകുളത്തു വച്ച് നടത്തിയ കെസി ബി സിയുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

8 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മുതൽ ഉച്ചവരെ ജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് നടത്തിയ കോൺവൊക്കേഷൻ പ്രോഗ്രാമിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുല്ലഴി ഇടവക ദേവാലയത്തിൽ നാലാമത്തെ ഒരു കുഞ്ഞിന് മാമോദിസ നൽകി. തുടർന്ന് തൈക്കാട്ടുശ്ശേരി ഇടവക ദേവാലയത്തിൽ വച്ച് നടന്ന ബഹുമാനപ്പെട്ട ജോയ് മൂക്കൻ അച്ചന്റെ ഓർമ്മദിനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്ക് കുറ്റൂർ ഷേൺസ്റ്റാറ്റ് ഭവനത്തിൽ വച്ച് കോൺഗ്രിഗേഷനിലെ സുപ്പീരിയർ ജനറലും മറ്റ് കൗൺസിൽ അംഗങ്ങളുമായും ചർച്ച നടത്തി. ഉച്ചതിരിഞ്ഞ് തലോർ ഇടവക ദേവാലയത്തിൽ വെച്ച് ഹോളി ഫാമിലി കോൺഗ്രിക്കേഷനിലെ അർത്ഥിനികളുടെ സഭാവസ്ത്ര സ്വീകരണവും ആദ്യ വ്രതവാഗ്ദാനവും നടത്തി. വൈകിട്ട് ഇടയ സന്ദർശനത്തിനായി ചിറക്കോട് ഇടവകയിലേക്ക് പോയി.

9 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കോട്ടപ്പടി സെന്റ് ലാസറസ് ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും തുടർന്ന് കാവീട്, പേരകം, താന്ന്യം, ഒരുമനയൂർ പള്ളികൾ സന്ദർശിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം ഫാമിലി അപ്പസ്തലേറ്റിൽ വച്ച് നടത്തിയ പിതൃവേദിയുടെ അവാർഡ് ദിനത്തിൽ പങ്കെടുത്തു അവാർഡുകൾ വിതരണം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവസം മുഴുവൻ ചിറക്കക്കോട് ഇടവകയിൽ ഇടയ സന്ദർശനം നടത്തി. രാത്രി വീണ്ടശ്ശേരി ഇടവക ദേവാലയത്തിൽ വച്ച് യുവജനങ്ങൾക്കായി നടന്ന ആരാധനയിൽ പങ്കെടുത്ത് സംസാരിച്ചു.

10 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരി മാത മേജർ സെമിനാരിയിൽ വിശുദ്ധബലിയർപ്പിച്ചു പ്രാർത്ഥിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും മൂന്നാം വർഷ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നയിക്കുകയും ചെയ്തു. തുടർന്ന് അതിരൂപത ആസ്ഥാനത്ത് വച്ച് നടന്ന മീഡിയ കത്തോലിക്കാ മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജിൽ വച്ച് നടന്ന ശ്രീ ജയ്സൺ സി ഒ യുടെ അനുസ്മരണ ചടങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ജൂബിലി മിഷൻ ആശുപത്രി സംരക്ഷണ സമിതി മീറ്റിങ്ങിലും തുടർന്ന് ജൂബിലി മിഷൻ ട്രസ്റ്റ് മീറ്റിങ്ങിലും പങ്കെടുത്തു. ജർമനിയിൽ ജോലി ചെയ്യുന്ന തൃശ്ശൂർ അതിരൂപതയിലെ വൈദികരുമായി ഓൺലൈൻ മീറ്റിംഗ് നടത്തി.

11–14 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വിശാഖ പട്ടണം സെന്റ് ഏവുപ്രാസ്യ മിഷൻ സന്ദർശിക്കുകയും സീഡി മനഗൗഡ എന്ന സ്ഥലത്തു പുതുതായി നിർമിക്കപ്പെട്ട ദൈവാലയത്തിന്റെ വെഞ്ചിരിപ്പ് കർമത്തിൽ പങ്കെടുക്കുകയും അവിടെ തന്നെ പുതുതായി നിർമിക്കുന്ന ഹോളി ഫാമിലി മഠത്തിന്റെ വെഞ്ചിരിപ്പുകർമത്തിനും പുതിയ നിത്യാരാധന കേന്ദ്രത്തിന്റെ അടിസ്ഥാന ശിലയുടെ വെഞ്ചിരിപ്പ് കർമത്തിനും മുഖ്യ കാർമികത്വം വഹിച്ചു.

11 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പള്ളിക്കുന്ന് ഇടവക ദേവാലയത്തിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. തുടർന്ന് മേരിമാതാ സെമിനാരിയിൽ ബഹുമാനപ്പെട്ട ഡീക്കന്മാരുമായി സംവദിച്ചു. ഉച്ചതിരിഞ്ഞ് വിജയമാതാ ഇടവകയിൽ നടന്ന കൺവെൻഷനിൽ സന്ദേശം നൽകി.

12 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരൂർ ഇടവക ദേവാലയത്തിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. പല്ലിശ്ശേരി ഇടവക ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ റാഫേൽ ചീനാത്ത് പിതാവിന്റെ അനുസ്മരണ ദിവ്യബലിയിൽ മുഖ്യ കാർമികനായി.

13 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കല്ലൂർ കിഴക്കേ ഇടവക ദേവാലയത്തിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. ഉച്ചതിരിഞ്ഞ് അരണാട്ടുകര ഹോളി ട്രിനിറ്റി ആശ്രമത്തിൽ വച്ച് ബഹുമാനപ്പെട്ട ബ്രദർ ബിബിന് ഡീക്കൻപട്ടം നൽകി.

14 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. വൈകീട്ട് തിരൂർ ഇടവക ദേവാലയത്തിൽ വച്ച്

നാലാമത്തെ കുഞ്ഞിനെ മാമോദിസ നൽകി. സീറോ മലബാർ സഭ വൈദികകമ്മീഷൻ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

15 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പുതുക്കാട് ഇടവകയിൽ വിശുദ്ധബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും പുതുതായി നിർമിച്ച കൽകുരിശ് ആശീർവദിക്കുകയും തുടർന്ന് സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ചു ദേശീയ പതാക ഉയർത്തുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം ഡി ബി സി എൽ സിയിൽ വച്ച് നടത്തിയ അതിരൂപത കാറ്റക്കിസം അവാർഡ് ഡേയിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. അതിനുശേഷം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഒല്ലൂർ ഹോളി എയ്ഞ്ചൽസ് സ്കൂളിന്റെ സുവർണ ജൂബിലി സെലിബ്രേഷൻ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ മാർടോണി നീലങ്കാവിൽ പിതാവ് രാവിലെ എരനല്ലൂർ ഇടവക ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും പുതിയതായി നിർമ്മിച്ച ഗ്രോട്ടോയുടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു. തുടർന്ന് സെന്റ് തോമസ് കോളേജ് ഒരുക്കിയ പൂന്തോട്ടത്തിൽ നിന്നും വിളവെടുപ്പ് ഉത്സവം ഉദ്ഘാടനം ചെയ്തു. ഉച്ചതിരിഞ്ഞ് ഡിബി സിഎൽസിയിൽ വച്ച് നടന്ന വിശ്വാസ പരിശീലന അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് പുല്ലഴി സെന്റ് ജോസഫ് മെന്റൽ ഹോമിൽ പുതിയതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിച്ചു.

16 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കൊമ്പഴ ഇടവകദൈവാലയത്തിൽ വിശുദ്ധബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും തുടർന്ന് ചുവന്നമണ്ണ്, പട്ടിക്കാട് ഇടവകകൾ സന്ദർശിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം മുക്കാട്ടുകര ഹോളി ഫാമിലി മഠത്തിൽ മരണമടഞ്ഞ സിസ്റ്റർ ജിയോ മരിയയുടെ നിര്യാണത്തിൽ അനുശോചിക്കുകയും മൃതസംസ്ക്കര കർമങ്ങൾക്കു കാർമികത്വം വഹിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പാലക്കൽ ഇടവക ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും പുതിയതായി നിർമ്മിക്കുന്ന ദേവാലയത്തിന്റെ അൾത്താരയുടെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. തുടർന്ന് ഒല്ലൂർ എവുപ്രാസ്യ തീർത്ഥാടന കേന്ദ്രത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകിട്ട് വേലൂർ ഇടവക ദേവാലയത്തിൽ പിതൃവേദിയുടെ പത്താം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിക്കുകയും പൊതുയോഗത്തിൽ പങ്കെടുക്കുകയും ചെയ്തു.

17–22 അഭിവന്ദ്യ പിതാക്കന്മാർ സീറോ മലബാർ സഭയുടെ സിനഡിൽ പങ്കെടുത്തു.

18 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് ജീസസ് യൂത്തിലെ വൈദികർക്കായി കാക്കനാട് ചാവറ ഹിൽസിൽ വച്ച് നടത്തിയ കമ്യൂണിയൻ ഫോർ പ്രീസ്റ്റ്സ് എന്ന പ്രോഗ്രാമിൽ പങ്കെടുത്ത് സംസാരിച്ചു.

22 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം മരണമടഞ്ഞ ബഹുമാനപ്പെട്ട ലോറൻസ് ഒലക്കേങ്കിൽ അച്ചന്റെ നിര്യാണത്തിൽ അനുശോചിക്കുകയും പറപ്പൂർ ഇടവകയിൽ വച്ച് നടന്ന തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പറപ്പൂർ ഇടവക ദേവാലയത്തിൽ വച്ച് ബഹുമാനപ്പെട്ട ലോറൻസ് ഒലക്കേങ്കിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

23 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുലക്കാട്ടുകര ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് മണ്ണുത്തി സമരിറ്റൻ കോൺവെന്റിൽ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

24–28 അഭിവന്ദ്യ പിതാക്കന്മാർ സീറോ മലബാർ സഭ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

29 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മണ്ണുത്തിയിൽ പി ഡി എം കോൺഗ്രിഗേഷൻ പുതുതായി ആരംഭിച്ച ആശ്രമത്തിന്റെ വെഞ്ചിരിപ്പ് കർമത്തിന് കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം വിശുദ്ധ ഏവുപ്രാസ്യയുടെ കബറിടം സന്ദർശിക്കുകയും വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒല്ലൂർ ഇടവക ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. വൈകീട്ട് കുന്നംകുളം ടൗൺഹാളിൽ വച്ച് നടന്ന തൊഴിയൂർ സഭയുടെ മെത്രാപ്പോലീത്തയുടെ സപ്തതി ആഘോഷത്തിൽ പങ്കെടുത്തു.


30 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ചിറ്റിശ്ശേരി ഇടവക ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം ല്യൂർദ് കത്തീഡ്രൽ പള്ളിയിലേക്ക് നടത്തിയ വിശുദ്ധ ആന്ദ്രെയുടെ തിരുശേഷിപ്പ് പ്രയാണത്തിന്റെ ഭാഗമാവുകയും തുടന്ന് കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച പ്രാർത്ഥിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്

രാവിലെ മരത്തംകോട് ഇടവക ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് ലൂർദ് കത്തീഡ്രൽ ഇടവക ദേവാലയത്തിൽ വച്ച് നടന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് തൃപ്രയാർ ഇടവക ദേവാലയത്തിൽ വച്ച് ഇടവക ദിനം ഉദ്ഘാടനം ചെയ്തു.

31 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം തൊഴിയൂർ സഭ അധ്യക്ഷൻ സിറിൽ മാർ ബസേലിയോസിന്റെ സപ്തതി, പൗരോഹിത്യ സുവർണ്ണ, മേല്പട്ട രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് മീഡിയ കാത്തോലിക്ക മുൻ ഡയറക്ടർക്ക് യാത്രാമംഗളങ്ങൾ നേരുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മുണ്ടുപാലം കാർമൽ മഠത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് അത്താണി മേഴ്സി ഹോമിൽ പുതിയതായി നിർമ്മിച്ച സെൻസറി പാർക്കിന്റെ വെഞ്ചിരിപ്പ് നടത്തി. വൈകീട്ട് മീഡിയ കത്തോലിക്കാ മീറ്റിങ്ങിൽ പങ്കെടുത്തു.

ശിഷ്യൻമാർക്കുവേണ്ടി
പ്രാർഥിക്കുന്നു
അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.
(യോഹ 17, 21)

1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




തൃശ്ശൂർ അതിരൂപതാംഗവും ചൊവ്വന്നൂർ മുൻ വികാരിയും ഇപ്പോൾ ഔർ ലേഡി ഓഫ് റോസറി ചർച്ച് വെസ്റ്റ് കല്ലൂർ വികാരിയുമായ ബഹു. റാഫേൽ താണിശ്ശേരി അച്ചനാണ് സെപ്തംബർ മാസത്തെ ധന്യനായ ഊക്കനച്ചന്റെ രണ്ടാം ശനി ഓർമ്മയാചരണത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകിയത്. കല്ലൂർ പുലക്കാട്ടുകര എന്നിവിടങ്ങളിൽ ശുശ്രൂഷ ചെയ്തു വരുന്ന ചാരിറ്റി സിസ്റ്റേഴ്സ് ആണ് ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകിയത്. ഔർ ലേഡി ഓഫ് റോസറി ചർച്ച്, വെസ്റ്റ് കല്ലൂർ, ഔർ ലേഡി ഓഫ് കാർമൽ ചർച്ച്, പുലക്കാട്ടുകര എന്നിവിടങ്ങളിൽ നിന്നുള്ള ധാരാളം വിശ്വാസികളും ആദ്യന്തം തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. ചൊവ്വന്നൂരുള്ള മണ്ടുംപാൽ സ്നേഹ സണ്ണിയാണ് ഈ മാസത്തെ തിരുക്കർമ്മങ്ങൾ ഏറ്റെടുത്തു നടത്തിയത്. ബഹു. റാഫേൽ അച്ചന്റെ സന്ദേശത്തിൽ നിന്നും:

ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മധ്യസ്ഥം അപേക്ഷിക്കാനും. നമ്മുടെ എളിയ പ്രാർത്ഥനകൾ വഴി ഊക്കനച്ചനെ, കർത്താവ് വിശുദ്ധരുടെ ഗണത്തിലേക്ക്

ഉയർത്തണമേയെന്നുള്ള പ്രാർത്ഥനയോടു കൂടെയാണ് നാമെല്ലാവരും ഇവിടെ ആയിരിക്കുന്നത്. കർത്താവ് നമ്മോട് പറയുന്നുണ്ട്: നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിൽ സന്തോഷിക്കുവിനെന്ന്. ഊക്കനച്ചൻ ഇക്കാര്യത്തിൽ എന്തായാലും സന്തോഷിക്കുന്നുണ്ടാകും. അതിനുള്ള തെളിവാണ് സഭ ഔദ്യോഗികമായി അദ്ദേഹത്തിന് നൽകിയിരിക്കുന്ന ധന്യനെന്ന നാമകരണം. ഇതുവഴി ഇപ്രകാരമുള്ള ആത്മാക്കൾ സ്വർഗ്ഗത്തിലാണെന്നും ഇവരുടെ മധ്യസ്ഥം വഴി കർത്താവ് നമ്മുടെ ആഗ്രഹങ്ങൾ സാധിച്ചു തന്ന് നമ്മെ അനുഗ്രഹിക്കുമെന്നും സഭ പഠിപ്പിക്കുന്നുണ്ട്. നമ്മുടെ സമൂഹത്തിൽ, പ്രത്യേകമായും ഈ ചൊവ്വന്നൂർ നാട്ടിൽ വളരെധികം വർഷം ജീവിച്ച് നാട്ടുകാരുടെ നന്മക്കുവേണ്ടി വേണ്ടി പ്രവർത്തിക്കുവാൻ ദൈവം അനുവദിച്ച വിശിഷ്ട വ്യക്തിത്വമായിരുന്നു ധന്യനായ ഊക്കനച്ചൻ. ദൈവഹിതമനുസരിച്ച് ദൈവകൃപ അനേകരിലേക്ക് പകർന്നു കൊടുക്കുന്നതിനായിട്ട് ചാരിറ്റി സന്യാസിനി സമൂഹം ഈ നാട്ടിൽ അദ്ദേഹം സ്ഥാപിച്ചു. തന്റെ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനെ കണ്ടുമുട്ടുന്ന എല്ലാവരിലേക്കും അനുഭവവേദ്യമാക്കിക്കൊടുക്കുവാൻ അദ്ദേഹം നിതാന്ത പരിശ്രമം നടത്തി. ദൈവസ്നേഹമാകുന്ന പ്രകാശത്തിൽ നിന്നും ഒരിക്കലും അകന്നു പോകാതിരിക്കുവാൻ അദ്ദേഹം സദാ ശ്രദ്ധിച്ചു. ദൈവത്തെ അറിഞ്ഞ്, സ്നേഹിച്ച്, സ്തുതിച്ച് മറ്റൊരു ക്രിസ്തുവാണ് താനെന്ന അഭിപ്രായവും അദ്ദേഹം രൂപാന്തരപ്പെടുത്തിയെടുത്തു. ഈ സന്ദേശം നമ്മുടെയും ജീവിതങ്ങളിൽ വളർത്തിയെടുക്കുവാൻ ധന്യനായ ഊക്കനച്ചൻ ഇന്ന് നമ്മോട് ആഹ്വാനം ചെയ്യുന്നുണ്ട്. ദൈവസ്നേഹത്തിന്റെ പ്രകാശിക്കുന്ന വ്യക്തികളായിതീരുവാൻ നമുക്ക് ഊക്കനച്ചനോട് മാധ്യസ്ഥം യാചിക്കാം. നമ്മുടെ കർത്താവിന്റെ ആഗ്രഹവും ഇതുതന്നെയാണ്. മാനുഷികമായ പോരായ്മകളും ബലഹീനതകളും നമുക്കുണ്ടാകും. എന്നാലും ധന്യനായ ഊക്കനച്ചനോടെന്നപോലെ കർത്താവ് നമ്മോടും പറയുന്നു: 'ഭയപ്പെടേണ്ട! ഞാൻ നിന്നോടു കൂടെയുണ്ട്.' ഈ വചനത്തിൽ വിശ്വസിച്ചുകൊണ്ട് നമ്മെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യുവാൻ നമുക്ക് പരിശ്രമിക്കാം. കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ. തൊയ്ക്കാവിൽ നിന്നുള്ള ജോയി തന്റെ ജീവിതത്തിൽ ധന്യനായ ഊക്കനച്ചൻ വഴി ലഭിച്ച രോഗസൗഖ്യത്തെ സംബന്ധിച്ച് സാക്ഷ്യവും പറഞ്ഞു.

ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ നാമകരണ പരിപാടികളുടെ വൈസ് വൈസ് പോസ്റ്റുലേറ്റർ സി. വർഷ സി എസ് സി എല്ലാവർക്കും സ്വാഗതവും നന്ദിയും പറഞ്ഞു.

2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



ചെറിയ കാര്യങ്ങൾ എപ്രകാരം പൂർണ്ണതയിലേക്ക് നമ്മെ നയിക്കാം എന്നുള്ളതിന് ചില ഉദാഹരണങ്ങൾ അച്ചൻ നല്കുന്നു. 'അമേരിക്ക' എന്ന കത്തോലിക്കാ മാസികയിൽ വിശുദ്ധ കൊച്ചുത്രേസ്യായെപറ്റി വന്ന ലേഖനം അച്ചൻ എടുത്തു പറയുന്നു. 'ചെറുതിന്റെ ചാരുത'യെപ്പറ്റി പറഞ്ഞ വലിയ വിശുദ്ധയാണല്ലോ കൊച്ചുത്രേസ്യ.

ആശാരി പ്രൗഢമായ ഒരു മന്ദിരം പണിതുണ്ടാക്കാൻ ആഗ്രഹിക്കുന്നു. എന്തെല്ലാം പണി ആയുധങ്ങളാണ് അയാൾ കൊണ്ടുവരുന്നത്. ഒരു കൊച്ചു കല്ലൻ മഴു, ഒരു കഷണം ചരടും അറ്റത്ത് ഒരു കൊച്ചു മരക്കഷണമോ കല്ലോ.. ഒരു മട്ടം.. ഇതുകൊണ്ടാണ് ഇത്ര ബ്രഹ്മാണ്ഡമായ ഭവനം..., അരമന പണിതതെന്ന് ആലോചിക്കുമ്പോൾ നമുക്ക് അതിശയം തോന്നും. അവിടെ രാജാക്കന്മാരും രാജ്ഞികളും അഭിമാനത്തോടെ വാഴുന്നു. രാഷ്ട്രീയപരമായ പ്രൗഢ ആലോചനകൾ നടത്തപ്പെടുന്നു.

മറ്റൊരുദാഹരണം അച്ചൻ നല്കുന്നു. ബ്രഹ്മാണ്ഡനായ കാട്ടാന യെ (കുഴിയിൽ നിന്ന്) കയറ്റുന്നത് എത്രയോ നിസ്സാരമായ നാരുകൾ കൊണ്ട് ഉണ്ടാക്കപ്പെട്ട ആലാത്തുകൊണ്ടാണ്. ഓരോ നാരുകളും എത്ര നിസ്സാരം. കണ്ണുകൾക്ക് ആയാസേന മാത്രം അവ ദൃശ്യമായി ഭവിക്കുന്നു. എന്നാൽ ഇതിൽ നിന്നാണല്ലോ എത്രയും ശക്തിമ ത്തായ ആലാത്ത് കയർ ഉണ്ടാക്കുന്നത്.

തുടർന്ന് മധ്യകാലഘട്ടത്തിലെ രണ്ട് കഥകൾ അച്ചൻ സംഗ്രഹിച്ച് നൽകുന്നു. റോമാചക്രവർത്തിയുടെ അരമനയിൽ ഒരാൾ കുഷ്ഠ രോഗിയായി. പൗരസ്ത്യ ദേശത്ത് ഒരു മഹാ വൈദ്യൻ (കർത്താവ്) ഉണ്ടെന്ന് കേട്ട് ചക്രവർത്തി അന്വേഷിച്ചു. അപ്പോൾ പീലാത്തോസ് അദ്ദേഹത്തെ മരണത്തിന് ഏല്പിച്ചു എന്നറിഞ്ഞു. ഇതറിഞ്ഞ ചക്രവർത്തി കോപിച്ചു. അയാളെ തിരികെ വിളിപ്പിച്ചു (പീലാത്തോ സിന് വേറെയും കുറ്റങ്ങൾ ഉണ്ടായിരുന്നു' അയാളെ ചക്രവർത്തി നാടുകടത്തി. പീലാത്തോസ് മരിച്ച താഴ്വരയിൽ വളരെ കാലത്തേക്ക് 'ഞാൻ നിഷ്ക്കളങ്കരക്തത്തെ കുറ്റം വിധിച്ചു' എന്ന സ്വരം കേട്ടിരു ന്നു. വൈദ്യനെക്കുറിച്ചുള്ള അന്വേഷണത്തിൽ വെറോനിക്കായിൽ നിന്ന് കർത്താവിന്റെ മുഖം പതിഞ്ഞ തിരുശീല കിട്ടിയെന്നും അത് രോഗിയുടെ മേൽ ഇട്ട് രോഗി സുഖം പ്രാപിച്ചു എന്നും ഉള്ള പാരമ്പര്യം അച്ചൻ പറയുന്നു. ഈ തിരുശീല റോമിലെ വിജാതീയ ദേവന്മാരുടെ അമ്പലത്തിൽ സ്ഥാപിച്ചു. പിറ്റേദിവസം ചെന്നു നോക്കിയപ്പോൾ ബിംബങ്ങളെല്ലാം ഇതിനെ ആരാധിച്ചു നില്ക്കു ന്നതായി കണ്ടു. അവിടുത്തെ പുരോഹിതന്മാരോട് ചോദിച്ചപ്പോൾ 'ഈ പുതിയ ദൈവം കൂടുതൽ ശ്രേഷ്ഠതയുള്ള ആളാ യതുകൊണ്ടാണ്' ഇത് എന്നു പറഞ്ഞു എന്ന പാരമ്പര്യവും അച്ചൻ എടുത്തു പറയുന്നു.

ഫാ. പോൾ പുളിക്കൻ
വൈസ് പോസ്റ്റുലേറ്റർ

₹ സാമ്പത്തിക കാര്യാലയം

1. സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കൽ

സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് സമർപ്പിക്കൽ നവംബർ2-ാം തിയതി മുതലാണ് തുടങ്ങുന്നത്.

1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ	നവംബർ 2	10.00 am
2. മാതൃവേദി	നവംബർ 2	10.00 am
3. ജോൺപോൾ പ്രോലൈഫ്	നവംബർ 2	10.00 am
4. ഫാമിലി അപ്പസ്തോലേറ്റ് ബ്യൂറോ	നവംബർ 2	10.00 am
5. കുടുംബകൂട്ടായ്മ	നവംബർ 2	11.00 am
6. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട് ലിലിയൻ ഫോണ്ടസ്	നവംബർ 2	11.00 am
7. സെന്റ് ആൻസ്, വെസ്റ്റ് ഫോർട്ട്	നവംബർ 2	11.00 am
8. സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ)	നവംബർ 2	12.00 noon
9.ഹോളി ചൈൽഡ് ഹുഡ്	നവംബർ 2	12.00 noon
10. ഫ്രാൻസിസ്കൻ അസോസിയേഷൻ	നവംബർ 3	10.00 am
11. ചൈതന്യ ക്ലീനിക്	നവംബർ 3	10.00 am
12. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം	നവംബർ 3	11.00 am
13. ഡാമിയൻ എസ്റ്റേറ്റ്	നവംബർ 3	11.00 am
14. ഡാമിയൻ ജൂബിലി ശാന്തിഗ്രാം	നവംബർ 3	11.00 am
15. ജൂബിലി മിഷൻ ഹോസ്പിറ്റൽ	നവംബർ 3	12.00 noon
16. ജൂബിലി മിഷൻ മെഡിക്കൽ കോളേജ്	നവംബർ 3	12.00 noon
17. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ്	നവംബർ 3	12.00 noon
18. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ്	നവംബർ 3	12.00 noon
19. കെ.സി.എസ്.എൽ	നവംബർ 4	10.00 am
20. ബൈബിൾ അപ്പസ്തോലേറ്റ്	നവംബർ 4	10.00 am
21. കെ.എൽ.എം, സാക്രിസ്റ്റ്യൻസ്	നവംബർ 4	10.00 am

20. തൊഴിൽ അഭ്യസന പീഠം	നവംബർ 4	10.00 am
22. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ	നവംബർ 4	10.00 am
23. ഐ.ടി.ഐ അളഗപ്പനഗർ	നവംബർ 4	11.00 am
24. സ്പിരിച്വൽ ആനിമേഷൻ സെന്റർ	നവംബർ 4	11.00 am
25. സെന്റ് വിൻസെന്റ്ഡി പോൾ സൊസൈറ്റി	നവംബർ 4	11.00 am
26. മേരി മാതാ മേജർ സെമിനാരി, മുളയം & MSAT	നവംബർ 4	12.00 noon
27.പാറോക്ക്	നവംബർ 4	12.00 noon
28. ഹോം ഓഫ് ലൗ, മുളയം	നവംബർ 5	10.00 am
29. മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ്	നവംബർ 5	10.00 am
30. കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ്	നവംബർ 5	10.00 am
31. സെന്റ് മേരീസ് മൈനർ സെമിനാരി	നവംബർ 5	11.00 am
32. കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി	നവംബർ 5	11.00 am
33. കത്തോലിക്ക കോൺഗ്രസ്	നവംബർ 5	12.00 noon
34. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്	നവംബർ 5	12.00 noon
34. കേറ്റിക്കിസം	നവംബർ 6	10.00 am
35. കേറ്റിക്കിസം – ടെക്സ്റ്റ് ബുക്ക് അക്കൗണ്ട്	നവംബർ 6	10.00 am
36. കാത്തലിക് ഇൻഫർമേഷൻ സെന്റർ	നവംബർ 6	10.00 am
37. കേറ്റിക്കിസം ബുക്ക് സ്റ്റാൾ	നവംബർ 6	10.00 am
38. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി	നവംബർ 6	11.00 am
39. ഡി.ബി.സി.എൽ.സി.	നവംബർ 6	11.00 am
40.. ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട്	നവംബർ 6	12.00 noon
41. എക്സൽ അക്കാദമ	നവംബർ 6	12.00 noon
42. സി.എൽ.സി	നവംബർ 9	10.00 am
43. അൾത്താര സംഘം	നവംബർ 9	10.00 am
44. ലോഫ്	നവംബർ 9	10.00 am
45. ചർച്ച് കയർ	നവംബർ 9	11.00am
46. കെ.സി.വൈ.എം	നവംബർ 9	11.00am

47. ലേ ലീഡർഷിപ്പ്	നവംബർ	9	12.00 noon
48. ലിജീയൻ ഓഫ് മേരി	നവംബർ	9	12.00 noon
49. സോഷ്യൽ ആക്ഷൻ	നവംബർ	10	10.00 am
50 സോഷ്യൽ വെൽഫെയർ സെന്റർ	നവംബർ	10	10.00 am
51 സോഷ്യൽ ഹൗസിംഗ് സെന്റർ	നവംബർ	10	10.00 am
52. സേവ് എ ഫാമിലി പ്ലാൻ	നവംബർ	10	11.00am
53. SWIFT	നവംബർ	10	11.00am
54. സ്നം സർവീസ്	നവംബർ	10	11.00am
55. മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര	നവംബർ	10	12.00 noon
56. റീജിണൽ പാസ്റ്ററൽ സെന്റർ ചേലക്കര	നവംബർ	10	12.00 noon
57. ഫാ. തച്ചുപറമ്പിൽ ട്രസ്റ്റ്, ചേലക്കര	നവംബർ	10	12.00 noon
58. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി	നവംബർ	11	10.00 am
59. സെന്റ് ജോസഫ്സ് ഹോം, പുല്ലഴി	നവംബർ	11	10.00 am
60. സെന്റ് ജോസഫ് ഭവൻ, പുല്ലഴി	നവംബർ	11	11.00am
61. ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം	നവംബർ	11	11.00am
62 ആബാ റിന്യൂവൽ സെന്റർ, രാമവർമ്മപുരം	നവംബർ	11	11.00am
63. നെസ്റ്റ്, രാമവർമ്മപുരം	നവംബർ	11	12.00 noon
64. സെന്റ് പോൾ ഗുരുകുലം, തിരുവിലാമല	നവംബർ	11	12.00 noon
65. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ	നവംബർ	12	10.00 am
66. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് &റിഹാബിലിറ്റേഷൻ സെന്റർ	നവംമ്പർ	12	10.00 am
67. പോപ്പ് ജോൺ പോൾ പീസ് ഹോം, പെരിങ്ങണ്ടിയൂർ	നവംബർ	12	11.00am
68. ടിംഹാൻസ്, പെരിങ്ങണ്ടൂർ	നവംബർ	12	11.00am
69. കലാസദൻ	നവംബർ	12	12.00 noon
70. കാത്തലിക് നേഴ്സസ് ഗിൽഡ്	നവംബർ	13	10.00 am
71. കാത്തലിക് സെന്റർ/പാസ്റ്ററൽ സെന്റർ	നവംബർ	13	10.00 am

72. സാവിയോ ഹോം, മനക്കൊടി നവംബർ 13 11.00 am
73. പബ്ലിക് റിലേഷൻസ് & ഡയോമീഡിയ നവംബർ 13 11.00 am
74. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ നവംബർ 13 12.00 noon
75. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ നവംബർ 13 12.00 noon
76 സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ നവംബർ 16 10.00 am
77. ടി.ടി.ഐ., കുരിയച്ചിറ നവംബർ 16 10.00 am
78. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ നവംബർ 16 11.00 am
79. മദ്യവിരുദ്ധ സമിതി (ടെമ്പറൻസ് മൂവ്മെന്റ്) നവംബർ 16 11.00 am
80. കരിസ്മാറ്റിക് മൂവ്മെന്റ് നവംബർ 16 12.00 noon
81. എവുപ്രാസ്യ ഷൈൻ നവംബർ 17 10..00 am
82. ഹോളി ക്രോസ് സ.ബി.എസ്.ഇ. സ്കൂൾ ആർത്താറ്റ് നവംബർ 17 10.00 am
83. പഴുവിൽ ധ്യാനകേന്ദ്രം നവംബർ 17 11.00 am
84. ജോതി എഞ്ചിനിയറിംഗ് കോളേജ്, ചെറുതുരുത്തി നവംബർ 17 11.00 am
85. സെന്റ് ജോർജ്ജ് ഹോസ്റ്റൽ നവംബർ 17 10..00 am
86. സെന്റ് തോമാസ് ഹോസ്റ്റൽ നവംബർ 17 10.00 am
87. സെന്റ് തോമാസ് കോളേജ് നവംബർ 17 11.00 am
88. സെന്റ് തോമാസ് എജുക്കേഷൻ സെന്റർ നവംബർ 17 12.00 noon
89. പ്രീസ്റ്റ് വെൽഫയർ ഫണ്ട് നവംബർ 17 12.00 noon

ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് **ഫാ.അജിത്ത് കൊള്ളന്നൂർ**
ഫൈനാൻസ് ഓഫീസർ അസി. ഫൈനാൻസ് ഓഫീസർ

വൈദികർ



ഫാ. ജോഫിൻ അക്കരപ്പട്ടേക്കൽ 01
ഫാ. വിൻസെന്റ് ചെറുവത്തൂർ 01
ഫാ. ഡെബിൻ ഒലക്കേങ്കിൽ 02
ഫാ. ജെൻസ് തട്ടിൽ 02
ഫാ. ഷിന്റോ മാറോക്കി 03
ഫാ. ജിക്സൻ താഴത്ത് 03
ഫാ. ജോഷി ആളൂർ 04
ഫാ. ആന്റോ ചിറയത്ത് 05
ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ06
ഫാ. ഷിജോ ചിരിയങ്കണ്ടത്ത് 08
ഫാ. ജോൺസൻ അരിമ്പൂർ 10
ഫാ. റാഫേൽ പുല്ലോക്കാരൻ 12
ഫാ. സഞ്ജയ് തൈക്കാട്ടിൽ 12
ഫാ. ജോൺസൻ ഐനിക്കൽ 13
ഫാ. ജോയ് കിടങ്ങൻ 13
ഫാ. ലിൻസൺ അക്കരപറമ്പിൽ 16
ഫാ. ജോസ് ചാലക്കൽ 17
ഫാ. ഡഗ്ലസ് ചെറുവത്തൂർ 17
ഫാ. ജിയോ ചിരിയങ്കണ്ടത്ത് 18
മോൺ. ജോർജ്ജ് മാനാടൻ 18
ഫാ. ക്രിസ്റ്റോ മഞ്ഞളി 18
ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ 18
ഫാ. ആക്ടൻ പെല്ലിശ്ശേരി 18
ഫാ. ജിയോ ആലപ്പാട്ട് 19
ഫാ. സിജോ പുത്തൂർ 19
ഫാ. ജിജോ പിടിയത്ത് 20
ഫാ. മിഥുൻ ചുങ്കത്ത് 22
ഫാ. ജെയ്സൻ പുലിക്കോട്ടിൽ 22
ഫാ. ഡിറ്റോ കൂള 23
ഫാ. ജാക്സൺ തെക്കേക്കര 23
ഫാ. ഡെയ്സൻ മുണ്ടോപുറം 24
ഫാ. ജോൺ പാവറട്ടിക്കാരൻ 24
ഫാ. ലാസർ താണിക്കൽ 24
ഫാ. ജിബി വാഴപ്പിള്ളി 24
ഫാ. സിംസൺ ചിറമ്മൽ 25
ഫാ. ട്രെജിൻ തട്ടിൽ 25
ഫാ. ക്രിസ്റ്റോ തേക്കാനത്ത് 25
ഫാ. ജോജു പൊറുത്തൂർ 26
ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ 28



ഫാ. ഫ്രാൻസിസ് ആളൂർ 04
ഫാ. ചെറുതാണിക്കൽ
ഫ്രാങ്കോ ഫോണിസ് 04
ഫാ. ലിജോ ചിരിയങ്കണ്ടത്ത് 04
ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ04
ഫാ. അൽജോ കരേരക്കാട്ടിൽ 04
ഫാ. സ്റ്റിഷിൻ കുണ്ടുകുളം 04
ഫാ. ഫ്രാൻസിസ് മുട്ടത്ത് 04
ഫാ. ഫ്രാൻസിസ് നീലങ്കാവിൽ 04
ഫാ. ജിബിൻ താഴേക്കാടൻ 04

ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി Sr. 04
ഫാ. അജീഷ് പെരിഞ്ഞേരി 09
ഫാ. ജെയ്സൻ തെക്കുംപുറം 09
ഫാ. ജോൺ പോൾ ചെമ്മണ്ണൂർ 22
ഫാ. ജോൺ പോൾ തൈക്കാടൻ 22
ഫാ. അജിത്ത് കൊള്ളന്നൂർ 28
ഫാ. ആക്ടൻ പെല്ലിശ്ശേരി 28



ഫാ. പല്ലിശ്ശേരി പോൾ	02.10.1997
ഫാ. കാഞ്ഞിരത്തിങ്കിൽ ഡേവിസ്	04.10.1991
ഫാ. കാളച്ചേരി തോമസ്	05.10.1977
ഫാ. മണ്ടുംപാല പീറ്റർ	09.10.1987
മോൺ. വിളങ്ങാടൻ ജോസഫ്	09.10.2011
ഫാ. ചെറുവത്തൂർ ജോൺ	11.10.1990
ഫാ. കണ്ണാത്ത് ജോർജ്ജ്	11.10.2016
ഫാ. അറക്കൽ ഗീവർഗ്ഗീസ്	13.10.1895
ഫാ. ഊക്കൻ ജോൺ	13.10.1956
ഫാ. ചെറുനിലം മാത്യു	13.10.1965
ഫാ. ചീരൻ സിജോ	13.10.2014
ഫാ. വാലിക്കോടത്ത് ജോർജ്ജ്	17.10.1968
ഫാ. പൊറത്തൂർ ജോൺ	17.10.1972
ഫാ. മാളിയേക്കൽ തോമസ് Jr.	18.10.1950
ഫാ. തെക്കിനിയത്ത് ജോസഫ്	19.10.2008
ഫാ. ചൊവ്വല്ലൂർ ജേക്കബ്	24.10.1999
ഫാ. പാലത്തിങ്കൽ തോമസ്	26.10.2004
ഫാ. കടവി ജേക്കബ്	27.10.1828
ഫാ. ഇരിമ്പൻ തോമസ്	28.10.1957
ഫാ. ചാലക്കൽ തോബിയാസ്	28.10.2020
ഫാ. ആട്ടോക്കാരൻ ജോസഫ്	29.10.1970
ഫാ. ജോസ് ആലപ്പാട്ട്	29.10.2015
ഫാ. അക്കര പയസ്	31.10.1948

ആദരാഞ്ജലികൾ



റവ. ഫാ. ലോറൻസ് ഒലക്കേങ്കിൽ (84)

ആത്മാർത്ഥതയും അർപ്പണബോധവും കൈമുതലാക്കി, അതിരൂപതയിൽ അനന്യമായ സേവന വേദികളിൽ ഇടയധർമ്മം പൂർത്തിയാക്കിയ നല്ല അജപാലകൻ, സംഘാടക പാടവംകൊണ്ട് അതിരൂപതയിലെ വിവിധ സംഘടനകളെയും സ്ഥാപനങ്ങളേയും ഊർജ്ജസ്വലമാക്കിയ കർമ്മയോഗി എന്നിങ്ങനെ പൗരോഹിത്യ ശുശ്രൂഷയിൽ 57 വർഷങ്ങളോളം വ്യാപരിച്ച്, തന്റെ അജപാലന ശുശ്രൂഷയിലൂടെ മറ്റുള്ളവർക്ക് ആശ്വാസവും ആത്മീയ വെളിച്ചവും പകർന്നു നല്കിയ, ബഹു. ലോറൻസ് ഒലക്കേങ്കിൽ അച്ചൻ, 2026 ആഗസ്റ്റ് 17-ാം തീയതി തിങ്കളാഴ്ച വൈകീട്ട് 10.35 ന് നിത്യ സമ്മാനത്തിനായി യാത്രയായി.

പറപ്പൂർ ഇടവകയിലെ ഒലക്കേങ്കിൽ ഇട്ട്യേച്ചൻ - കൊച്ചുമറിയം ദമ്പതിമാരുടെ മകനായി 1942 ഏപ്രിൽ 27-ാം തീയതി ബഹു. ലോറൻസ് അച്ചൻ ജനിച്ചു. 20.12.1969ൽ അന്നത്തെ തൃശൂർ രൂപ താദ്ധ്യക്ഷനായ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. തൃശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ സഹവികാരിയായും തൃശ്ശൂർ ബസിലിക്കയിൽ വികാരി ഇൻ ചാർജ്ജായും പൗരോഹിത്യശുശ്രൂഷ ആരംഭിച്ച അദ്ദേഹം നെല്ലിക്കുന്ന്, വിജയപുരം, വിയ്യൂർ, വെണ്ടോർ, പാലാഴി, പേരാമംഗലം, നെഹ്രുനഗർ, വടൂക്കര, ആറംപിള്ളി എന്നീ പള്ളികളിൽ വികാരിയായും കൊട്ടേക്കാട്, കോളങ്ങാട്ടുകര എന്നീ

പള്ളികളിൽ നടത്തുവികാരിയായും തൃശ്ശൂർ ലൂർദ്ദ് കത്തിഡ്രൽ, പുതുക്കാട് എന്നിവിടങ്ങളിൽ ഫൊറോന വികാരിയായും സേവന മനുഷ്ഠിച്ചു. മിഷൻ യൂണിയൻ ഓഫ് ക്ലെർജി, അൾത്താര ബാലസംഘം, തിരുബാലസഖ്യം, കെ. സി. എസ്. എൽ., ടീച്ചേഴ്സ് ഗിൽഡ്, എഞ്ചിനീയേഴ്സ് ഫോറം, വിശ്വാസപ്രചരണസംഘം എന്നീ സംഘടനകളുടെയും മതബോധനകേന്ദ്രം, സെന്റ് മേരീസ് ഓർഫനേജ്, സോഷ്യൽ ആക്ഷൻ, കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി എന്നീ സ്ഥാപനങ്ങളുടെയും അമരക്കാനായും തൃശ്ശൂർ അതിരൂപത പ്രൊക്യുറേറ്ററായും സേവനമനുഷ്ഠിച്ചു. തോപ്പ് സെന്റ് തോമസ്, സെന്റ് മേരീസ് ലൂർദ്ദ്സ്, വെണ്ടോർ എന്നീ സ്കൂളുകളുടെ മാനേജരായും വിവിധ സന്യാസിനീസമൂഹങ്ങളുടെ കപ്ലോനായും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്.

ജൂബിലി മിഷൻ ആശുപത്രി അസി. ഡയറക്ടർ, ത്യാഗരാജാർ പോളിടെക്നിക് ചെയർമാൻ, മീഡിയ ഡയറ്കടർ, കാത്തലിക് യൂണിയൻ പ്രൊമോട്ടർ, വൈദികസമിതി, പാസ്റ്ററൽ കൗൺസിൽ, ആലോചനസമിതി, ഫിനാൻസ് കൗൺസിൽ, കൺസ്ട്രക്ഷൻ കമ്മിറ്റി, പാലയൂർ തീർത്ഥകേന്ദ്രകമ്മിറ്റി, സെന്റ് തോമസ് കോളേജ് കമ്മിറ്റി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കമ്മിറ്റി എന്നിവയിൽ അംഗം, കൂരിയയിൽ നോട്ടറി, മൈനർ സെമിനാരി അധ്യാപകൻ, മാർപ്പാപ്പയുടെ തൃശ്ശൂർ സന്ദർശനപരിപാടി ട്രഷറർ, ക്രിസ്റ്റ്യൻ ആക്ഷൻ കൗൺസിൽ കൺവീനർ, കാക്കനാട് മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയയിലെ ഇന്റേണൽ ഓഡിറ്റർ, ഓർഫനേജുകളുടെ ഗവേണിംഗ് ബോഡി അംഗം, മേരിമാത മേജർ സെമിനാരി എക്സിക്യൂട്ടീവ് അംഗം, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗം, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഡയറക്ടർ, കേരള സർക്കാർ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗം എന്നീ നിലകളിൽ ബഹു. അച്ചൻ നിസ്തുലമായി സേവനം ചെയ്തിട്ടുണ്ട്.

തൃശ്ശൂർ അതിരൂപതയിലെ കുടുംബകൂട്ടായ്മ, കലാസദൻ, തൃശ്ശൂർ എക്യുമെനിക്കൽ ഗ്രൂപ്പ് എന്നിവയുടെ സ്ഥാപകനും വിശ്വാസപരിശീലനകേന്ദ്ര നിർമ്മാണത്തിന്റെ ശില്പിയുമായിരുന്നു ബഹു. ലോറൻസച്ചൻ. വൈദികരുടെ ഡയറക്ടറി, മതബോധനമാർഗ്ഗരേഖ, വ്യാഴവട്ടസ്മരണകൾ തുടങ്ങി പല പുസ്തകങ്ങളുടെയും പ്രസിദ്ധീകരണം ബഹു. അച്ചന്റെ അധ്വാനഫലമായിരുന്നു. ബഹു. ലോറൻസ് ഒലക്കേങ്കിലച്ചൻ 2018 ഫെബ്രുവരി 7 മുതൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

2026 ആഗസ്റ്റ് 21-ാം തീയതി ഉച്ചതിരിഞ്ഞ് 4.00 മണിക്ക് സെ. ജോസഫ്സ് വൈദികമന്ദിരത്തിലെ ചാപ്പലിൽ മെൽബൺ രൂപത

മുൻ മെത്രാൻ അഭിവന്ദ്യ മാർ ബോസ്ക്കോ പുത്തൂർ പിതാവിന്റെ കാർമ്മികത്വത്തിലുള്ള വി. കുർബാനയ്ക്കുശേഷം ഭൗതികശരീരം പൊതുദർശനത്തിനു വച്ചു. തുടർന്ന് ഭൗതികശരീരം പറപ്പൂർ ഇടവകയിലെ മാതൃസഹോദരന്റെ മകൻ നെയ്യൻ ലോനപ്പൻ ചെറിയാന്റെ ഭവനത്തിലേക്ക് കൊണ്ടുവരികയും വീട്ടിൽ പൊതുദർശനത്തിനായി വയ്ക്കുകയും ചെയ്തു.

മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം 2026 ആഗസ്റ്റ് 22ന് അഭിവന്ദ്യ മാർ ബോസ്ക്കോ പുത്തൂർ പിതാവിന്റെ കാർമ്മികത്വത്തിൽ വീട്ടിൽ നിന്ന് ആരംഭിച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് അഭിവന്ദ്യ മാർ ബോസ്ക്കോ പുത്തൂർ പിതാവും മൂന്നാം ഭാഗത്തിന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സഹകാർമ്മികനായിരുന്നു.

തന്റെ പൗരോഹിത്യ ശുശ്രൂഷയിൽ ''ക്രിസ്തുവിനെ ലോകത്തിന് അറിയിക്കുകയും ലോകത്തെ ക്രിസ്തുവിന് സമർപ്പിക്കുകയും ചെയ്യുക'' എന്ന ആപ്തവാക്യം ജീവിതത്തിന്റെ മുഖമുദ്രയാക്കി കഠിനാദ്ധ്വാനം ചെയ്ത ഒലക്കേങ്കിൽ ബഹു. ലോറൻസ് അച്ചന് തൃശ്ശൂർ അതിരൂപതയുടെ ആദരാഞ്ജലികൾ!!!

അവന്റെ
സാക്ഷ്യം
സ്വീകരിക്കുന്നവൻ
ദൈവം സത്യവാനാണ്
എന്നതിനു
മുദ്രവയ്ക്കുന്നു.

യോഹ. 3:33

ആദരാഞ്ജലികൾ



റവ. ഫാ. ജോസ് അറങ്ങാശ്ശേരി (71)

ഏവർക്കും സംലഭ്യനായ അജപാലകൻ, മറ്റുള്ളവർക്ക് വേണ്ടി ത്യാഗപൂർവ്വം ജീവിച്ച പ്രിയങ്കരനായ ഇടയൻ എന്നിങ്ങനെ പൗരോഹിത്യ ശുശ്രൂഷയിൽ 45 വർഷങ്ങളോളം വ്യാപരിച്ച്, തന്റെ അജപാലന ശുശ്രൂഷയിലൂടെ മറ്റുള്ളവർക്ക് ആശ്വാസവും ആത്മീയ വെളിച്ചവും പകർന്നു നല്കിയ, ബഹു. ജോസ് അറങ്ങാശ്ശേരി അച്ചൻ 2026 സെപ്തംബർ 7-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3.41 ന് നിദ്ര പ്രാപിച്ചു.

പൊങ്ങണംകാട് ഇടവകയിലെ അറങ്ങാശ്ശേരി റപ്പായി - റോസ ദമ്പതിമാരുടെ മകനായി 1954 ഒക്ടോബർ 19-ാം തീയതി ബഹു. ജോസ് അച്ചൻ ജനിച്ചു. 1981 ഡിസംബർ 29 ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. വടക്കാഞ്ചേരി, തൃശൂർ ഡോളേഴ്സ് ബസിലിക്ക, അമ്മാടം എന്നിവിടങ്ങളിൽ സഹവികാരിയായി പൗരോഹിത്യശുശ്രൂഷ ആരംഭിച്ച അദ്ദേഹം ചേരുംകുഴി, വീണ്ടശ്ശേരി, ആറ്റത്തറ, പടിഞ്ഞാറെ കല്ലൂർ, പുലക്കാട്ടുകര, മുല്ലശ്ശേരി, നോർത്ത് പുതുക്കാട്, നടത്തറ, വലക്കാവ്, തലക്കോട്ടുകര, തണ്ടിലം, കുറുമാൽ, തിരൂർ, പേരാമംഗലം, പെരിഞ്ചേരി, കുറ്റൂർ, ചിറ്റിശ്ശേരി, പൊറത്തൂർ, കൊഴുക്കുള്ളി, വിജയപുരം, പുറനാട്ടുകര, കാരമുക്ക്, പേരകം, വെങ്ങിണിശ്ശേരി എന്നീ പള്ളികളിൽ വികാരിയായും ഏങ്ങണ്ടിയൂർ എം.ഐ. ആശുപത്രിയുടെ അസിസ്റ്റന്റ് ഡയറക്ടറായും സേവനമനുഷ്ഠിച്ചു. തിരൂർ,

ആറ്റത്തറ, മുല്ലശ്ശേരി, കാരമുക്ക് എന്നീ സ്കൂളുകളുടെ മാനേജരായും വിവിധ സന്യാസിനീസമൂഹങ്ങളുടെ കപ്ലോനായും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. വൈദികസമിതി, കലാസദൻ കമ്മിറ്റി എന്നിവയിൽ അംഗം, ആബാ റിന്യൂവൽ സെന്റർ എക്സിക്യൂട്ടീവ് അംഗം എന്നീ നിലകളിൽ ബഹു. അച്ചൻ നിസ്തുലമായി സേവനം ചെയ്തിട്ടുണ്ട്. അജപാലന ശുശ്രൂഷ ചെയ്ത ഇടങ്ങളിലെല്ലാം ജനങ്ങളുടെ പുരോഗതിക്കുവേണ്ടി അക്ഷീണം പ്രയത്നിച്ച ബഹു. ജോസച്ചൻ, പല ഇടവകകളിലും നിർമ്മാണപ്രവർത്തനങ്ങൾക്കും ചേരുംകുഴി, വീണ്ടശ്ശേരി എന്നിവിടങ്ങളിൽ ഇലക്ട്രിസിറ്റി കൊണ്ടുവരുന്നതിനും കുറുമാൽ ഇടവക രൂപീകരിക്കുന്നതിനും നേതൃത്വം വഹിച്ചിട്ടുണ്ട്. ആരോഗ്യസ്ഥിതി മോശമായതിനെ തുടർന്ന് ചികിത്സാർത്ഥം ബഹു. ജോസ് അറങ്ങാശ്ശേരിയച്ചൻ 2026 മെയ് 19 മുതൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു. തന്റെ പൗരോഹിത്യജീവിത യാത്രയിൽ, രോഗം ക്ലേശിപ്പിച്ചപ്പോഴും, ബഹു. ജോസ് അച്ചൻ ദൈവകരുണയിലും ദൈവപരിപാലനയിലും ആശ്രയിച്ച്, തന്റെ ജീവിതം മുന്നോട്ട് നയിക്കുകയായിരുന്നു.

2026 സെപ്തംബർ 8-ാം തീയതി ഉച്ചതിരിഞ്ഞ് 3.00 മണിക്ക് സെ. ജോസഫ്സ് വൈദികമന്ദിരത്തിലെ ചാപ്പലിൽ മെൽബൺ രൂപത മുൻ മെത്രാൻ അഭിവന്ദ്യ മാർ ബോസ്ക്കോ പുത്തൂർ പിതാവിന്റെ കാർമ്മികത്വത്തിലുള്ള വി. കുർബാനയ്ക്കുശേഷം ഭൗതിക ശരീരം പൊതുദർശനത്തിനു വച്ചു. തുടർന്ന് ഭൗതികശരീരം പൊങ്ങണംകാട് ഇടവകയിലെ സഹോദരൻ അറങ്ങാശ്ശേരി റപ്പായി ജോൺസന്റെ ഭവനത്തിലേക്ക് കൊണ്ടുവരികയും വീട്ടിൽ പൊതുദർശനത്തിനായി വയ്ക്കുകയും ചെയ്തു.

മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം 2026 സെപ്തംബർ 9-ാം തീയതി രാവിലെ 9.30 ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ വീട്ടിൽ നിന്ന് ആരംഭിച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് അഭിവന്ദ്യ മാർ ബോസ്ക്കോ പുത്തൂർ പിതാവും മൂന്നും നാലും ഭാഗങ്ങൾക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും കാർമ്മികത്വം വഹിച്ചു.

കർത്താവിന്റെ മുന്തിരിത്തോപ്പിൽ ശുശ്രൂഷയുടെ ദിനങ്ങൾ പൂർത്തിയാക്കി ദൈവപിതാവിന്റെ സമ്മാനത്തിനായി യാത്രയായ അറങ്ങാശ്ശേരി ബഹു. ജോസ് അച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ!

സന്യസ്തർ

സി.ആർ.ഐ. വാർത്തകൾ

സി. ആർ. ഐ. വാർത്തകൾ

2026 ഓഗസ്റ്റ് 12-ാം തീയതി ബുധനാഴ്ച തൃശ്ശൂർ നിർമ്മല മാതാ സെൻട്രൽ സ്കൂളിൽ വച്ച് രാവിലെ 9 മണി മുതൽ 12.30 വരെ 50 വയസ്സിന് താഴെയുള്ളവർക്കായി ഒരു സെമിനാർ നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ അതിരൂപതാ വികാരി ജനറാൾ റവ. ഫാ. ജെയ് സൺ കൂനംപ്ലാക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. ലിയോ പതിനാലാമൻ മാർ പാപ്പയുടെ പ്രഥമ ചാക്രിക ലേഖനമായ മാഗ്നിഫിക്ക ഹ്യൂമാ നിറ്റാസിനെ അടിസ്ഥാനമാക്കി സാങ്കേതിക വിദ്യയുടെയും നിർമ്മിത ബുദ്ധിയുടെയും (AI) കാലഘട്ടത്തിൽ സമർപ്പിതരുടെ അന്തസ്സും മഹത്വവും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് റവ. ഫാ. ഡോ. ജിയോ ഫ്രാൻസിസ് എടക്കളത്തൂർ CMI വിഷയാവതരണം നടത്തി. AMARAT സംഘടനയുടെ സ്റ്റേറ്റ് കോഡിനേറ്റർ റവ. സി. ഷേർളി ജോസഫ് കുറുവാച്ചിറ (SCCG) Human Trafficking നെ കുറിച്ച് ബോധവൽക്കരണ ക്ലാസ് നൽകി. ഏകദേശം 230 പേർ ഈ മീറ്റിംഗിൽ സംബന്ധിച്ചു.

CHF

01.08.2026ന് സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 2 ദിവസത്തെ ജൂനിയേഴ്സ് കോഴ്സ് നടത്തപ്പെട്ടു. 02.08.2026ന് തൃശ്ശൂർ അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ നടത്തിയ മെറിറ്റ് ഡെയിൽ പ്ലസ് ടു സ്കൂളുകളിൽ

ബെസ്റ്റ് സ്കൂളായി ഒന്നാം സ്ഥാനം സി എച്ച് എഫ് നവജ്യോതി പ്രൊവിൻസിന്റെ ചേലക്കര ലിറ്റിൽ ഫ്ളവർ ഹയർ സെക്കന്ററി സ്കൂളും രണ്ടാം സ്ഥാനം സി എച്ച് എഫ് നവജ്യോതി പ്രൊവിൻസിന്റെ ചെമ്പൂക്കാവ് ഹോളിഫാമിലി സി ജി എച്ച് എസ് എസും സമ്മാനം നേടി. 03.08.2026ൽ നവജ്യോതി പ്രോവിൻസിലെ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ ഗ്യാതറിംഗും ജാഗരണ പ്രാർത്ഥനയും നടത്തി. 08.08.2026ൽ സി എച്ച് എഫ് നവജ്യോതി പ്രോവിൻസിലെ 3 അർത്ഥിനികളുടെ ആദ്യവ്രതാർപ്പണം തലോർ ഉണ്ണിമിശിഹാ ദേവാലയത്തിൽ നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. 12.08.2026 ന് തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ വിശാഖപട്ടണം സീതിമന കുടയിൽ പുതിയതായി നിർമ്മിച്ച ദേവാലയത്തിന്റെയും സി എച്ച് എഫ് നവജ്യോതി പ്രൊവിൻസ് നിർമ്മിച്ച ഭവനത്തിന്റെയും വെഞ്ചിരിപ്പ് കർമ്മം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മാർ പ്രിൻസ് പാണേങ്ങാടൻ പിതാവിന്റെയും കാർമികത്വത്തിൽ നടത്തപ്പെട്ടപ്പോൾ സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൻ കൗൺസിലും അവിടെയുള്ള സിസ്റ്റേഴ്സും അതിൽ സംബന്ധിക്കുകയും ആവശ്യമായ കാര്യങ്ങൾ ചെയ്യുകയും ചെയ്തു. 13.08.2026 ന് വിശാഖപട്ടണം സീതിമനകുടയിൽ പുതിയതായി നിർമ്മിച്ച ദേവാലയത്തിനോടടുത്തായി സി എച്ച് എഫ് നവജ്യോതി പ്രൊവിൻസ് നിർമ്മിച്ച ഭവനത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പ്രഥമ ദിവ്യബലി അർപ്പണം നടത്തി. 15.08.2026 ന് സി എച്ച് എഫ് നവജ്യോതി പ്രൊവിൻസ് മുക്കാട്ടുകര ബെത്ലെഹം ഭവനാംഗമായ സി. ജിയൊ മരിയ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 16.08.2026 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരകർമ്മം നിർവ്വഹിച്ചു. 17.08.2026 മുതൽ ഒളരി ഇടവകയിൽ സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യലേറ്റ് ഭവനാംഗങ്ങളും ലിറ്റിൽ ഫ്ളവർ, ഹോളിഫാമിലി ഭവനാംഗങ്ങളും ചേർന്ന് ഈവനിംഗ് ഹോം മിഷൻ ആരംഭിച്ചു. 24.08.2026 മേജർ ആർച്ച്എപ്പിസ്കോപ്പൽ കൂരിയയിൽ സിനഡിൽ സംബന്ധിക്കുന്ന പിതാക്കൻമാരോടൊപ്പം നടന്ന മേജർ സുപ്പീരിയേഴ് സിന്റെ മീറ്റിംഗിങ്ങിൽ സി എച്ച് എഫ് സുപ്പീരിയർ ജനറൽ മദർ ആനി കുര്യാക്കോസും നവജ്യോതി പ്രൊവിൻഷ്യൻ സുപ്പീരിയർ സി.ജെസ്സിൻ തെരേസും പങ്കെടുത്തു. 29.08.2026 ന് സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ അഭിവന്ദ്യ മാർ പ്രിൻസ് പാണേങ്ങാടൻ പിതാവ് സിസ്റ്റേഴ്സിനായി ഏകദിന ബൈബിൾ കൺവെൻഷൻ നടത്തി.

എസ്.എ. ബി.എസ്.

ഒന്നാം തീയതി അദിലാബാദിലെ റബന്നയിലുള്ള മേരി റാണി കോൺവെന്റിൽ ബഹു. മദർ മേഴ്സിറ്റ കണ്ണമ്പുഴ കാനോനിക്കൽ വിസിറ്റ് നടത്തി. 14ന് ബഹു. മദർ മേഴ്സിറ്റ കണ്ണമ്പുഴ, സിസ്റ്റർ അൽഫോൻസാ മൂഞ്ഞേലി, സിസ്റ്റർ റൂബി തെരേസ് എന്നിവർ പരിയാരം സിഎസ്ആറിൽ GPC മീറ്റിങ്ങിൽ സംബന്ധിച്ചു. തൃശ്ശൂർ ഡോളേഴ്സ് ബസിലിക്കയുടെ ഓഡിറ്റോറിയത്തിൽ പ്രോലൈഫ് സമ്മതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ശ്വാസം നാടകത്തിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു. 22 -25വേ വരെ ഭരത ഇടവകയിൽ ഹോം മിഷൻ നടത്തി. വിവിധ ഭവന സമൂഹങ്ങളിൽനിന്ന് 25ഓളം സിസ്റ്റേഴ്സ് സംബന്ധിച്ചു. ജീസസ് യൂത്ത് കേരള ടീം മിനിസ്ട്രി അങ്കമാലി വിശ്വജ്യോതി പബ്ലിക് സ്കൂളിൽ ഒമ്പതാം ക്ലാസ് സ്റ്റുഡൻസിനായി നടത്തിയ 3 ഡേയ്സ് പ്രോഗ്രാമിൽ 23-25വേ വരെ സിസ്റ്റർ എൽസിൻ ആലഞ്ചേരി, സിസ്റ്റർ ആശ അയിരൂക്കാരൻ എന്നിവർ പങ്കെടുത്തു. 24ന് വികർ ലിൻസാ മരിയ പാറേക്കാടൻ, സിസ്റ്റർ ജോസഫൈൻ പാലത്തിങ്കൽ എന്നിവർ കാക്കനാട് മൗണ്ട് സെൻറ് തോമസിൽ നടന്ന മേജർ സുപ്പീരിയസിന്റെ മീറ്റിങ്ങിൽ സംബന്ധിച്ചു ഇരുപത്തിയാറിന് വിജയവാഡയിൽ പ്രൊവിൻഷ്യൽ സെക്രട്ടറിമാരുടെ ഓറിയന്റേഷൻ പ്രോഗ്രാമിൽ സിസ്റ്റർ ജോസഫൈൻ പാലത്തിങ്കൽ പങ്കെടുത്തു. 29ന് ചേറ്റുപുഴ ഹൗസിൽ വച്ച് സിസ്റ്റേഴ്സിന്റെ ഫസ്റ്റ് ബാച്ച് ഗാദറിങ്ങ് നടത്തി. 31ന് ചേറ്റുപുഴ ഹൗസിൽ വെച്ച് സെക്കൻഡ് ഇയർ നോവിസസിനു വേണ്ടി ന ടത്തപ്പെടുന്ന Social awarness പ്രോഗ്രാം ആരംഭിച്ചു.

സി.എം.സി.

August മാസത്തിൽ ജെ ബി പറപ്പൂർ, കാർമൽ മൗണ്ട് മുള്ളൂർക്കര, എസ് എച്ച് ഓഫ് മേരിസ് കണ്ടശ്ശാംങ്കടവ്, സികെസി പാവർട്ടി എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ കാനോനിക സന്ദർശനം നടത്തി. ആഗസ്റ്റ് 9ന് പാലയൂർ സെന്റ് തോമസ് ദൈ വാലയത്തിൽ നിന്ന് രാവിലെ 7.45 ന് ഫൊറോന വികാരി റവ.ഫാ. ഡേവീസ് കണ്ണമ്പുഴ ആശീർവദിച്ച് കൈമാറുന്ന വി. എവുപ്രാസ്യമ്മയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള വിളംബര ജാഥയിലും ആഗസ്റ്റ് 16 ന് വി. എവുപ്രാസ്യമ്മ മാമ്മോ ദീസ സ്വീകരിച്ച എടത്തിരുത്തി പരിശുദ്ധ കർമലമാതാവിന്റെ ദൈവാലയത്തിൽ നിന്ന് വി. കുർബാനയോടുകൂടി ആരംഭിച്ച എവുപ്രാസ്യ ദീപശിഖാ പ്രയാണത്തിലും പ്രൊവിൻഷ്യൽ സുപ്പീ രിയറും സിസ്റ്റേഴ്സും പങ്കെടുത്തു. പ്രോവിൻസ് ഡേയോട നുബന്ധിച്ചുള്ള വിവിധ മൽസരങ്ങൾ പ്രോവിൻഷ്യൽ ഹൗസിൽ

വെച്ച് നടന്നു. ആലുവ ജനറലേറ്റിൽ വെച്ച് നടന്ന Higher Education meeting ൽ പ്രൊവിൻഷ്യാളമ്മയും, സി. മാർഗ്രറ്റ് മേരിയും സംബന്ധിച്ചു. ആഗസറ്റ് 17-ാം തിയതി സോഷ്യൽ വർക്ക് കൗൺസിലർ സി. മാർഗ്രറ്റ് മേരി യുടെനേതൃത്വത്തിൽ സാമൂഹ്യസേവനത്തെകുറിച്ചുള്ള online meeting നടത്തി. തൊഴുപാടം മരിയഭവൻ മഠത്തിനോടനുബന്ധിച്ചുള്ള നവീകരിച്ച ധ്യാന സെന്ററിന്റെ വെഞ്ചരിപ്പു കർമ്മത്തിൽ പ്രൊവിൻഷ്യൽ കൗൺസിൽ സംബന്ധിച്ചു. നിർമല പ്രൊവിൻസിന്റെ മഠങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളുടെ അതിർത്തികളിൽ പ്രൊവിൻഷ്യൽ കൗൺസിലും ഏതാനും സിസ്റ്റേഴ്സുംകൂടി ജപമാലപ്രദക്ഷിണം നടത്തി. ആഗസ്റ്റ് 20-29 ദിവസങ്ങളിൽ ഒല്ലൂർ വി. എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ ആഘോഷമായ ദിവ്യബലിയും നൊവേനയും ഉണ്ടായിരുന്നു. ആഗസ്റ്റ് 29ന് വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ദിനത്തിൽ മാനന്തവാടി സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ ദിവ്യബലിയും തിരുകർമങ്ങളും നടന്നു.

എഫ്.സി.സി

ആഗസ്റ്റ് മാസത്തെ മാസധ്യാനത്തിനൊരുക്കമായി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് 2-ാം തീയതി നടന്ന പ്രൊവിൻഷ്യൽ ആനിമേറ്റേഴ്സിന്റെ മീറ്റിംഗിൽ പ്രൊവിൻഷ്യൽ കൗൺസിലർ റവ. സി. റോസ് ജോസഫ് ക്ലാസ്സെടുത്തു. Digital Wellness എന്ന വിഷയത്തെ ആസ്പദമാക്കി തൃശൂർ കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ Lay Staff നുവേണ്ടി 6-ാം തീയതി ഒരു ഓൺലൈൻ ക്ലാസ്സ് സംഘടിപ്പിച്ചു. 12-ാം തീയതി തൃശൂർ സി ആർ ഐ യൂണിറ്റിന്റെ നേതൃത്വത്തിൽ തൃശൂർ ലൂർദ്ദ് SABS നിർമ്മലമാതാ സെൻട്രൽ സ്കൂളിൽവെച്ച് നടന്ന 50 വയസ്സിന് താഴെയുള്ളവർക്കായി സംഘടിപ്പിച്ച സെമിനാറിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. Digital Wellness ന്റെ ഭാഗമായി, സിസ്റ്റേഴ്സിന് AI Tools പരിചയപ്പെടുത്തുന്നതിന് 12-ാം തീയതി, തേവര കോളേജ് ഇംഗ്ലീഷ് വിഭാഗം പ്രൊഫസർ റവ. ഫാ. സാബു തോമസിന്റെ നേതൃത്വത്തിൽ ഓൺലൈൻ ക്ലാസ്സ് സംഘടിപ്പിച്ചു. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് 15, 16 തീയതികളിൽ യഥാക്രമം ലോക്കൽ സെക്രട്ടറിമാർ, ലോക്കൽ ട്രഷറർമാർ എന്നിവരുടെ മീറ്റിംഗ് നടന്നു. 22-ാം തീയതി മണലാടി ഹോളി ഏയ്ഞ്ചൽസ് കോൺവെന്റിൽവെച്ച് നടന്ന ഉപവാസ പ്രാർത്ഥനാ സമ്മേളനത്തിൽ വിവിധ ഭവനങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് സംബന്ധിച്ചു. 24-29 വരെ തീയതികളിൽ ആലപ്പുഴ ദനഹാലയിൽവെച്ച് നടന്ന പ്രോഗ്രാമിൽ 30 സിസ്റ്റേഴ്സ് പങ്കെടുത്തു.

സി. എസ്. എസ്.

മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേ കൈതകാട്ട് സി.എം. ഐ. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സി. എസ്. എസ്. റിന്യൂവൽ ടീമിന്റെ നേതൃത്വത്തിൽ renewal programme ന്റെ follow up ഓരോ ഹൗസുകളിലും വെച്ച് നടത്തപ്പെടുന്നു. സ്ഥാപകപിതാവ് മോൺ പോൾ ചിറ്റിലപ്പിള്ളിയെ കുറിച്ചുള്ള അനുഭവക്ലാസ്സുകൾ ജനറലേറ്റു തരത്തിൽ സംഘടിപ്പിക്കുകയും സിസ്റ്റേഴ്സും അർത്ഥിനികളും അതിൽ പങ്കെടുക്കുകയും ചെയ്തു. തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഡോക്ടർ സിസ്റ്റേഴ്സിന്റെ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ഡോ. റിറ്റ സി എസ് എസ് പങ്കെടുത്തു. സ്നേഹോദയ പ്രൊവിൻസിന്റെ പ്രൊവിൻസ്ഡേയോടനുബന്ധിച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് 13 മണിക്കൂർ ആരാധന നടത്തപ്പെട്ടു. പരിശുദ്ധ അമ്മയുടെ ജനന തിരുന്നാളിനോടനുബന്ധിച്ച് ഉണ്ണിമാതാവിന്റെ ലുത്തിനിയ എഴുതൽ മത്സരം സംഘടിപ്പിക്കുകയും സിസ്റ്റേഴ്സും അർത്ഥിനികളും അതിൽ പങ്കെടുക്കുകയും ചെയ്തു. മണ്ണുത്തി ഇടവകയിൽ സംഘടിപ്പിച്ച മുന്തിരിവള്ളി സമർപ്പിതസംഗമത്തിൽ സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസയും, സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റയും മറ്റു സിസ്റ്റേഴ്സും അർത്ഥിനികളും പങ്കെടുത്തു.

സി.എസ്.എം.

11.08.2026 സിസ്റ്റർ മെറിൻ ആന്റോ CSM, CRI എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. 23.08.2026 ലൂർദ്നാഥാ പ്രോവിൻസ്ഡേയും ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ റോസിൻ ജോസിന്റെ നാമഹേതുക തിരുനാളും പ്രാർത്ഥനാപൂർവ്വം സമുചിതമായി ആഘോഷിച്ചു 24.08.2026 കാക്കനാട് നടന്ന മെത്രാന്മാരുടെ സിനഡിനോടനുബന്ധിച്ച് മേജർ സുപ്പീരിയർമാർക്കായി സംഘടിപ്പിച്ച യോഗത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ റോസിൻ ജോസ് പങ്കെടുത്തു. 03.09.2026 മോൺ. ആന്റണി മാളിയേക്കൽ അച്ചന്റെ 25-ാം ചരമവാർഷികം തൃശ്ശൂർ അതിരൂപതയിലെ അനുഗ്രഹീതനായ വൈദികനും മർത്താ സന്യാസിനി സമൂഹത്തിന്റെ ഡയറക്ടറുമായിരുന്ന മോൺ. ആന്റണി മാളിയേക്കൽ അച്ചന്റെ 25-ാം ചരമവാർഷികം ഭക്ത്യാദരപൂർവ്വം ആചരിച്ചു. നൂറുകണക്കിന് വൈദികരുടെ ഗുരുനാഥനും ജാതിമതഭേദമന്യേ പൊന്നൂക്കര ദേശത്തിന് ആത്മീയവും സാമൂഹികവും സാമ്പത്തികവുമായ

മേഖലകളിൽ വിലമതിക്കാനാവാത്ത സേവനങ്ങൾ നൽകിയ മഹനീയ വ്യക്തിത്വവുമായിരുന്നു. മോൺ. ആന്റണി മാളിയേക്കൽ അച്ചൻ. സെപ്റ്റംബർ 3-ാം തീയതി വൈകുന്നേരം 5.15-ന് പൊന്നൂക്കര അസംപ്ഷൻ കോൺവെന്റിൽ അച്ചന്റെ ഭൗതികശരീരം അടക്കം ചെയ്തിരിക്കുന്ന കല്ലറയ്ക്കരികിൽ ഒപ്പീസ് പ്രാർത്ഥനയോടെ അനുസ്മരണച്ചടങ്ങുകൾ ആരംഭിച്ചു. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെയും നേതൃത്വത്തിൽ പ്രാർത്ഥനകൾ നടന്നു.

തുടർന്ന് അച്ചന്റെ ഛായാചിത്രം വഹിച്ചുകൊണ്ട് പൊന്നൂക്കര സെന്റ് ജോസഫ് പള്ളിയിലേക്ക് ഭക്തിനിർഭരമായ റാലി നടത്തി. വൈകുന്നേരം 6 മണിക്ക് സെന്റ് ജോസഫ് പള്ളിയിൽ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. എമിരറ്റസ് ബിഷപ്പ് മാർ ബോസ്കോ പുത്തൂർ, മാർ ടോണി നീലങ്കാവിൽ എന്നിവരും നിരവധി വൈദികരും സഹകാർമികരായി. വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന അനുസ്മരണ സമ്മേളനത്തിൽ മോൺ. ആന്റണി മാളിയേക്കൽ അച്ചന്റെ സ്നേഹനിർഭരമായ ജീവിതവും ആത്മീയ നേതൃത്വവും സമൂഹത്തിനായി അദ്ദേഹം ചെയ്ത നിസ്വാർത്ഥ സേവനങ്ങളും അനുസ്മരിച്ചു. തുടർന്ന് അച്ചന്റെ ഓർമ്മകൾ പങ്കുവെച്ചു കൊണ്ട് ശ്രാദ്ധ ഊട്ടും നടത്തി. അനുസ്മരണ സമ്മേളനത്തിൽ മർത്താ സന്യാസിനി സമൂഹത്തിന്റെ പ്രതിനിധിയായി സിസ്റ്റർ മെറിൻ ആന്റോ ഇടങ മോൺ. ആന്റണി മാളിയേക്കൽ അച്ചനോടൊപ്പമുള്ള തന്റെ അനുഭവങ്ങളും അച്ചന്റെ സ്നേഹനിർഭരമായ വ്യക്തിത്വത്തെക്കുറിച്ചുള്ള ഓർമ്മകളും പങ്കുവെച്ചുകൊണ്ട് സംസാരിച്ചു.

സി. എസ്. സി.

സുപ്പീരിയർ ജനറൽ ബഹു. മദർ റിൻസിയുടെ നാമഹേതക തിരുനാൾ ഓഗസ്റ്റ് 22-ാം തീയതി മരിയ ഭവൻ ജനറലേറ്റിൽ വച്ച് ആഘോഷിച്ചു. ഓഗസ്റ്റ് 24-ാം തീയതി സെന്റ് തോമസ് മൗണ്ട് കാക്കനാട് വച്ചുനടന്ന സിനഡ് ചർച്ചാ സമ്മേളനത്തിൽ സുപ്പീരിയർ ജനറൽ ബഹു.മദർ റിൻസി പങ്കെടുത്തു. ഓഗസ്റ്റ് 27, 28, 29 തീയതികളിൽ ജനറലേറ്റിൽ വച്ച് ജനറൽ പ്ലീനറിയും ജോയിന്റ് കൗൺസിൽ മീറ്റിംഗ് നടത്തി. ഓഗസ്റ്റ്24-ാം തീയതി സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിങ് പ്രോഗ്രാം ജനറലേറ്റിൽ വച്ചു നടത്തുകയുണ്ടായി. ആഗസ്റ്റ് 15ന് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ

ബഹുമാനപ്പെട്ട മദർ വെണ്മയുടെ നാമഹേതുക തിരുന്നാൾ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു സാഘോഷം കൊണ്ടാടി. ആഗസ്റ്റ് 27, 28 തിയ്യതികളിലായി കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു വിദ്യാർത്ഥികൾക്കായി 2 ദിവസത്തെ ഒറിയന്റേഷൻ സംഘടിപ്പിച്ചു. 2026 ആഗസ്റ്റ് 31ന് മുണ്ടത്തിക്കോട് ക്രൈസ്കിംഗ് കോൺവെന്റിൽ വച്ച് മരിയ പ്രവിശ്യയിലെ 3 അർഥിനിമാർ കാനോനിക്കൽ നോവിഷ്യേറ്റിലും സെപ്റ്റംബർ 3 നു തൃമ്പക്കോട് കോൺവെന്റിൽ വച്ചു 2 അർഥിനിമാർ ആസ്പിരൻസിയിലും പ്രവേശിച്ചു. CSC സഹയാത്രയുടെ ഭാഗമായി 2026 ആഗസ്റ്റ് 12-ന് പാലക്കാട്, നെന്മാറ, പോത്തുണ്ടി എന്നീ സ്ഥലങ്ങളിലെയും, ആഗസ്റ്റ് 19-ന് കൂർക്കഞ്ചേരി, കണ്ണംകുളങ്ങര, പല്ലിശ്ശേരി എന്നിവിടങ്ങളിലെ രോഗികളെയും സന്ദർശിച്ചു

ആദരാഞ്ജലികൾ



സി.എസ്.എസ്. സ്നേഹോദയ പ്രോവിൻസിലെ അംഗമായ റവ. സി. ലീന പോൾ 22..08.2026 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.



ചൂണ്ടൽ സാൻതോം മഠാംഗമായ സിസ്റ്റർ കാതറിൻ എക്സ്പെക്റ്റ സി എം സി 02/08/2026 ഞായറാഴ്ച്ച രാവിലെ 8 മണിക്ക് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. എമിരറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ മൃതസംസ്കാര കർമങ്ങൾ നിർവഹിക്കുകയും ചെയ്തു.



14/08 /2026. പുതുക്കാട് സെന്റ് ജോൺ ഓഫ് ദ ക്രോസ് മഠാംഗമായ സിസ്റ്റർ ദൊനാത്ത സി എം സി പുലർച്ച 4.15 ന് നിത്യ സമ്മാനത്തി നായി വിളിക്കപ്പെട്ടു. വൈകിട്ട് 5 മണിക്ക് എമിരറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ പ്രധാന കാർമികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നടത്തി.



17/08 /2026. തൃശൂർ സെന്റ് മേരീസ് മഠാംഗമായ സിസ്റ്റർ എൽസ സി എം സി വൈകിട്ട് 5.25 ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. 18/08/2026 ന് തൃശൂർ അതിരൂപ ത വികാരി ജനറാൾ മോൺസിഞ്ഞോർ ജെയ്സൺ കൂനംപ്ലാക്കലിന്റെ പ്രധാന കാർമികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നടത്തി.



വേലൂപാടം സെന്റ് പയസ് ടെൻത് മഠാംഗമായ സിസ്റ്റർ എലിസബത്ത് സെബി സി എം സി 23/08/2026 പുലർച്ച 2ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. എമിരറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നിർവഹിക്കുകയും ചെയ്തു.



സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻസ് മുക്കാട്ടുകര ബെത്ലെഹം ഭവനാംഗമായ സി.ജിയൊ മരിയ (41) അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 15.08.2026, ശനിയാഴ്ച രാത്രി 10.30ന് കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു. സംസ്കാരകർമ്മം 16.08.2026 ഞായറാഴ്ച വൈകീട്ട് 4.00 ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മുക്കാട്ടുകര ബെത്ലേഹം കോൺവെന്റ് ചാപ്പലിൽ വച്ച് നടത്തപ്പെട്ടു.



29.06.2026 തിരൂർ സിയോൻ റിന്യൂവൽ സെന്റർ ഭവനാംഗമായ സി. വൈറ്റസ് 2026 ആഗസ്റ്റ് 12-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് നിര്യാതയായി. 13-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് ബിഷപ്പ് എമരിറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻസീസ് അസ്സീസി കോൺവെന്റ് ചാപ്പലിൽ നടത്തി

ഫാ. സിജോ
പൈനാടത്ത് OFM.Cap
പ്രസിഡണ്ട്

സി. ജോളി
ചിറ്റിലപ്പിള്ളി FCC
സെക്രട്ടറി

ദുഃഖം സന്തോഷമായി മാറും
സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.
(യോഹ 16, 20)

മേരിമാതാ മേജർ സെമിനാരി

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനാഘോഷവും

ആഗസ്റ്റ് 15ന് മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ചുള്ള വേസ്പര പ്രാർത്ഥനയ്ക്ക് ബഹു. സെബാസ്റ്റ്യൻ ചാലയ്ക്കൽ അച്ചൻ മുഖ്യകാർമ്മികത്വം വഹിക്കുകയും, ബഹു. ജോസ് മനയത്തറ അച്ചൻ വചനസന്ദേശം നൽകുകയും ചെയ്തു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിവസം തൃശ്ശൂർ അതിരൂപത ചാൻസിലർ ബഹു. ഡൊമിനിക്ക് തലക്കോടൻ അച്ചന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. അതിനുശേഷം സെമിനാരിയിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. ബഹു. ഡൊമിനിക്ക് തലക്കോടൻ അച്ചൻ ദേശീയപതാക ഉയർത്തി. സ്വാതന്ത്ര്യദിനത്തിന്റെ സന്ദേശം മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥി ബഹു. ക്രിസ്റ്റീൻ കുളങ്ങര നൽകി.

ആദരാഞ്ജലികൾ

സെമിനാരിയിലെ മുൻ റെസിഡന്റ് പ്രൊഫസറും ആദ്ധ്യാത്മിക പിതാവുമായിരുന്ന റവ. ഫാ. തോമസ് സ്രാമ്പിക്കൽ നിര്യാതനായി. ബഹുമാനപ്പെട്ട അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ആഗസ്റ്റ് 21 ാം തീയതി സെമിനാരിയെ പ്രതിനിധീകരിച്ച് വൈദികരും ബ്രദേഴ്സും മറ്റ് സ്റ്റാഫ് അംഗങ്ങളും പങ്കെടുത്ത് പ്രാർത്ഥിച്ചു. ആഗസ്റ്റ് 25ാം തീയതി ബഹുമാനപ്പെട്ട റെക്ടർ ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ അച്ചന്റെ മുഖ്യകാർമികത്വത്തിൽ മേരിമാതാ കുടുംബത്തിലെ മരിച്ചുപോയ പ്രിയപ്പെട്ടവരുടെ ആത്മാക്കൾക്കുവേണ്ടി, വളരെ പ്രത്യേകമായി, നിത്യസമ്മാനത്തിന് വിളിക്കപ്പെട്ട ബഹു. തോമസ് സ്രാമ്പിക്കൽ അച്ചന് വേണ്ടി, വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

Extension Lecture

ആഗസ്റ്റ് 25 ന് Magnifica Humanitas എന്ന ചാക്രികലേഖനത്തെക്കുറിച്ച് ഫാ. സജി കണയങ്കൽ സി.എസ്.ടി., ഫാ. ടൈസൺ മണ്ടുംപാൽ എന്നീ വൈദികരുടെ നേതൃത്വത്തിൽ ഉച്ചയ്ക്ക് രണ്ടു മണിമുതൽ ക്ലാസ് എടുക്കുകയുണ്ടായി. ബ്രദേഴ്സിന് ഈ ചാക്രികലേഖനം കൂടുതലായി മനസ്സിലാക്കാൻ Extension Lecture സഹായകമായി.

മാസധ്യാനം

ആഗസ്റ്റ് മാസത്തെ മാസധ്യാനം 28, 29 തീയതികളിൽ നടന്നു. ബഹു. ജോയ് പുത്തൂർ അച്ചൻ മാസധ്യാനം നയിച്ചു. വിശുദ്ധ കുർബാനയിലുള്ള നമ്മുടെ സമർപ്പണം എങ്ങനെയായിരിക്കണം എന്നതായിരുന്നു ധ്യാനവിഷയം.

Inner Healing Sessions

ഒന്നാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾക്കായി ആഗസ്റ്റ് 28, 29, 30 തീയതികളിൽ ആന്തരികസൗഖ്യത്തിന് സഹായകമായ പരിശീലന ക്ലാസ് ഉണ്ടായിരുന്നു. തങ്ങളുടെ ജീവിതത്തെ സഹായിക്കുന്ന ഈ സെഷനിൽ എല്ലാ വൈദികവിദ്യാർഥികളും വളരെ സന്തോഷത്തോടെ പങ്കെടുത്തു.

ഡീക്കൻ മിനിസ്ട്രി

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ ഡീക്കൻ മിനിസ്ട്രി പൂർത്തിയാക്കി ആഗസ്റ്റ് 31 ന് ഡീക്കന്മാർ എല്ലാവരും സെമിനാരിയിൽ തിരിച്ചെത്തി.

നാടകം

സെപ്റ്റംബർ 5ാം തീയതി സെമിനാരിയിലെ കലാസാഹിത്യവേദിയായ സർഗ്ഗജ്യോതി അണിയിച്ചൊരുക്കിയ നാടകം 'സ്വർണ്ണനാക്ക്' അരങ്ങേറുകയുണ്ടായി. ബഹു. ഫാ. ഫിജോ ആലപ്പാടൻ നാടകത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചു. സെമിനാരിയിലെ വൈദിക വിദ്യാർഥികൾ വി. അന്തോണീസിന്റെ ജീവചരിത്രം മികവോടെ കാണികൾക്ക് മുമ്പിൽ അവതരിപ്പിച്ചു. നാടകാവതരണം എല്ലാവരുടേയും പ്രശംസ പിടിച്ചുപറ്റി. സർഗ്ഗജ്യോതി ഡയറക്ടർ ബഹു. ജോസ് മനയത്തറ അച്ചൻ എല്ലാ കാര്യങ്ങൾക്കും നേതൃത്വം നല്കി.

ബെഴ്സ് സ്ഥാപിച്ചവർ

Individual Benefactor Membership

1. ശ്രീ. പി. പി. ജോസ്, പൊറുത്തൂർ ഹൗസ്, പേരാമംഗലം പി.ഒ., തൃശൂർ, 680 545.
2. ശ്രീമതി ബെൽറ്റീന ടോണി, D/o സി. ഡി. ജെയിംസ്, വടക്കുംചേരി ഹൗസ്, ശ്രീമൂലനഗരം പി. ഒ., എടനാട്, എറണാകുളം, 683 580.
3. പാരിഷ്ണേഴ്സ്, ക്രൈസ്റ്റ് കിംഗ് ചർച്ച്, മുണ്ടത്തിക്കോട്, തൃശൂർ
4. ശ്രീ. അരുൺ ആന്റണി, കാപ്പാനി ഹൗസ്, ഒല്ലൂർ പി. ഒ., തൃശൂർ, 680 306.

ഫാ. സെബാസ്റ്റ്യൻ ചാലക്കൽ, റെക്ടർ

വിശ്വാസ പരിശീലനം

കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ എത്രയും വാത്സല്യമുള്ള കുഞ്ഞുമക്കളെ ....

എല്ലാവർക്കും ഈശോ മിശിഹായ്ക്കും സ്തുതിയായിരിക്കട്ടെ .....

എല്ലാവർക്കും സുഖമാണോ?

ഓണ പരീക്ഷകളും വെക്കേഷനുമൊക്കെയായി എല്ലാവരും തിരക്കിലായിരുന്നു അല്ലെ? എങ്കിലും എല്ലാവരും പള്ളിയിൽ പോകാനും പ്രാർത്ഥിക്കാനും ഒക്കെ സമയം കണ്ടെത്തുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഈശോയെ കൂട്ട് പിടിക്കാത്ത ഒരു ജീവിതത്തിന് നിലനിൽക്കുന്ന സന്തോഷവും സംതൃപ്തിയും ഉണ്ടാകില്ല എന്നുള്ളതാണ് വാസ്തവം. ഈശോയോട് സ്നേഹമുള്ള ഒരു വ്യക്തിക്കാണ് പരിശുദ്ധാത്മാവിന്റെ സഹായവും കൃപകളും ലഭിക്കുന്നത്. അതുകൊണ്ട് പ്രാർത്ഥിക്കുന്ന, ഈശോയോട് സ്നേഹമുള്ള മക്കളായി വളർന്നു വരുവാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം.

കത്തോലിക്കാ തിരുസഭയെ സംബന്ധിച്ചിടത്തോളം വളരെ സുപ്രധാനമായ ഒരു മാസത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. നമുക്ക് എല്ലാവർക്കും അറിയാവുന്നതുപോലെ ഒക്ടോബർ മാസം ഏറെ പ്രത്യേകമാവിധത്തിൽ പരിശുദ്ധ അമ്മക്ക് പ്രതിഷ്ഠിക്കപ്പെട്ട മാസമാണല്ലോ. ജപമാല ഭക്തിയിൽ വളർന്നു വരുവാനുള്ള വലിയ ആഹ്വാനമാണ് ഈ ഒരു മാസക്കാലം നമുക്ക് നൽകുന്നത്. നമ്മുടെ ഇടവകളിലും കുടുംബയൂണിറ്റുകളിലൊക്കെ ഇടവക സമൂഹം ഒന്ന്ചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് ഇത്തരുണത്തിൽ പതിവുള്ളതാണല്ലോ. ഈ ഒക്ടോബർ മാസത്തിൽ മാതാപിതാക്കളോടും ഇടവക കുടുംബത്തോടും ഒപ്പം ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ കുഞ്ഞുങ്ങളായ നിങ്ങൾ എല്ലാവരും പരിശ്രമിക്കണം. നമ്മുടെ പല കുടുംബങ്ങളിലും പ്രാർത്ഥിക്കുന്ന, ജപമാല ചൊല്ലുന്ന ഒരു ശീലത്തിന് കുറവ് സംഭവിക്കുന്നുണ്ടോ എന്നുള്ളത് പലപ്പോഴും എന്നെ അസ്വസ്ഥതപ്പെടുത്തുന്ന ഒരു കാര്യമാണ്. പ്രാർത്ഥനയില്ലാത്ത കുടുംബങ്ങളിൽ അസ്വസ്ഥതകൾ സ്വാഭാവികമാണ്. പിശാചിനെതിരെ പടപൊരുതാനുള്ള ആയുധങ്ങളിൽ ഒന്നാണ് ജപമാല എന്ന ആയുധം. അതുകൊണ്ട് നമ്മുടെ കുടുംബങ്ങളിൽ ജപ

മാല പ്രാർത്ഥന ചൊല്ലാൻ കുഞ്ഞുങ്ങളായ നിങ്ങളെല്ലാരും ആണ് മാതാപിതാക്കളെ പ്രോത്സാഹിപ്പിക്കേണ്ടതും തീക്ഷ്ണതയോടെ അവരോട് ആവശ്യപ്പെടേണ്ടതും.

ജപമാല നിരന്തരം ചൊല്ലി പ്രാർത്ഥിക്കുന്ന ഒരു കുഞ്ഞുമകൾക്കു ലഭിച്ച വലിയ അനുഗ്രഹത്തിന്റെ കഥ കഴിഞ്ഞ ദിവസം കേൾക്കാൻ ഇടയായി. പഠനത്തിൽ ഏറെ ബുദ്ധിമുട്ടും പല ശാരീരിക അസ്വസ്ഥകളും അലട്ടിക്കൊണ്ടിരുന്ന ഒരു ഏഴാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുഞ്ഞുമകൾ അവളുടെ നിഷ്കളങ്കമായ ശൈലിയിൽ എല്ലാദിവസവും പരിശുദ്ധ അമ്മക്ക് സ്വയം സമർപ്പിച്ചു ഈശോയോടുള്ള സ്നേഹത്തെ പ്രതി ജപമാല ചൊല്ലി പ്രാർത്ഥിച്ചപ്പോൾ ആ മകളുടെ എല്ലാ ശാരീരിക ബുദ്ധിമുട്ടുകൾ മാറി ഇന്ന് നന്നായി പഠിക്കാൻ സാധിക്കുന്നുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയത് ഞാൻ ഓർക്കുകയാണ്.

യേശുക്രിസ്തുവിന്റെ ജീവിതത്തിലെയും രക്ഷാകര ദൗത്യത്തിലെയും പ്രധാന സംഭവങ്ങളെ പരിശുദ്ധ അമ്മയോടൊപ്പം ധ്യാനിക്കുന്ന ഒരു പ്രാർത്ഥനയാണിത്. ജപമാല മറിയത്തോടുള്ള പ്രാർത്ഥനയാണെങ്കിലും, അതിന്റെ കേന്ദ്രം യേശുക്രിസ്തുവാണ്. സന്തോഷത്തിന്റെ, സങ്കടത്തിന്റെ, മഹിമയുടെ, പ്രകാശത്തിന്റെ എന്നിങ്ങനെ 20 ദിവ്യരഹസ്യങ്ങളിലൂടെ ക്രിസ്തുവിന്റെ ജനനം, പീഡാസഹനം, ഉത്ഥാനം എന്നിവ ധ്യാനിക്കപ്പെടുന്നു. പരിശുദ്ധ അമ്മയോട് ചേർന്ന് നിൽക്കുമ്പോൾ ഈശോക്ക് നമ്മെ അനുഗ്രഹിക്കാൻ നൂറ് കാരണങ്ങൾ ഉണ്ട്. കാനായിലെ കല്യാണ വിരുന്നു നമ്മെ പഠിപ്പിക്കുന്നതും അത് തന്നെയാണ് (യോഹന്നാൻ 2 :1-12). അപ്പസ്തോലപ്രവർത്തനങ്ങളുടെ പുസ്തകത്തിൽ അമ്മയോടൊപ്പം പ്രാർത്ഥിച്ച ഈശോയുടെ ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് ആവസിച്ചതും നമ്മൾ വചനത്തിൽ കാണുന്നു (അപ്പ. പ്രവ 1 :14 , 2 : 1-13).

ഈ ജപമാല മാസത്തിൽ മുടക്കം കൂടാതെ എല്ലാവരും ജപമാല ചൊല്ലി പ്രാർത്ഥിക്കണം. ജപമാല ചൊല്ലുന്ന ഒരു വ്യക്തിക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ; വിശുദ്ധിയിൽ നിലനിൽക്കാൻ സാധിക്കും, അനുദിനം നിലനിൽക്കുന്ന ആനന്ദം ലഭിക്കും, പരിശുദ്ധാൽമാവിന്റെ വരദാന ഫലങ്ങൾ കൊണ്ട് നിറയും, വിവേകവും വിചാരവും ലഭിക്കും, ശരിയായി വിവേചിച്ചറിയുന്നതിനുള്ള അനുഗ്രഹം ലഭിക്കും, ദൈവഹിതത്തിനു വേണ്ടി നിലനിൽക്കാനുള്ള കൃപ ലഭിക്കും.

ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ നമുക്ക് ആത്മാർഥമായി പ രിശ്രമിക്കാം അങ്ങനെ വിശുദ്ധിയിൽ വളർന്നു വിശുദ്ധരായി തീരാൻ ഈശോ എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

മാർ ആൻഡ്രൂസ് താഴത്ത്

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

വിശ്വാസപരിശീലനകേന്ദ്ര വാർത്തകൾ

I. ഞായറാഴ്ച വിശ്വാസപരിശീലന വാർത്തകൾ

1. മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷവും വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ അവാർഡ് ദിനവും

2026 ആഗസ്റ്റ് 15 ശനിയാഴ്ച്ച ഉച്ചക്ക് 1.30 മുതൽ തൃശ്ശൂർ ഡി. ബി. സി. എൽ. സി. ഓഡിറ്റോറിയത്തിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിച്ചു. പിതാവിന് സമ്മാനമായി വിശ്വാസപരിശീലകരും വിശ്വാസപ രിശീലന വിദ്യാർത്ഥികളും ചേർന്ന് ഒരുക്കിയ സ്പിരിച്വൽ ബൊക്കെ സീറോ മലബാർ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവും അതിരൂപത വിശ്വാസപരിശീലന ഡയറക്ടർ, അസി.ഡയറക്ടർ, ഫൊറോന പ്രമോട്ടർമാരുടെ പ്രതിനിധി, വിശ്വാസപരിശീലന കൗൺസിൽ കൺവീനർ, പ്രിൻസിപ്പൽമാരുടെ പ്രതിനിധി, രക്ഷാകർതൃപ്രതിനിധി, അതിരൂപ ത വിശ്വാസപരിശീലന കേന്ദ്രം ഓഫീസ് പ്രതിനിധി, സ്റ്റുഡന്റ് കൗൺസിൽ പ്രതിനിധി എന്നിവരും ചേർന്ന് സമ്മാനിച്ചു. ദിവ്യ ബലി - 208590, വിശ്വാസപ്രമാണം - 742027, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ് - 1787182, എത്രയും ദയയുള്ള മാതാവേ -1015050, സുകൃതജപം - 9348589. പിതാവിന് ഇതുവരെ ലഭിച്ചതിൽ ഏറ്റവും വിലപിടിച്ച സമ്മാനമാണ് ഇതെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ അറിയിച്ചു. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ വിശ്വാസപ രിശീലന യൂണിറ്റിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച രംഗ പൂജയിലൂടെ പരിപാടികൾ ആരംഭിച്ചു. വിശ്വാസപരിശീലന കൗൺസിൽ ജോയന്റ് സെക്രട്ടറി ശ്രീമതി ജൂഡിത്ത് ജോമോൻ വി.ഗ്രന്ഥപാരായണം നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സ്വാഗതമേകി. സീറോ മലബാർ മേജർ ആർച്ച്ബിഷപ്പ്

അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ജേർ ആർച്ച്ബിഷപ്പിന് തൃശ്ശൂർ അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ആദരം അഭിവന്ദ്യ പിതാക്കന്മാർ ചേർന്ന് സമ്മാനിച്ചു. വിശ്വാസപരിശീലന ഡയറക്ടർ ഫാ. സൈജോ തൈക്കാട്ടിൽ ആശംസകളും പൗരോഹിത്യ സുവർണ്ണ ജൂബിലി മംഗളങ്ങളും നേർന്ന് സംസാരിച്ചു. എ.സി.സി. 1-ാം റാങ്ക് ജേതാവ് മിസ് അവിനാമരിയ പ്ളസ് ടു 1-ാം റാങ്ക് ജേതാവ് മാസ്റ്റർ അനന്വയ് എന്നിവർ മറുപടി പ്രസംഗം നടത്തി. വിശ്വാസപരിശീലന അസി. ഡയറക്ടർ ഫാ. ഫ്രാൻസൊ തെക്കത്ത് നന്ദി പറഞ്ഞു. വിവിധ മേഖലകളിൽ വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ യോഗം അനുമോദിക്കുകയും സർട്ടിഫിക്കറ്റുകൾ സമ്മാനിക്കുകയും ചെയ്തു.

ഒന്നു മുതൽ എസിസി വരെ മുടങ്ങാതെ വന്ന വിദ്യാർത്ഥികൾ, എസിസി, പ്ലസ്ടു റാങ്ക് ഹോൾഡേഴ്സ്, സൺഡേ കാറ്റകിസം സ്കോളർഷിപ്പ് പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾ, എന്നിവക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. വിവിധ ഇടവകകളിൽ നിന്നുമായി 870 എ. സി. സി. വിദ്യാർത്ഥികൾ വിശ്വാസപരിശീലനം പൂർത്തിയാക്കി.

2. സ്വാഗതം

വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ വിവിധ പരിശീലന പരിപാടികളുടെ പ്രോഗ്രാം കോർഡിനേറ്ററായി ചുമതലയേറ്റ റവ. ഫാ. ജീസ്മോൻ ചെമ്മണ്ണൂരിന് വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് ഹൃദ്യമായ സ്വാഗതം

3. ഏകദിന സെമിനാർ

6, 5, 4, 3, 2 ക്ലാസ്സുകളിലെ വിശ്വാസപരിശീലകർക്ക് ആഗസ്റ്റ്16, 23, 30, സെപ്റ്റംബർ 6,13 തിയതികളിലായി ഏകദിന സെമിനാറുകൾ നടന്നു. റവ.ഡോ. സൈജോ തൈക്കാട്ടിൽ, റവ. ഡോ. ടൈസൺ മണ്ടുംപാൽ, ശ്രീമതി ആൻ ജോർജ്, ശ്രീമതി ഷെറിൻ ഡേവിസ്, ശ്രീമതി ഷാന്റി ജെ തട്ടിൽ, ശ്രീമതി ജോൺസി സീജോ എന്നിവർ ക്ലാസ്സുകൾ നയിച്ചു. അധ്യാപക സഹായിയുടെ ഉപയോഗം, ലെസൺ പ്ലാനിങ്ങ്, പാഠപുസ്തകങ്ങളുടെ അവതരണം, ക്ലാസ്സ് പി.ടി.എ.യെക്കുറിച്ചുള്ള അവതരണം എന്നിവ ഉണ്ടായിരുന്നു. 5 ആഴ്ചകളിലായ് 1250 വിശ്വാസപരിശീലകർ പങ്കെടുത്തു.

4. ക്രിസ്ഫോം

എ.സി.സി., 12 ക്ലാസ്സുകാർക്കുള്ള ക്രിസ്തീയ ജീവിത പരിശീലന പരിപാടിയായ ക്രിസ്ഫോമിന്റെ ബാച്ച് 5 ആഗസ്റ്റ് 28-30

തിയതികളിലായി ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടന്നു. 28 വിദ്യാർത്ഥികൾ പങ്കെടുത്തു. സർട്ടിഫിക്കറ്റുകൾ നൽകി.

5. മാജിസ്

7, 12 ക്ലാസ്സുകാർക്കായി നടത്തുന്ന മാജിസ് കോഴ്സിൽ ഓൺലൈൻ കോഴ്സുകളും ഓഫ്ലൈൻ കോഴ്സുകളും നടന്നുകൊണ്ടിരിക്കുന്നു. ക്ലാസ്സുകൾ നയിച്ചത് ഡോ. മാണി കെ. പീറ്റർ, ശ്രീ. സോണി വർഗ്ഗീസ് , റവ. ഡോ. ആൻ കരോലിൻ സി, എച്ച്. എഫ്., റവ. സി. നീമ ഗ്രെയ്സ് സി. എച്ച്. എഫ്., റവ. ഡോ. ഷെറിൻ മരിയ സി. എച്ച്. എഫ്., റേമ അക്കാദമി, വിശ്വാസപരിശീലന ഡയറക്ടർ ഡോ. സൈജോ തൈക്കാട്ടിൽ, ഫാ. ജീസ്മോൻ ചെമ്മണ്ണൂർ, മാജിസ് ആനിമേറ്റർ സി. കാർമൽ മരിയ സി.എസ്. എം എന്നിവർ നേതൃത്വം നൽകി.

II. പൊതു അറിയിപ്പുകൾ

1. അർദ്ധവാർഷിക പരീക്ഷകൾ
   ഒക്ടോബർ 04 : Std. I, III, V, VII, IX, XI, ACC
   ഒക്ടോബർ 11 : Std. II, IV, VI, VIII, X, XII

2. ഇടവകകളിൽ ക്ലാസ്സ് പി. ടി. എ: കൂടേണ്ടത്
   ഒകടോബർ 18 Std. II, III
   ഒകടോബർ 25- Std.I, Nursery

3. ബേസിക് സിടിസി –ബാച്ച് 1 ഒക്ടോബർ 19–21 (തിങ്കൾ– ബുധൻ) പുതുതായി ചേർന്ന വിശ്വാസപരിശീലകർക്കുള്ള കോഴ്സ്. 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും (നവാധ്യാപകർക്കുള്ള കോഴ്സിൽ പങ്കെടുത്തവർ ഒഴികെ) സിടിസി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

4. 10–ാം ക്ലാസ്സ് ഏകദിന സെമിനാർ ഒക്ടോബർ 25

   10–ാം ക്ലാസ്സിലെ മാറ്റിവെച്ച ഏകദിന സെമിനാർ ഒക്ടോബർ 25 ന് നടത്തുന്നു. 10–ാം ക്ലാസ്സിലെ എല്ലാ അധ്യാപകരും ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

5. അർദ്ധദിന സെമിനാർ : വിശ്വാസപരിശീലകരായ സെമിനാരി വിദ്യാർത്ഥികൾക്ക് നവംബർ 1 ന്

   ഒക്ടോബർ 25 ന് നടത്താൻ നിശ്ചയിച്ചിരുന്ന അർദ്ധദിന സെമിനാർ നവംബർ 1 ലേക്ക് മാറ്റിയിരിക്കുന്നു. 2 മണി മുതൽ 5 മണി വരെ ഡി ബി സി എൽ സി യിൽ.

6. നവംബർ 4 – വിശ്വാസപരിശീലകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ

7. നവംബർ 8 – വിശ്വാസപരിശീലകരുടെ ദിനാഘോഷം (ഇടവകതലത്തിൽ)

8. നവംബർ മാസത്തെ ക്രിസ്ഫോം കോഴ്സുകൾ

നവംബർ 06–08 ബാച്ച് 11
നവംബർ 20–22 ബാച്ച് 12

(രണ്ട് ബാച്ചുകളിലും ഇതുവരെ ക്രിസ്ഫോമിൽ പങ്കെടുക്കാൻ പറ്റാത്ത വിദ്യാർത്ഥികൾക്കുള്ള അവസരമാണ്. ബന്ധപ്പെട്ടവർ കുട്ടികളെ പങ്കെടുപ്പിക്കാൻ മുൻകൈയെടുക്കുമല്ലോ.)

9. മാർക്ക് എൻട്രി, ഹാജർ – സോഫ്റ്റ്വെയറിൽ

അർദ്ധവാർഷിക പരീക്ഷയുടെ മാർക്ക് എൻട്രി, അർദ്ധവാർഷിക പരീക്ഷാതിയതി വരെയുള്ള ദിവസങ്ങളിലെ ഹാജർ – സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യേണ്ട അവസാന തിയതി – നവംബർ 9

10. പുനഃപരീക്ഷ: 1 മുതൽ 11 വരെയുള്ള ക്ലാസ്സുകൾക്ക് പുനപരീക്ഷാദിവസം യൂണിറ്റുകൾക്ക് നിശ്ചയിക്കാവുന്നതാണ്. ചോദ്യപേപ്പർ ഇടവകതലത്തിൽ തയ്യാറാക്കേണ്ടതാണ്.

11. XII, ACC പുനഃപരീക്ഷ തിയതി നവംബർ 15

XII, ACC പരീക്ഷകളിൽ തോറ്റവർക്കും മുടങ്ങിയവർക്കും നവംബർ 15 ന് പുഃനപരീക്ഷ ഇടവകതലത്തിൽ നടത്തുന്നു. ചോദ്യപേപ്പർ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നതാണ്.

III. **വിശ്വാസപരിശീലകർക്കുള്ള കോഴ്സുകളും സെമിനാറുകളും – ഒക്ടോബർ**

വിശ്വാസപരിശീലകർക്ക് ഏകദിന സെമിനാറുകൾ

ഒക്ടോബർ 4 : നഴ്സറി
ഒക്ടോബർ 11: 1–ാം ക്ലാസ്സ്
ഒക്ടോബർ 18: അഡീഷണൽ ടീച്ചേഴ്സ്
(9.30 AM - 04.30 PM; ഡി. ബി. സി. എൽ. സി.)

മേൽപറഞ്ഞ ക്ലാസ്സുകളിലെ വിശ്വാസപരിശീലകർ അവർക്ക് നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ സെമിനാറിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്. വിശ്വാസപരിശീലകർ ടെക്സ്റ്റ് ബുക്ക്, അധ്യാപക സഹായി, നോട്ട്ബുക്ക്, പേന എന്നിവ കൊണ്ടു വരേണ്ടതാണ്.

ഫാ. സൈജോ തൈക്കാട്ടിൽ, ഡയറക്ടർ

INSTITUTE OF THEOLOGY

TRICHUR D B C L C

(Phone : 0487- 2333245, Mob : 9188131341)

1. കോഴ്സ്സുകൾ

a. B.A. in Theology and Religious Studies (Three Years)

ഫസ്റ്റ് സെമസ്റ്ററിലെ Biblical Hebrew (Rev. Fr. Francis Koothur), Theological and Pastoral Reflection on Communication (Rev. Dr. Daijo Porathur), Introduction to Eastern Theology (Rev. Dr. Paul Pulikkan), എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

b. Certificate Course in Theology (One Year)

സെപ്റ്റംബർ 6, 20 തിയ്യതികളിൽ ഇതരമതങ്ങളോടുള്ള കത്തോലിക്കാസഭയുടെ കാഴ്ചപ്പാട് (Rev. Dr. Vincent Kundukulam), അനുരജ്ഞനകൂദാശ (Rev. Dr. Denny Thanikkal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

c. Advanced Certificate Course in Theology (Six Months)

സന്യാസിനികൾക്കായി ആറ് മാസത്തെ Regular Theology Course - മേരിമാതാ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു. വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും പതിനൊന്നോളം സന്യസിനികൾ പങ്കെടുക്കുന്നു.

d. Certificate Course on Sacred Liturgy

സെപ്റ്റംബർ 6, 20 തിയ്യതികളിൽ ആരാധനക്രമസംഗീതം (Rev. Dr. Sinto Porathur), സീറോ മലബാർ കുർബാനയുടെ അടയാളങ്ങളും പ്രതീകങ്ങളും -(Rev. Dr.Johnson Chittilapplly), എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

e. Catechism of the Catholic Church (CCC)

സെപ്റ്റംബർ 13 ന് CCC Course ന്റെ Final Exam നടന്നു. 44 പേർ കോഴ്സ് വിജയകരമായി പൂർത്തികരിച്ചു.

f. Certificate Course on Guidance and Counselling

സെപ്റ്റംബർ 13, 27 തിയ്യതികളിൽ Developmental Psychology (Rev. Dr. Paul Chalissery) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

g. Certificate Course on Sacraments and Sacramentals

സെപ്റ്റംബർ 6, 20 തിയ്യതികളിൽ സ്ഥൈര്യലേപനം (Rev. Sr. Pradeepa CMC), മാമോദീസ (Rev. Fr. Shinto Thombiyil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

h. Online Certificate Course in Theology (Two Years)

26.09.2026 ശനിയാഴ്ച 6.30 ന് ആദ്യ ക്ലാസ് ആരംഭിക്കുന്നു. അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്. മാസംതോറും രണ്ട് ആഴ്ച ശനി, ഞായർ ദിവസങ്ങളിൽ Online ആയി ക്ലാസ്സ്

ഫാ. സൈജോ തൈക്കാട്ടിൽ
ഡയറക്ടർ

എക്സൽ അക്കാദമി

K-TET (കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്)

K-TET പരിശീലനത്തിനു വേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കേരളത്തിലെ സ്കൂളുകളിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ലാംഗ്വേജ് ക്ലാസുകളിലേക്ക് അധ്യാപകരെ നിയമിക്കുന്നതിനായി കേരള പരീക്ഷാഭവൻ നടത്തുന്ന നിർബന്ധിത സംസ്ഥാനതല പരീക്ഷയാണ് K-TET. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് ആവശ്യമായ ഗുണനിലവാരം ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിന് വേണ്ടി കേരള പരീക്ഷാഭവൻ വർഷത്തിൽ രണ്ടുതവണ (സാധാരണയായി ഫെബ്രുവരി/ജൂൺ മാസങ്ങളിൽ) ഈ പരീക്ഷ നടത്തുന്നു.

ഒക്ടോബർ/നവംബർ ബാച്ചിലേക്ക് ചേരാൻ താത്പര്യമുള്ളവർ ഉടൻ രജിസ്റ്റർ ചെയ്യുക.

കൂടുതൽ വിവരങ്ങൾക്കും ഫീസ് നിരക്കുകൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി എക്സൽ അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

Civil service courses (സിവിൽ സർവീസ് കോഴ്സ്)

സിവിൽ സർവീസ് കോച്ചിംഗ് ഡെയിലി ആൻഡ് വീക്കെൻഡ് ക്ലാസുകൾ സെപ്റ്റംബർ മാസത്തിൽ ആരംഭിച്ചു. ശനി ഞായർ വീക്കെൻഡ് ബാച്ചുകളും ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്നു.

ഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥികൾക്കും, പിജി വിദ്യാർത്ഥികൾക്കും അഡ്മിഷൻ എടുക്കാവുന്നതാണ്.

പ്രധാനമായും നാല് വർഷത്തെ ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷയ്ക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തിയാക്കുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ അക്കാഡമി ഓഫീസിൽ ബന്ധപ്പെടുക. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ അഭ്യർത്ഥന പ്രകാരം യോഗ്യരായ വിദ്യാർത്ഥികൾക്ക് ഭാഗികമായ ഇളവ് നൽകുന്നതാണ്. താല്പര്യമുള്ളവർ രജിസ്ട്രേഷനായി ഒക്ടോബർ 15 നകം എക്സൽ അക്കാദമിയിൽ ബന്ധപ്പെടുക

Coaching Centre for Minority Youth (ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. അഡ്മിഷനായി ഒക്ടോബർ 10നുള്ളിൽ ഓഫീസുമായി ബന്ധപ്പെടുക. ക്ലാസ്സുകൾ നടത്തുന്നത് തൃശ്ശൂർ സെന്റ്. തോമസ് കോളേജ് ജൂബിലി ബ്ലോക്കിൽ ആണ്. ക്ലാസ്സുകളിൽ പ്രവേശിക്കാൻ താത്പര്യമുള്ളവർ തൃശ്ശൂർ ആർച്ച്ബിഷപ്പ് ഹൗസ് ഡി. ബി. സി. എൽ. സി. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൽ അക്കാഡമിയിൽ ബന്ധപ്പെടുക. പഠനം തികച്ചും സൗജന്യമാണ്. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

ഫാ. സൈജോ തൈക്കാട്ടിൽ

ഡയറക്ടർ
Contact: Excel Academy: 9744941585
Prof. Dr. Mani K Peter- Academic Head: 9847235070
Ashik Thomas - Administrative & Technical Support: 7907326322

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

മുലയൂട്ടൽ വാരാചരണം

പ്രസവ-സ്ത്രീരോഗ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ലോക മുലയൂട്ടൽ വാരാചരണം വിവിധ ബോധവത്കരണ വിദ്യാഭ്യാസ പരിപാടികളോടെ വിജയകരമായി ജൂബിലിയിൽ ആചരിച്ചു. ഗർഭിണികൾക്കും അമ്മമാർക്കുമായി ഓൺലൈനായി ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. പറവട്ടാനി സി.എച്ച്.സി.-യിൽ

ഗർഭിണികൾക്കും അമ്മമാർക്കുമായി സമൂഹ ബോധവത്ക്കരണ പരിപാടി നടത്തി. മുലയൂട്ടലിനെക്കുറിച്ചുള്ള വിവരക്കുറിപ്പുകൾ വിതരണം ചെയ്യുകയും ആവശ്യമായ സാഹചര്യങ്ങളിൽ ലാക്ടേഷൻ സഹായം തേടാൻ അമ്മമാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഗൈനക്കോളജി ഒ.പി.യിൽ രോഗികൾക്കും കൂട്ടിയിരിപ്പുകാർക്കും പൊതുജനങ്ങൾക്കുമായി പൊതുബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

നേത്രചികിത്സയ്ക്ക് അത്യാധുനിക ഉപകരണങ്ങളുമായി ജൂബിലി

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ നേത്രരോഗ വിഭാഗത്തിലെ രോഗികൾക്ക് കൂടുതൽ മികച്ചതും സുരക്ഷിതവുമായ ചികിത്സ ഉറപ്പാക്കുന്നതിനായി അത്യാധുനിക ചികിത്സാ ഉപകരണങ്ങൾ സജ്ജമാക്കി. നേത്ര ശസ്ത്രക്രിയകൾ കൂടുതൽ കൃത്യതയോടെയും സുരക്ഷിതവുമായി നടത്തുന്നതിനായി അൽകോണിന്റെ അത്യാധുനിക ഫാകോ മെഷീൻ ഉൾപ്പെടെയുള്ള ഉപകരണങ്ങളും ശസ്ത്രക്രിയകളിൽ കൂടുതൽ വ്യക്തതയും കൃത്യതയും ഉറപ്പാക്കുന്ന കാൾസയ്സ്-ന്റെ (Carl Zeiss) സാങ്കേതിക വിദ്യയിലുള്ള ശസ്ത്രക്രിയ മൈക്രോസ്കോപ്പും വിഭാഗത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. പുതിയ ഉപകരണങ്ങളുടെ സഹായത്തോടെ നേത്രരോഗങ്ങളുടെ വിദഗ്ധ ചികിത്സയും ശസ്ത്രക്രിയകളും കൂടുതൽ സുരക്ഷിതമായും കാര്യക്ഷമമായും നടത്താൻ സാധിക്കും.

ജൂബിലി മോൺ. മുരിങ്ങാത്തേരി അവാർഡ് 2026

സ്ഥാപക ഡയറക്ടർ മോൺ. മാത്യു മുരിങ്ങാത്തേരിയുടെ സ്മരണാർത്ഥം ആരോഗ്യമേഖലയിൽ മിഷണറി ഉൾക്കാഴ്ച്ചയോടെയുള്ള സേവനങ്ങൾ പ്രോത്സാഹിപ്പിക്കാൻ സമ്മാനിക്കുന്ന ദേശീയതല അവാർഡിന് ഡോ. വിജയ് ആനന്ദ് ഇസ്മവേൽ അർഹനായി. അമ്പതിനായിരും രൂപയും പ്രശസ്തിപത്രവും അടങ്ങുതാണ് അവാർഡ്. ഒക്ടോബറിൽ ജൂബിലി മിഷൻ ആശുപത്രിയിൽ നടക്കുചടങ്ങിൽ അവാർഡ് സമ്മാനിക്കും.

ആസാമിലെ ആദിവാസി മേഖലയായ മകുണ്ടയിൽ അടച്ചുപൂട്ടിയിരുന്ന മകുണ്ട ക്രിസ്ത്യൻ കുഷ്ഠരോഗാശുപത്രി ഡോ. വിജയ് ആനന്ദും ഭാര്യ ഡോ. ആനും ചേർന്ന് 1993-ൽ പുനരാരംഭിച്ച് ആദിവാസികൾക്ക് അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ നൽകിയതിനുള്ള അംഗീകാരമായാണ് അവാർഡ് സമ്മാനിക്കുത്.

അലൈഡ് ഹെൽത്ത് ടെക്നോളജിസ്റ്റുകളുടെ സംസ്ഥാന സമ്മേളനം

സ്വകാര്യ മേഖലയിലെ അലൈഡ് ഹെൽത്ത് ടെക്നോളജിസ്റ്റുകളുടെ സംഘടനയായ AHTOPS ന്റെ (അലൈഡ് ഹെൽത്ത് ടെക്നോളജിസ്റ്റ്സ് ഓഫ് പ്രൈവറ്റ് സെക്റ്റർ) സംസ്ഥാനതല തുടർവിദ്യാഭ്യാസ പരിപാടിയും ജനറൽ ബോഡി യോഗവും നടന്നു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചു. ലാബ് ഡയറക്ടർ ഡോ. സുശീല ജേക്കബ്ബ് ഇന്ന സമ്മേളനത്തെ അഭിസംബോധന ചെയ്ത് ആശംസകൾ നേർന്നു. ശ്രീ. ഷാർലെറ്റ് പ്രചോദനാത്മകമായ സന്ദേശം നൽകി. സ്വകാര്യ മേഖലയിലെ അലൈഡ് ഹെൽത്ത് ടെക്നോളജിസ്റ്റുകൾ നേരിടുന്ന വിവിധ വിഷയങ്ങളും സമീപകാല പ്രശ്നങ്ങളും സംബന്ധിച്ച് AHP സെക്രട്ടറി ലിറിക്ക് എബ്രഹാം വിശദീകരണം നൽകി. സംഘനയുടെ പ്രവർത്തനങ്ങളും അംഗങ്ങളുടെ വിവിധ ആവശ്യങ്ങളും സംബന്ധിച്ച ചർച്ചകളും യോഗത്തിൽ നടന്നു.

ഡയാലിസിസിന് സംഭാവന നൽകിയവർ

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജെയ്മി ജോൺ, പൊറത്തൂർ ഹൗസ്, കാക്കശ്ശേരി, തൃശ്ശൂർ
- ആൽഫ ഫാർമ, പരിയാരം, ചാലക്കുടി, തൃശ്ശൂർ
- ജാൻസി ആന്റണി, കിഴക്കുംപാട്ടുകര, തൃശ്ശൂർ
- ഹോളി ഫാമിലി യൂണിറ്റ്, സെന്റ് ജോസഫ്സ് ചർച്ച്, കുരിയിച്ചിറ, തൃശ്ശൂർ
- സാജു കെ. വി, കുത്തൂർ ഹൗസ്, ഏനാമാക്കൽ, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം

അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

ഫാ. റെന്നി മുണ്ടൻകുര്യൻ

ഡയറക്ടർ

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജ്, മുള്ളൂർക്കര

അധ്യാപകദിനാഘോഷവും പ്രിൻസിപ്പാളിന്റെ ജന്മദിനാഘോഷവും

അധ്യാപക ദിനാഘോഷവും പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മലച്ചന്റെ ജന്മദിനാഘോഷവും സെപ്റ്റംബർ 7 തിങ്കളാഴ്ച രാവിലെ 10 മണിക്ക് സംഘടിപ്പിച്ചു. അധ്യാപകരുടെ സമർപ്പണവും വിദ്യാഭ്യാസരംഗത്തെ സംഭാവനകളും അനുസ്മരിച്ചുകൊണ്ടായിരുന്നു അധ്യാപക ദിനാഘോഷം.

കോളേജ് യൂണിയൻ ഉദ്ഘാടനം

കോളേജ് യൂണിയന്റെ ഉദ്ഘാടനവും ആർട്സ് ക്ലബ് ഉദ്ഘാടനവും സെപ്റ്റംബർ 9 ബുധനാഴ്ച രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. കോളേജ് മാനേജർ മോൺ. ജോസ് കോനിക്കര കോളേജ് യൂണിയന്റെ ഉദ്ഘാടനം നിർവഹിച്ചു. കലാമണ്ഡലം സംഗീത ആർട്സ് ക്ലബിന്റെ ഉദ്ഘാടനം നിർവഹിച്ചു. വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുന്നതിനും യൂണിയനും ആർട്സ് ക്ലബും സഹായകമാകുമെന്ന് ഉദ്ഘാടകർ അഭിപ്രായപ്പെട്ടു. അധ്യാപകരും വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു.

എൻ.എസ്.എസ്. ദിനാഘോഷം

എൻ.എസ്.എസ്. ദിനാഘോഷം സെപ്റ്റംബർ 24ന് വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. സമൂഹസേവനത്തിന്റെ പ്രാധാന്യവും യുവജനങ്ങളുടെ സാമൂഹിക ഉത്തരവാദിത്വവും ഉയർത്തിക്കാട്ടുന്നതായിരുന്നു ദിനാഘോഷം. എൻ.എസ്.എസ്. വോളണ്ടിയർമാരുടെ സജീവ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ നടന്നു സാമൂഹിക പ്രതിബദ്ധതയും സേവന മനോഭാവവും വളർത്തുന്നതിൽ എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ പ്രാധാന്യം ചടങ്ങിൽ ചൂണ്ടിക്കാട്ടി.

ലോക ടൂറിസം ദിനാഘോഷം

ടൂറിസം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലോക ടൂറിസം ദിനാഘോഷം സെപ്റ്റംബർ 25ന് രാവിലെ 10 മണിക്ക് സംഘടിപ്പിച്ചു. ടൂറിസത്തിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക

പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടി. വിനോദസഞ്ചാര മേഖലയുടെ സാധ്യതകളും ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രാധാന്യവും പരിപാടിയിൽ ചർച്ച ചെയ്തു. ടൂറിസം ക്ലബ് അംഗങ്ങളും അധ്യാപകരും വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുത്തു.

ഫാ. ചാക്കോ ചിറമ്മൽ കോളേജ് പ്രിൻസിപ്പൽ
ഫാ. ഷിജു ചിറ്റിലപ്പിള്ളി അസി.മാനേജർ

കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

1. ഓർമ്മിക്കാൻ...ആചരിക്കാൻ...

1 വ്യാഴം	–	വി. കൊച്ചുത്രേസ്യ
2 വെള്ളി	–	ഗാന്ധി ജയന്തി, ആദ്യവെള്ളി, വി. കുർബാന
3 ശനി	–	വി. ഫ്രാൻസീസ് അസീസി
9 വെള്ളി	–	തപാൽ ദിനം
16 വെള്ളി	–	ലോക ഭക്ഷ്യദിനം
24 ശനി	–	യു.എൻ. ദിനം
31 ശനി	–	ഇന്ദിരാഗാന്ധി ചരമദിനം

2. ജപമാലമാസം

ഒക്ടോബർ മാസം ജപമാലമാസമായി നാം ആചരിക്കുകയാണല്ലൊ. ജപമാല ഭക്തിയിൽ വളരുവാൻ നമ്മുടെ അദ്ധ്യാപക – അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുക. അതിനുതകുന്ന പരിപാടികൾ വിദ്യാലയങ്ങളിൽ ആസൂത്രണം ചെയ്യുമല്ലൊ.

ഫാ. ജോയ് അടമ്പുകുളം മാനേജർ

ഫാമിലി അപ്പൊസ്തോലേറ്റ് സെന്റർ

ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്തോലേറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. സാധാരണയായി ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 7,8,9 – 20,21,22 (ചൊവ്വ, ബുധൻ, വ്യാഴം) – 28,29,30. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്തോലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

വിവാഹ ജൂബിലി ആഘോഷങ്ങൾ

വിവാഹജീവിതത്തിന്റെ 5, 10, 25, 50, 60 വർഷങ്ങൾ പിന്നിടുന്ന വിവിധ ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാരൊത്ത് ദിവ്യബലി അർപ്പിക്കാനും പ്രാർത്ഥനാശംസകൾ നേരാനും ഫാമിലി അപ്പൊസ്തോലേറ്റ് ഒരു അവസരം ഒരുക്കുന്നു. ബഹു. അച്ചന്മാർ ഈ കാര്യം ഞായറാഴ്ച്ചയിലെ അറിയിപ്പുകളിൽ ഉൾപ്പെടുത്തി പങ്കെടുക്കുവാനുള്ളവരുടെ പേരും വ്യക്തമായ മേൽവിലാസവും ഒക്ടോബർ 31 ന് മുൻപായി ഫാമിലി അപ്പൊസ്തോലേറ്റിലേക്ക് എത്തിക്കുകയോ അല്ലെങ്കിൽ email - familythrissur@gmail.com അല്ലെങ്കിൽ വാട്സപ്പ് നമ്പർ 9188945416 അയക്കുകയോ ചെയ്യുമല്ലോ.

വിവാഹരജത ജൂബിലി – ഡിസംബർ 5, ശനി 9.00 am - 1.00 pm – തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ

പത്താം വാർഷികം – ഡിസംബർ 6, ഞായർ 1.30 pm - 5.00 pm – തൃശ്ശൂർ ബസിലിക്ക

വിവാഹത്തിന്റെ സുവർണ്ണ (50) & ഷഷ്ടിപൂർത്തി (60) ജൂബിലികൾ – ഡിസംബർ 12, ശനി 9.00 am - 1.00 pm – തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ

അഞ്ചാം വാർഷികം – ഡിസംബർ 13, ഞായർ 1.30 pm - 5.00 pm പറവട്ടാനി

ജൂബിലി ആഘോഷങ്ങൾ നടത്തപ്പെടുന്നു. ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കേണ്ടവർ വികാരിയച്ചന്മാർ മുഖേന പേരു നൽകേണ്ടതാണ്.

ഫാ. ടിങ്കിൾ വാഴപ്പിള്ളി,
ഡയറക്ടർ

ഫാ. അനീഷ് കൂത്തൂർ, ഫാ. ബിജു ജോസഫ് ആലപ്പാട്ട്
അസി. ഡയറക്ടർമാർ



കുടുംബകൂട്ടായ്മ

ഫാമിലി ഫെസ്റ്റ്

കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുള്ള കലാ സാഹിത്യ മത്സരങ്ങൾ ഒക്ടോബർ 10,11,18 തിയ്യതികളിൽ അതിരൂപതതല മത്സരങ്ങൾ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുന്നു.

ഒക്ടോബർ 10 ശനി

കഥാരചന (9.30 am), കവിതാ രചന (11.00 am), ലേഖനം (1.00 pm), വചനമെഴുത്ത് (2.30 pm)

ഒക്ടോബർ 11 ഞായർ

നിമിഷ പ്രസംഗം (1.30 pm), സംഘഗാനം (1.30 pm), പുത്തൻ പാന (3.30 ാ)

ഒക്ടോബർ 18 ഞായർ

സ്കിറ്റ് (1.30 pm)

ഫൊറോന തലത്തിലെ വിജയികളുടെ പേരുകൾ അതിരൂപതയിൽ ഫൊറോന ആനിമേറ്ററുടെ അനുമതിയോടെ രജിസ്റ്റർ ചെയ്യണം. 9895234609.

ഉണർവ് – 2026

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് – 2026 പൂമല, പേരാമംഗലം, പുത്തൻപീടിക, കൊട്ടേക്കാട്, തൊയ്യക്കാവ്, തിരൂർ ഇടവകകളിൽ നടത്തി. ഉണർവ്വ് – 2026 എന്ന ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും പുതിയ

കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 8281064381.

ലുമെൻ

(റിസോഴ്സ് / ലേ ലീഡേഴ്സ് ടീം പരിശീലനം)

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടവകയിലെ കുടുംബകൂട്ടായ്മകളിൽ നേതൃത്വം വളർത്താനും വിഷയാവതരണം നടത്തുന്നതിന് വേണ്ടി ഒരു റിസോഴ്സ് / ലേ ലീഡേഴ്സ് ടീമിനെ (ലുമെൻ) സജ്ജമാക്കുന്നു. ഇതിനായി ഇടവകകളിൽ നിന്ന് അഭിരുചിയുള്ള വ്യക്തികളെ തിരഞ്ഞെടുത്ത് അയക്കുവാൻ അഭ്യർത്ഥിക്കുന്നു. നേതൃത്വ വാസനയും യൂണിറ്റുകളിൽ വിഷയാവതരണത്തിന് അഭിരുചിയുമുള്ള വ്യക്തികളുടെ പേരുകൾ ഒക്ടോബർ 30 ന് മുമ്പായി ഫാമിലി അപ്പസ്തലേറ്റിലെ ഓഫീസിൽ വികാരിയച്ചന്റെ അനുമതിയോടെ പേരുകൾ രജിസ്ട്രർ ചെയ്യുക. വാട്സാപ്പ് നമ്പർ : 9847724615

ഫാ. ടിങ്കിൾ വാഴപ്പിള്ളി, ഡയറക്ടർ
ഫാ.അനീഷ് കൂത്തൂർ, അസി. ഡയറക്ടർ
പ്രൊഫ. ജോർജ്ജ് അലക്സ്, ജനറൽ കൺവീനർ
എ. ഡി. ഷാജു, ജനറൽ സെക്രട്ടറി



മാതൃവേദി

സീറോമലബാർ സഭ ചരിത്ര പഠന പരമ്പര ക്ലാസ്സ്

മാതൃവേദി അംഗങ്ങൾക്കായി വിശുദ്ധ കുർബാനയും ആരാധനയും സീറോ മലബാർ സഭ ചരിത്ര പഠന പരമ്പരയെ കുറിച്ചുള്ള ക്ലാസ്സും ഒക്ടോബർ 19-ാം തിയതി തിങ്കളാഴ്ച 9.30 മുതൽ 12.30 വരെ സംഘടിപ്പിക്കുന്നു. മാതൃവേദി അമ്മമാരെ പ്രത്യേകം ക്ഷണിക്കുന്നു.

കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം നടത്തേണ്ടത് വേലൂർ, മറ്റം ഫൊറോനകളിലെ

ഇടവകകളാണ്. താൽപര്യമുള്ളവർ ഒക്ടോബർ 19-ാം തിയ്യതി തിങ്കളാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

ഗ്രൂപ്പ് ഡാൻസ് മത്സരം

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല ഗ്രൂപ്പ് ഡാൻസ് മത്സരം ഒക്ടോബർ 19-ാം തിയ്യതി തിങ്കളാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മണിക്കായിരിക്കും. ഫൊറോനതലത്തിൽ ഒന്നാം സ്ഥാനം നേടുന്നവരാണ് അതിരൂപത മത്സരത്തിൽ പങ്കെടുക്കേണ്ടത്.

ഫാ. ടിങ്കിൾ വാഴപ്പിള്ളി, ഡയറക്ടർ
ഫാ.അനീഷ് കൂത്തൂർ, അസി. ഡയറക്ടർ
ശ്രീമതി ഉജ്ജ്വല ബിജു, പ്രസിഡണ്ട്
ശ്രീമതി റീന വർഗ്ഗീസ്, സെക്രട്ടറി



ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

ഭ്രൂണഹത്യക്കെതിരെ അഖണ്ഡ ജപമാല യജ്ഞം

ഒക്ടോബർ മാസം ഭ്രൂണഹത്യക്കെതിരെയും ജീവസംരക്ഷണത്തിനുമായുള്ള അഖണ്ഡ ജപമാല യജ്ഞം - ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 10.00 മണി മുതൽ ഉച്ചക്ക് 1.00 മണി വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ ചാപ്പലിൽ ദിവ്യകാരുണ്യ സന്നിധിയിൽ ആരാധനയും ജപമാല സമർപ്പണവും നടത്തുന്നു.

തിരുമണിക്കൂർ ആരാധന, വി. കുർബാന

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഒക്ടോബർ 5 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഏലീശ്വാ സഹഗമനം

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല

കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ഒക്ടോബർ മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ഒക്ടോബർ 11-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 7.00 മുതൽ 8.00 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി, ഡയറക്ടർ
ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ, പ്രസിഡന്റ്



പിതൃവേദി

വാർഷികങ്ങൾ

വേലൂർ സെന്റ് ഫ്രാൻസിസ് ഫൊറോന ഇടവക പിതൃവേദിയുടെ പത്താം വാർഷികാഘോഷങ്ങൾ തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. വാർഷികത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികളുടെ പ്രകാശനവും അഭിവന്ദ്യ പിതാവ് നിർവഹിച്ചു. വീണ്ടശ്ശേരി ഇടവക പിതൃവേദിയൂണിറ്റിന്റെ ഒന്നാം വാർഷികം പ്രത്യേക വചനപ്രഘോഷണ ശുശ്രൂഷകളോടെ ഭക്തിസാന്ദ്രമായി ആചരിച്ചു.

പരസ്നേഹപ്രവൃത്തികൾ

പെരിങ്ങോട്ടുകര ഇടവക പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ഇടവകയിലെ മുതിർന്ന പൗരന്മാരെ ആദരിക്കുന്ന ചടങ്ങ് നടന്നു. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി ചടങ്ങുകൾക്ക് നേതൃത്വം നൽകി. മുണ്ടൂർ ഇടവക പിതൃവേദിയൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾക്കും നാട്ടുകാർക്കുമായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

ആദരവുകളും സെമിനാറുകളും

ഒല്ലൂർ ഇടവക അഞ്ചേരി മേഖലയിൽ എസ്.എസ്.എൽ.സി, പ്ലസ് ടു, ഉന്നത വിദ്യാഭ്യാസ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ പിതൃവേദി അംഗങ്ങളുടെ മക്കളെ അനുമോദിക്കുകയും പുരസ്കാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു. ഒല്ലൂർ ഇടവക ഗലീലി സെന്റ് ചാവറ പിതൃവേദി യൂണിറ്റ് 'കുട്ടികളുടെ വിശ്വാസ

പരിശീലനത്തിലും മാനസികാരോഗ്യത്തിലും മാതാപിതാക്കളുടെ പങ്ക്' എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. ഫാ. സിജോൺ കുഴിക്കാട്ടുമാലിൽ സെമിനാറിന് നേതൃത്വം നൽകി. ഉന്നതവിജയം നേടിയ കുട്ടികൾക്ക് അതിരൂപത ഡയറക്ടർ അവാർഡുകൾ വിതരണം ചെയ്തു.

പുതിയ യൂണിറ്റുകൾ

കണ്ണാറ സെന്റ് ജോസഫ് ദൈവാലയം ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. അതുപോലെ തന്നെ പൂത്തറക്കൽ ഇടവകയിലും പുതിയ യൂണിറ്റിന് ആരംഭം കുറിച്ചു. കോനിക്കര ഇടവകയിൽ പിതൃവേദി യൂണിറ്റിന്റെ പുതിയ ഭാരവാഹികളായി പ്രസിഡന്റ്: സോജു കൊമ്പാറക്കാരൻ, സെക്രട്ടറി: ജോജു തെക്കുംപീടിക, ട്രഷറർ: വർഗീസ് വാഴപ്പറമ്പിൽ എന്നിവരെ തിരഞ്ഞെടുത്തു.

ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി, ഡയറക്ടർ
ശ്രീ. ജോസഫ് പി. ടി, പ്രസിഡന്റ്

ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

ദമ്പതി ധ്യാനം

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ഒക്ടോബർ – 9,10,11 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രം, നെടുപുഴയിൽ വച്ച് സംഘടിപ്പിക്കുന്നു. ഒക്ടോബർ 9 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 11 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

ആത്മീയ സായാഹ്നം

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ഒക്ടോബർ 10-ാം തിയ്യതി കാച്ചേരി മഡോണ സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി. ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

ACADEMIC SESSION

ലോഫ് അക്കാഡമിക് സെക്ഷൻ ഒക്ടോബർ 25-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

Harmony Family Retreat at Kottayam

കോട്ടയം ജീസസ് യൂത്ത് ഫാമിലി മിനിസ്ട്രിക്കുവേണ്ടി ലോഫിന്റെ നേതത്വത്തിൽ എന്ന പേരിൽ ദമ്പതിധ്യാനം 2026 ആഗസ്റ്റ് 27 മുതൽ 29 വരെ കോട്ടയം കോതനല്ലൂർ തൂവാനിസ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. മൂന്ന് ദിവസങ്ങളിലായി നടന്ന ധ്യാനം കുടുംബങ്ങളെ ക്രിസ്തുവിൽ കേന്ദ്രീകരിച്ച് ദാമ്പത്യബന്ധങ്ങളെ കൂടുതൽ ആഴപ്പെടുത്തുവാനും ശക്തിപ്പെടുത്തുവാനും സഹായിച്ച അനുഗ്രഹീത അവസരമായിരുന്നു.

ഫാ.ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി,
ഡയറക്ടർ

ഡോ. ജോണി തോമസ് & ഡോ. ബെറ്റ്സി ജോണി
പ്രസിഡണ്ട് ദമ്പതികൾ

തൊഴിൽ അഭ്യസനപീഠം ഐ.ടി ഐ മഡോണ നഗർ

1) 2026 സെപ്റ്റംബർ 2 നവാഗതർക്ക് സ്വാഗതവും, വാർഷിക പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങിയവർക്കും, ലോകകപ്പ് പ്രവചനമത്സരത്തിന്റെ സമ്മാന ദാനവും നടന്നു. പ്രിൻസിപ്പാൾ എം.ഐ പോൾ എല്ലാവർക്കും സ്വാഗതം പറഞ്ഞു. അധ്യക്ഷൻ ഫാ ജിജോ കപ്പിലാംനിരപ്പേലും ഉദ്ഘാടനം മോൺ. ജോസ് കോനിക്കരയും ആശംസ കൗൺസിലർ സന്തോഷും, നന്ദി സൈമൺ ബാബുും അടങ്ങിയ സദസ്സ് ഏറെ പ്രൗഢമായിരുന്നു. ഇലക്ട്രിഷ്യൻ, ഇലക്ട്രോണിക്സ്,ഫിറ്റർ, ഡ്രാഫ്റ്റ്മാൻ സിവിൽ എന്നീ വിഷയങ്ങളിലായി 53 പേർ 2026- 27 അധ്യയനവർഷത്തിൽ പ്രവേശനം നേടി.

2) മാതാപിതാക്കൾക്കും നവാഗതർക്കും ഫാ. പ്രദീപ് മാപ്രാണത്തുകാരന്റെ നേതൃത്വത്തിൽ രണ്ട് ദിവസം നീണ്ട ഒറിയന്റേഷൻ

പ്രോഗ്രാം ഉണ്ടായിരുന്നു. രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ ഹോസ്പിറ്റലിലെ നഴ്സിംഗ് വിദ്യാർത്ഥികൾ നടത്തിയ സി പി ആർ പരീശീലനവും, ലഹരിയ്ക്കെതിരെ എന്ന പ്രോഗ്രാമും ഉണ്ടായിരുന്നു.

3) 2027-28 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. താത്പര്യമുള്ളവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

0487 2426740,9895126740

മോൺ ജോസ് കോനിക്കര, മാനേജർ

ഫാ ജിജോ കപ്പിലാംനിരപ്പൽ, അസ്സി. മാനേജർ



ചിൽഡ്രൻസ് മിനിസ്ട്രി

ജൂനിയർ സി എൽ സി പതാകദിനം 2025

വി. കൊച്ചുത്രേസ്യായുടെ തിരുന്നാൾ ദിനമായ ഒക്ടോബർ 1 ന് ജൂനിയർ സി എൽ സി അംഗങ്ങൾ പതാകദിനമായി ആചരിക്കേണ്ടതാണ്. വി. കൊച്ചുത്രേസ്യായുടെ തിരുന്നാളിന്റെ മംഗളങ്ങൾ എല്ലാ ജൂനിയർ സി. എൽ സി അംഗങ്ങൾക്കും ഒത്തിരി സ്നേഹത്തോടെ നേരുന്നു.

മിഷൻ കളക്ഷൻ, പ്രയർ ഫ്രണ്ട് കളക്ഷൻ, ജീസസ്സ് ബെർത്ത് ഡേ പാർട്ടി കളക്ഷൻ, വാർഷിക റിപ്പോർട്ട്

a. തിരുബാലസഖ്യം

'കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ' എന്ന ആദർശ വാക്യം ഉൾകൊണ്ട് മിഷൻ പ്രദേശങ്ങളിലെ കുഞ്ഞുങ്ങളെ സഹായിക്കാൻ തിരുബാലസഖ്യാംഗങ്ങൾ ചെറിയ ഫണ്ട് രൂപീകരണം (മിഷൻ കളക്ഷൻ) യൂണിറ്റ് തലത്തിൽ നടത്തേണ്ടതാണ്.

b. അൾത്താരസംഘം

ആതുരാലയങ്ങളിലെ രോഗികളെ സഹായിക്കാൻ ചെറിയ ത്യാഗ പ്രവർത്തികളിലൂടെ അൾത്താരസംഘാംഗങ്ങൾ ഒക്ടോബർമാസത്തിൽ പ്രയർ ഫ്രണ്ട് കളക്ഷൻ സമാഹരിക്കുന്നു. ഒപ്പം ഒക്ടോബർ മാസത്തിൽ ഓരോ യൂണിറ്റിലേക്കും ലഭിക്കുന്ന മാലാഖ കുറിപ്പ് ഫോം കുട്ടികൾക്ക് വിതരണം ചെയ്ത് പ്രയർ ഫ്രണ്ടിന് വേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കുട്ടികൾ ഓരോ ദിവസവും ചെയ്യുന്ന സൽക്രിയകൾ മാലാഖകുറിപ്പിൽ രേഖപ്പെടുത്തേണ്ടതുമാണ്.

c.ജൂനിയർ സി.എൽ.സി.

ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് ആതുരാലയങ്ങളിലെ രോഗികളെ സഹായിക്കാൻ എന്ന ലക്ഷ്യവുമായി ജൂനിയർ സി.എൽ. സി അംഗങ്ങൾക്ക് ജീസസ്സ് ബെർത്ത് ഡേ പാർട്ടി എന്ന ഒരു കവർ നൽകാറുണ്ട്. ഒപ്പം ജപമാല മാസത്തോടനുബന്ധിച്ച് യൂണിറ്റ്തല റോസറി കളക്ഷനും നടത്തേണ്ടതാണ്. ഒക്ടോബർ മാസത്തിൽ ഒരു യൂണിറ്റിലെ ജൂനിയർ സി.എൽ.സി. സംഘടനാംഗങ്ങൾ ചൊല്ലുന്ന ജപമാലയുടെ മൊത്തം എണ്ണമാണ് റോസറി കളക്ഷൻ കൊണ്ട് അർത്ഥമാക്കുന്നത്. അത് രേഖപ്പെടുത്താനുള്ള ഗൂഗിൾ ഫോം ലിങ്ക് നിങ്ങൾക്ക് മാസത്തിന്റെ ഒടുവിൽ നൽകുന്നതാണ്.

ഇടവകയിലെ ചിൽഡ്രൻസ് മിനിസ്ട്രിയിലെ ഓരോ സംഘടന കളുടേയുടെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ അറിയുന്നതിനും വിലയിരുത്തുന്നതിനുമായി എല്ലാവർഷവും നൽകാറുള്ളതുപോലെ ഓരോ സംഘടനയ്ക്കുമുള്ള വാർഷികറിപ്പോർട്ടിന്റെ കോപ്പികളും ഇതോടൊപ്പം കവറിൽ നിങ്ങൾക്ക് ലഭിക്കുന്നതാണ്. ഈ ഫോമുകളോട് ചേർത്ത് നിങ്ങൾക്ക് റിപ്പോർട്ട് എഴുതുവാനായി നൽകിയ റിപ്പോർട്ട് ഫോർമാറ്റും ചേർക്കേണ്ടതാണ്.

ഓരോ യൂണിറ്റിൽ നിന്നും മേൽപറഞ്ഞ പ്രവർത്തനങ്ങളിലൂടെ വിവിധ സംഘടനകൾ ശേഖരിക്കുന്ന സംഖ്യയും, അൾത്താരസംഘ ത്തിന്റെ പ്രയർ ഫ്രണ്ട് കളക്ഷൻ ഫോമും (മാലാഖ കുറിപ്പ്), ജൂനി യർ സി.എൽ.സി.യുടെ ജീസസ്സ് ബെർത്ത് ഡേ പാർട്ടി കൗണ്ടർ കൂപ്പണും, റോസറി കളക്ഷനും കവറിലാക്കി യൂണിറ്റ് ആനിമേറ്റർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഡിസംബർ 31 ന് മുമ്പ് വാർഷിക റിപ്പോർട്ടിനോടൊപ്പം ഏല്പിക്കേണ്ടതാണ്. അതിരൂപ താതലത്തിൽ ഓരോ സംഘടനയിലും അംഗസംഖ്യയുടെ ആനു പാതികത്തിൽ ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്ന യൂണിറ്റി നും, മികച്ച മാലാഖകുറിപ്പിനും സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

മിഷൻ കളക്ഷൻ കവറും, പ്രയർ ഫ്രണ്ട് കളക്ഷൻ കവറും, മാലാഖ കുറിപ്പും, ജീസസ്സ് ബെർത്ത് ഡേ പാർട്ടി കവറും 2026 സെപ്റ്റബർ 28 മുതൽ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

അതിരൂപതാതല കലാമത്സരങ്ങൾ 2026

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി ഒക്ടോബർ 20-ാം തിയ്യതി

ചൊവ്വാഴ്ച കുരിയച്ചിറ, സെന്റ് ജോസഫ് മോഡൽ സ്കൂളിൽ വച്ച് രാവിലെ 8.30 ന് അതിരൂപതാതല കലാമത്സരം സംഘടിപ്പിക്കുന്നു. ഫൊറോന പ്രൊമോട്ടേഴ്സ് ഒക്ടോബർ 02 ന് മുമ്പായി അതിരൂപത എൻട്രി ഫോം പൂരിപ്പിച്ച് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള അതിരൂപതാതല കലാമത്സരം നവംബർ 07ാം തിയ്യതി ശനിയാഴ്ച രാവിലെ 8.30 ന് സെന്റ് ജോസഫ്സ് മോഡൽ സ്കൂളിൽ വെച്ച് നടത്തപ്പെടുന്നതാണ്. മത്സരത്തിന്റെ എൻട്രി ഫോം പൂരിപ്പിച്ച് യൂണിറ്റ് ആനിമേറ്റർ ഒക്ടോബർ 15 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്ക് ഫൊറോനതല മത്സരം ഉണ്ടായിരിക്കുന്നതല്ല.

ബൈബിൾ പൂക്കളേഴ്സ് 2026

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി ജൂനിയർ സി.എൽ.സിയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി ബൈബിൾ പൂക്കളേഴ്സ് 2026 സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നായ് നാല്പതോളം വചനപൂക്കളങ്ങൾ ലഭിച്ചു. വചന പൂക്കളമത്സരത്തിന്റെ മത്സരഫലം ചുവടെ ചേർക്കുന്നു.

സമ്മാനർഹരായവർ

ഒന്നാം സമ്മാനം 1024 അന്ന മരിയ അൽജു & ടീം വരാന്തരപ്പിള്ളി

രണ്ടാം സമ്മാനം 1000 അലീന ജെയ്സൺ & ടീം ചിറയ്ക്കൽ

മൂന്നാം സമ്മാനം 1018 ആൻസെലിൻ സി . എസ് & ടീം വിയ്യൂർ

എ ഗ്രേഡ് ലഭിച്ചവർ

1025 ആഷ്ലിൻ റോസ് & ടീം അമ്മാടം

1037 ഫാ. ഡെറിൻ & ടീം മുണ്ടൂർ

1039 സി. കാരുണ്യ & ടീം ഏനമാക്കൽ

1014 ബെൻഹർ & ടീം കാഞ്ഞാണി

1009 ജുവൽ ബ്രജിത്ത് & ടീം ആറ്റത്തറ

SAINTS' QUIZ 2026

വിശുദ്ധ ജീവിതം നയിക്കുന്നവരെക്കുറിച്ച് പഠിക്കുവാനും അവരുടെ മാതൃകകൾ അനുദിനം ഉൾക്കൊള്ളുവാനും തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജൂനിയർ സി. എൽ. സി. യും മിഷൻലീഗും സംയുക്തമായി വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി ഈ വർഷവും Saints' Quiz 2K2627 സംഘടിപ്പിക്കുന്നു. പഠനസഹായി ചിൽഡ്രൻസ് മിനിസ്ട്രി

ഓഫീസിൽ തയാറായിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ്: 20 രൂപ. രജിസ്റ്റർ ചെയ്യുന്നവർക്ക് പുസ്തകം സൗജന്യമായി നൽകുന്നതാണ്.

മത്സര ക്രമം & തീയതികൾ:

ഇടവകതലം: യൂണിറ്റ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ

(2026 നവംബർ 1 ഞായർ, സമയം: 03:00 pm to 03:30 pm)

ഫൊറോനതലം: ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രമോട്ടറുടെ നേതൃത്വത്തിൽ

(2026 നവംബർ 29 ഞായർ, സമയം: 03:00 pm to 04:30 pm)

അതിരൂപതതലം: ചിൽഡ്രൻസ് മിനിസ്ട്രി അതിരൂപത ഡയറക്ടറുടെ നേതൃത്വത്തിൽ

(2026 ജനുവരി 3 ഞായർ, സമയം: 02:00 pm to 04:30 pm)

വിഭാഗങ്ങളും മത്സരരീതിയും:

വിഭാഗങ്ങൾ:

- SubJunior (STD V-VII)
- Junior (STD VIII-X)
- Senior (STD XI-ACC)

ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന കുട്ടികളെ ചേർത്ത് 3 പേർ മാത്രമടങ്ങുന്ന ഒരു ടീമായിരിക്കും ഫൊറോനതലത്തിൽ മത്സരിക്കേണ്ടത്.

ഓരോ ഫൊറോനയിലും ഒന്നാം സ്ഥാനത്തിന് അർഹരായ ഒരു ടീമായിരിക്കും [ഓരോ വിഭാഗത്തിൽ നിന്നും ഓരോരുത്തർ അടങ്ങുന്നതാണ് ഒരു ടീം] അതിരൂപതാ തലത്തിൽ മത്സരിക്കേണ്ടത്.

ഇടവക തലത്തിലും ഫൊറോനതലത്തിലും എഴുത്തുപരീക്ഷയായും, അതിരൂപതാ തലത്തിൽ എഴുത്ത്, ഓഡിയോ, വിഷ്വൽ രീതികളിലുമായിരിക്കും മത്സരം നടത്തപ്പെടുക. Cash Award കൾ പതിവ് പോലെ ഉണ്ടായിരിക്കുന്നതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

അനിമേറ്റർമാരുടെയും ലീഡർമാരുടെയും തിരഞ്ഞെടുപ്പ്

അടുത്ത പ്രവർത്തനവർഷത്തേക്കുള്ള Children's Ministry ഇടവക അനിമേറ്റർമാരെയും ലീഡർമാരെയും ഒക്ടോബർ, നവംബർ മാസത്തിൽ തിരഞ്ഞെടുക്കേണ്ടതാണ്.

അനിമേറ്റർമാർ: കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഓരോ സംഘടനയ്ക്കും ഒന്നിൽ കൂടുതൽ ആനിമേറ്റർമാരെ തിരഞ്ഞെടുക്കാവുന്നതാണ്.

ലീഡർമാർ: കുട്ടികളിൽ നിന്ന് ലീഡർമാരെ തിരഞ്ഞെടുക്കുമ്പോൾ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം.

തിരഞ്ഞെടുക്കപ്പെടുന്ന അനിമേറ്റർമാരുടെയും ലീഡർമാരുടെയും പ്രവർത്തന കാലയളവ് 2027 ജനുവരി മുതൽ 2027 ഡിസംബർ വരെയായിരിക്കും.

പ്രാത്ഥിക്കാം പ്രവർത്തിക്കാം

തിരുവചനം : 'പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ട് ക്രിസ്തു ക്രിസ്തുവിന്റെ നിയമം പൂർത്തിയാക്കുവിൻ'. (ഗലാ6:2)

സുകൃതജപം: ഈശോയെ, മനസ്സിലും ഹൃദയത്തിലും വേദനിക്കുന്നവരോടൊപ്പം വസിക്കണമേ.

പരിചയപ്പെടുന്ന വിശുദ്ധ : വിശുദ്ധ മേരിലെയോണി പാരഡി (Saint MarieLéonie Paradis) 1840 മേയ് 12ന് കാനഡയിലെ ക്യൂബെക്കിലുള്ള എൽ അക്കാഡി (L'Acadie) എന്ന ഗ്രാമത്തിൽ വിർജീനിഅലോഡി പാരഡി എന്ന പേരോടെയാണ് അവർ ജനിച്ചത്. ചെറുപ്പം മുതലേ ദൈവവിശ്വാസത്തിലും പ്രാർത്ഥനയിലും വളർന്ന അവൾക്ക് 14 ാം വയസ്സിൽത്തന്നെ സന്യാസ ജീവിതത്തോടുള്ള ആഗ്രഹം ശക്തമായി. തുടർന്ന് 'മരിയാനൈറ്റ്സ് ഓഫ് ഹോളി ക്രോസ്' എന്ന സമൂഹത്തിൽ ചേരുകയും 'സിസ്റ്റർ മേരി ഓഫ് സെന്റ് ലെയോണി' എന്ന പേര് സ്വീകരിക്കുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ കാനഡ, ന്യൂയോർക്ക്, ഇൻഡ്യാന എന്നിവിടങ്ങളിലെ സ്കൂളുകളിലും അനാഥ മന്ദിരങ്ങളിലും അധ്യാപികയായും പരിചാരികയായും അവർ സേവനമനുഷ്ഠിച്ചു.

1880ൽ ന്യൂ ബ്രൺസ്വിക്കിലെ സെന്റ് ജോസഫ്സ് കോളേജിൽ സേവനം ചെയ്യവേ, വൈദികരുടെയും സെമിനാരികളുടെയും ദൈനംദിന ആവശ്യങ്ങൾക്കായി സഹായിക്കുന്ന ഒരു പുതിയ സന്യാസിനി സമൂഹത്തിന് അവർ തുടക്കമിട്ടു. 'ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ദ ഹോളി ഫാമിലി' എന്ന പേരിലറിയപ്പെട്ട ഈ പ്രസ്ഥാനം, അക്കാലത്ത് വിദ്യാഭ്യാസമോ ഭൗതിക സാഹചര്യങ്ങളോ ഇല്ലാത്ത നിർധനരായ പെൺകുട്ടികൾക്ക് ദൈവസേവനത്തിനായി സന്യാസ ജീവിതം സ്വീകരിക്കാൻ വലിയ അവസരമൊരുക്കി. ഭക്ഷണശാലാ പരിപാലനം, തയ്യൽ, രോഗീപരിചരണം തുടങ്ങിയ പ്രായോഗികമായ പ്രവർത്തനങ്ങളെ പ്രാർത്ഥനാപൂർവ്വമായ ആത്മീയ ശുശ്രൂഷയായി അവർ മാറ്റി. 1895ൽ ഈ സമൂഹത്തിന്റെ ആസ്ഥാനം ക്യൂബെക്കിലെ ഷെർബ്രൂക്കിലേക്ക് മാറ്റുകയും സഭയുടെ ഔദ്യോഗിക അംഗീകാരം നേടുകയും ചെയ്തു.

1912 മേയ് 3ന് തന്റെ 71ാം വയസ്സിലാണ് അമ്മ മേരിലെയോണി പാരഡി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്. തന്റെ ജീവിതകാലത്തുടനീളം കാണിച്ച സഹാനുഭൂതിയും എളിമയും കാരണം ധാരാളം ആളുകൾ അവരുടെ മധ്യസ്ഥതയിൽ പ്രാർത്ഥിക്കാൻ തുടങ്ങി. 1981 ജനുവരി 31ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇവരെ ധന്യയായി പ്രഖ്യാപിച്ചു.

1984 സെപ്റ്റംബർ 11ന് കാനഡയിലെ മോൺട്രിയോളിൽ വച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ തന്നെ ഇവരെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 2024 ഒക്ടോബർ 20ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചതുരശ്രത്തിൽ വച്ച് ഫ്രാൻസിസ് മാർപാപ്പ ഇവരെ കത്തോലിക്കാ സഭയിലെ വിശുദ്ധയായി പ്രഖ്യാപിച്ചു. മേയ് 4നാണ് വിശുദ്ധ മേരിലെയോണി പാരഡിയുടെ തിരുനാൾ സഭ ആഘോഷിക്കുന്നത്. വിനീതമായ പ്രവർത്തനങ്ങളിലൂടെയും സേവനത്തിലൂടെയും ദൈവ മഹത്വം ഉയർത്താമെന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതന്ന വലിയ മാതൃകയാണ് വിശുദ്ധ മേരിലെയോണി

പ്രവർത്തനം : ഒറ്റപ്പെട്ടവരെയോ വിഷമിക്കുന്നവരെയോ സ്നേഹത്തോടെ സമീപിച്ച്, അവരെ വിധിക്കാതെ അവരെ ശ്രദ്ധയോടെ കേൾക്കുകയും അവരുടെ കൂടെ കുറച്ച് സമയം ചിലവഴിക്കുകയും ചെയ്യാം.

ഫാ. പോൾ മുട്ടത്ത്, ഡയറക്ടർ

സി. ജീജ SSPC, കോർഡിനേറ്റർ

മദ്യവിരുദ്ധസമിതി

1. പ്രൊമോട്ടേഴ്സ് മീറ്റ്

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം എന്ന് തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പ്രസ്താവിച്ചു. കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപത പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച വൈദിക സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പിതാവ്. അതിരൂപത ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖപ്രഭാഷണം നടത്തി. മുഖ്യപ്രഭാഷകനായത് പുത്തൂർ ഫൊറോന പ്രൊമോട്ടർ റവ. ഫാ. അലക്സാണ്ടർ കുരീക്കാട്ടിലാണ്.

2. ദീപശിഖാ പ്രയാണം

കോഴിക്കോട് നേതാജി നഗറിലുള്ള ക്രിസ്തുദാസി സന്യാസിനീ സമൂഹത്തിന്റെ ജനറേറ്റിലുള്ള തൃശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴിയുടെ കബറിടത്തിൽനിന്ന് ദീപശിഖാ പ്രയാണം ആരംഭിച്ചു. 1997 ൽ അഭിവന്ദ്യ പിതാവ് സ്ഥാപിച്ച കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതിയുടെ 29-ാം വാർഷികത്തിന്റെ ഒരുക്കമായാണ് ദീപശിഖാ പ്രയാണം സംഘടിപ്പിക്കുന്നത്. സമിതിയുടെ തൃശൂർ അതിരൂപത ഡയരക്ടറും റീജിണൽ ഡയരക്ടറുമായ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരന് ക്രിസ്തുദാസി സന്യാസിനീ സമൂഹത്തിന്റെ ജനറൽ കൗൺസിലർ സിസ്റ്റർ നാൻസിയും സമിതിയുടെ സംസ്ഥാന വൈസ് പ്രസിഡന്റും കോഴിക്കോട് അതിരൂപത പ്രസിഡന്റുമായ ആന്റണി ജേക്കബ് ചാവറയും ചേർന്ന് ദീപശിഖ കൈമാറി. 04.09.26 ന് കബറിടത്തിൽ നടത്തിയ പ്രാർത്ഥനയിൽ പി.ആർ.ഒ. ശ്രീ. ലിന്റോ ഫ്രാൻസീസ്, ജോയിന്റ് സെക്രട്ടറി ശ്രീ. റോബിൻ റാഫേൽ, മുൻ ട്രഷറർ ശ്രീ. കൊച്ചുവർക്കി തരകൻ തുടങ്ങിയവരും സന്നിഹിതരായിരുന്നു. മാർ ജേക്കബ് തൂങ്കുഴി പിതാവ് തൃശൂർ അതിരൂപതയിൽ സമാരംഭിച്ച സ്ഥാപനങ്ങളും തെരഞ്ഞെടുക്കപ്പെട്ട ഇടവകകളും കേന്ദ്രീകരിച്ച് ദീപശിഖാ പ്രയാണം നടത്തി. സ്ഥാപക പിതാവിന്റെ ആത്മ ചൈതന്യം നിലനിർത്തുവാൻ ഈ പരിപാടി നമ്മെ എല്ലാവരെയും പ്രചോദിപ്പിക്കട്ടെ.

3. തെക്കൻ മേഖല സമ്മേളനം

തൃശൂർ അതിരൂപത മദ്യ-ലഹരി വിരുദ്ധ സമിതിയുടെ 29-ാം വാർഷിക സമ്മേളനത്തിനൊരുക്കമായുള്ള തെക്കൻ മേഖല സമ്മേളനം അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനം ചെയ്തു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ പിന്തുണയ്ക്കണമെന്നും മദ്യവിപത്തിന്റെ കാര്യം അവഗണിക്കരുതെന്നും തദവസരത്തിൽ അദ്ദേഹം ഊന്നിപ്പറഞ്ഞു. കോടന്നൂർ പള്ളി സ്കൂളിൽ അരങ്ങേറ്റിയ സമ്മേളനത്തിൽ പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസാണ് അധ്യക്ഷത വഹിച്ചത്. വികാരി ഫാ. ആന്റണി ആലുക്ക അനുഗ്രഹപ്രഭാഷണം നടത്തി. റവ. സി. എൻസ്വീഡ് സി.എസ്.സി. ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശ്രീ. എൻ.വി. ജോസഫ് സ്വാഗതവും കൺവീനർ ശ്രീ. ജോസ് വടക്കേത്തല നന്ദിയും പറഞ്ഞു.

4. മദ്ധ്യമേഖല സമ്മേളനം

തൃശൂർ അതിരൂപത കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതിയുടെ 29-ാം വാർഷിക സമ്മേളനത്തിനൊരുക്കമായി മദ്ധ്യമേഖല

സമ്മേളനം തൃശൂർ പുത്തൻപള്ളി ഹാളിൽ ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനം ചെയ്തു. മദ്യ-ലഹരി വസ്തുക്കൾക്കെതിരെ സർക്കാരുകൾ കടുത്ത നടപടികൾ കൈക്കൊള്ളണമെന്ന് പ്രസംഗത്തിൽ അദ്ദേഹം ആഹ്വാനം നൽകി. ബസിലിക്ക റെക്ടർ മോൺ. തോമസ് കാക്കശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ. രാജു പാറപ്പുറം ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി.

5. അനുശോചനം

03.09.26 – കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി തൃശൂർ അതിരൂപത മരണമടഞ്ഞ പാലക്കാട് രൂപത മദ്യ-ലഹരി വിരുദ്ധ സമിതി ഡയറക്ടർ റവ. ഫാ. സഹായരാജ് വേന്ദന്റെ (61) അകാല നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു. സംഘടനാംഗങ്ങൾ പാലക്കാട് സെന്റ് സെബാസ്റ്റ്യൻസ് കത്തീഡ്രൽ പള്ളിയിൽ ചെന്ന് റീത്ത് സമർപ്പിക്കുകയും പരേത പുരോഹിതന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

04.09.26 – കരുമത്ര ഇടവകാംഗവും മദ്യവിരുദ്ധ സമിതിയുടെ ആദ്യകാല സജീവപ്രവർത്തകനുമായ ശ്രീ. പോൾ നീണ്ടുശ്ശേരിയുടെ നിര്യാണത്തിൽ കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി അനുശോചിച്ചു. ഡയറക്ടറച്ചനും ഏതാനും സംഘടനാംഗങ്ങളും മൃത സംസ്കാര ചടങ്ങിൽ പങ്കെടുക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, ഡയറക്ടർ
ശ്രീ. ലിന്റോ ഫ്രാൻസിസ്, പി.ആർ.ഒ.

കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

അതിരൂപത കരിസ്മാറ്റിക്ക് നവീകരണം

2026-2028 കാലഘട്ടത്തിലെ പുതിയ സർവ്വീസ് ടീം ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് പുതിയ കർമ്മപദ്ധതികൾക്ക് രൂപം നൽകി. ഓരോ കോർ ടീം അംഗങ്ങൾക്കും 2 ഫൊറോനകളുടെയും ഒരു മിനിസ്ട്രിയുടെയും ഉത്തരവാദിത്വം ഏൽപിച്ചു.

പുതിയ തൃശൂർ അതിരൂപത സർവ്വീസ് ടീം എമ്മാവൂസിൽ വെച്ച് ബഹുമാനപ്പെട്ട അലക്സ് താരാമംഗലം പിതാവിന്റെ കൈവെപ്പ് പ്രാർത്ഥനയോടെ പുതിയ ഉത്തരവാദിത്വം ഏറെറടുത്തു.

LSS ആറാം ബാച്ച് തൃശൂർ ആബാ ധ്യാനകേന്ദ്രത്തിൽ ആരംഭിച്ചു.

കരിസ്മാറ്റിക് നവീകരണം സബ് സോൺ പുനക്രമീകരണം ആരംഭിച്ചു.

കോ-ഓർഡിനേറ്റർമാരായി 1) കണ്ടശ്ശാംകടവ് - ഇനാശു കെ.സി, 2) വേലൂർ - വർഗീസ് വി.എൽ. 3) എരുമപ്പെട്ടി - ജോർജ് സി.കെ., 4) ബസിലിക്ക - ജോർജ് എ.ഡി., 5) പട്ടിക്കാട് - കൃഷ്ണൻകുട്ടി ആന്റണി, 6) പുത്തൂർ - ബേബി സി.ആർ. 7) പാലയൂർ - ജോളി സണ്ണി, 8) ചേലക്കര - ഷാലു എം. മാത്യു, 9) വടക്കാഞ്ചേരി - പോൾ പാലയൂർ 10) ലൂർദ്ദ് കത്തീഡ്രൽ - ജോയ് പി.പി.

പാരിഷ് മിനിസ്ട്രി

തൃശൂർ അതിരൂപതയിലെ നവീകരണ ശുശ്രൂഷയിലും വചന പ്രഘോഷണരംഗത്തും സ്പിരിചൽ ഷെയറിംഗ് മേഖലയിലും പ്രവർത്തിക്കുന്ന ശുശ്രൂഷകരുടെ കൂട്ടായ്മയായ പാരിഷ് മിനിസ്ട്രിക്ക് പുതിയ നേതൃത്വം നിലവിൽവന്നു. കോ-ഓർഡിനേറ്റർ യേശുദാസ് എ.പി, സെക്രട്ടറി: ബൈജു എൻ.ജി., ട്രഷറർ: ആന്റണി സി.എൽ.

മിനിസ്ട്രി കോ-ഓർഡിനേറ്റർമാർ

തൂവാനിസ മിനിസ്ട്രി: ഷൈനി ജോളി

കപ്പിൾസ് മിനിസ്ട്രി - ബാബു എൻ.വി. & സിന്ധു ബാബു

മദ്ധ്യസ്ഥ പ്രാർത്ഥന - ഫ്രാൻസിസ് കെ.ജി.

കോ-ഓർഡിനേറ്റർമാരടക്കം 9 പേർ അടങ്ങുന്ന കോർ ടീം തെരഞ്ഞെടുത്തു.

പുനക്രമീകരണ നടപടികൾക്ക് ഡയറക്ടർ: റവ. ഫാ. റോയ് വേളക്കൊമ്പിൽ, കോ-ഓർഡിനേറ്റർ: ഷാജു കെ.കെ., സെക്രട്ടറി: സിനി അലക്സ്, ട്രഷറർ: അഡ്വ. ടോമി അബ്രഹാം, അതാത് ഫൊറോന വികാരിമാർ, ഫൊറോന ആനിമേറ്റർമാർ സർവീസ് ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

സബ്സോൺ & മിനിസ്ട്രി കോർ ടീം അംഗങ്ങൾക്ക് ഉള്ള ഫോർമേഷൻ പ്രോഗ്രാം ഒക്ടോബർ 7-ാം തിയ്യതി ബുധനാഴ്ച ആബാ ധ്യാനകേന്ദ്രത്തിൽ നടത്തുന്നതാണ്.

ഇടവക കൂട്ടായ്കളുടെ പുനക്രമീകരണം ഒക്ടോബർ, നവംബർ മാസങ്ങളിൽ നടത്തുന്നതാണ്.

ആബാ ധ്യാനകേന്ദ്രത്തിൽ എല്ലാ ദിവസവും വൈദികർക്കുവേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന നടന്നുകൊണ്ടിരിക്കുന്നു.

ഫാ. റോയ് വേളക്കൊമ്പിൽ

ഡയറക്ടർ

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ

തൃശ്ശൂർ സെൻട്രൽ കൗൺസിലിന്റെ 78-ാം വാർഷികവും വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാമിന്റെയും തിരുനാളും മരത്താക്കര മേരി ഇമ്മാക്കുലേറ്റ് ദൈവാലയത്തിൽ വെച്ച് ഒക്ടോബർ 4 ഞായറാഴ്ച ആഘോഷിക്കുന്നു.

മറ്റം, പാലയൂർ, പറപ്പൂർ, കണ്ടശ്ശാങ്കടവ് എന്നീ ഏരിയ കൗൺസിലുകൾ ഉൾപ്പെട്ട മേഖലയിൽ കോൺഫറൻസ് ഭാരവാഹികൾക്കും പുതിയ അംഗങ്ങൾക്കുമായി നിയമാവലി പഠന ക്ലാസ് സംഘടിപ്പിച്ചു. ഒല്ലൂർ, പാലയൂർ ഏരിയ കൗൺസിലിലെ പ്രസിഡന്റുമാരായി ബ്രദർ ഷാജു തൊമ്മാനയും, ബ്രദർ എ.സി. ജോസഫും സെൻട്രൽ കൗൺസിലിൽ വെച്ച് സത്യപ്രതിജ്ഞ ചെയ്തു. സെൻട്രൽ കൗൺസിൽ വനിതാ അംഗങ്ങൾക്കായി സെപ്റ്റംബർ 5,6 തീയതികളിൽ വെളപ്പായ വിൻസെൻഷ്യൻ അഭയ കേന്ദ്രത്തിൽ വച്ച് ദ്വിദിന ക്യാമ്പ് നടത്തി. അമല ഹോസ്പിറ്റലിൽ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിന്റെ പേരിൽ ഒരു പുതിയ കോൺഫറൻസ് സ്ഥാപിച്ചു.

വിവിധ പരിപാടികളോടെ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും, വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാമിന്റെയും തിരുനാളുകൾ ഇടവകകളിൽ ആചരിച്ചു.

റവ. ഫാ. ജിക്സൺ താഴത്ത്,

ആദ്ധ്യാത്മീകോപദേഷ്ടാവ്

ബ്രദർ കെ. കെ. പോൾസൺ

പ്രസിഡന്റ്

കെ. സി. വൈ. എം.

ഫുട്ബോൾ ടൂർണ്ണമെന്റ്

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ പ്രമുഖ 16 ടീമുകളെ ഉൾപ്പെടുത്തിക്കൊണ്ട് 5s ഫുട് ബോൾ ടൂർണമെന്റ് നടത്തി. തൃശൂർ അതിരൂപത വൈസ് ചാൻസിലർ ഷിജോ ചിരിയങ്കണ്ടത്ത് ഉദ്ഘാടനം ചെയ്തു.തൃശൂർ അതിരൂപത KLM ഡയറക്ടർ പോൾ മാളിയമാവ്, കെ. സി. വൈ. എം. തൃശൂർ അതിരൂപത ഡയറക്ടർ അജിത്ത് കൊള്ളന്നൂർ എന്നിവർ സന്നിഹിതരായിരുന്നു സമ്മാനദാന ചടങ്ങിൽ കെ.സി. വൈ.എം. തൃശൂർ അതിരൂപത അസി.ഡയറക്ടർ അനു ചാലിൽ, കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് ഡോ. ജോബി കാക്കശ്ശേരി,കത്തോലിക്ക കോൺഗ്രസ് ട്രഷറർ റോണി അഗസ്റ്റിൻ, തൃശൂർ കോർപ്പറേഷൻ കൗൺസിലർ മേഫി ഡെൽസൺ, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ പ്രിൻസി പ്രിൻസ്, വടക്കാഞ്ചേരി ഫോറോന പ്ര സിഡന്റ് എഡ് വിൻ തൈക്കാടൻ, ലൂർദ് കത്തീഡ്രൽ പ്രസിഡന്റ് സനു അജി, വൈസ് പ്രസിഡന്റ് മാക്സ്ൺ വർഗീസ് എന്നിവർ സന്നിഹിതരായിരുന്നു. വാശിയേറിയ മത്സരത്തിൽ എഫ് സി സ്റ്റാർ മണലൂർ ജേതാക്കളായി, ഈ. എഫ്. കെ കൊട്ടേക്കാട് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

കെ സി വൈ എം റാലി

ഡൽഹി ജന്തർമന്ദർ സമര പോരാട്ടത്തിൽ അനുകൂലമായ വിജയം കൈവരിച്ച വിദ്യാർത്ഥി ജനതയ്ക്ക് അഭിവാദ്യങ്ങൾ നേർന്നുകൊണ്ടും, തെറ്റായ വിദ്യാഭ്യാസ- സാമ്പത്തിക- രാഷ്ട്രീയ നയങ്ങൾക്കെതിരായ ഭാവി സമരങ്ങൾക്ക് ഐക്യദാർഢ്യവും പ്ര ഖ്യാപിച്ചുകൊണ്ട് കെ സി വൈ എം തൃശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ നഗരത്തിൽ റാലി സംഘടിപ്പിച്ചു. തൃശ്ശൂർ അതിരൂപത പ്രസിഡന്റ് ഷിനോ സൈമൺ അധ്യക്ഷത വഹിച്ച സദസ്സ് തൃശ്ശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എ. പ്രസാദ് ഉദ്ഘാടനം ചെയ്തു. മുൻ സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ മുഖ്യപ്രഭാഷണവും നടത്തി.

കെ.സി.വൈ.എം. ഡയറീസ് ഏനമാവ് യൂണിറ്റ് സന്ദർശനം

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപതയുടെ ''കെ.സി.വൈ.എം. ഡയറീസ്'' യൂണിറ്റ് സന്ദർശന പരമ്പരയ്ക്ക് ഏനമാവ് യൂണിറ്റിൽ

തുടക്കമായി. ഏറെ നാളുകൾക്കുശേഷം ഏനമാവിൽ പുതിയ കെ.സി.വൈ.എം. യൂണിറ്റ് രൂപീകരിക്കാനായത് ഈ സന്ദർശനത്തിന്റെ പ്രധാന നേട്ടമായി.

പുതിയ അംഗങ്ങളെ സ്വീകരിച്ച് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും കെ.സി.വൈ.എം. പതാക കൈമാറുകയും ചെയ്തു. സംഘടനയുടെ ചരിത്രവും പ്രവർത്തനങ്ങളും, അംഗത്വം, യുവജനങ്ങളുടെ സംഘടനാപരവും സാമൂഹികവുമായ ഇടപെടലുകൾ എന്നിവയെക്കുറിച്ച് സംവാദവും ക്ലാസുകളും നടന്നു. കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത ഡയറക്ടർ റവ. ഫാ. അജിത്ത് കൊള്ളന്നൂർ സന്നിഹിതനായി പുതിയ അംഗങ്ങൾക്ക് അംഗത്വം നൽകുകയും യുവജനങ്ങൾക്ക് പിന്തുണയും പ്രോത്സാഹനവും നൽകുകയും ചെയ്തു.

അതിരൂപത ഭാരവാഹികളുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ ഏനമാവ് ഇടവക വികാരി ഫാദർ തോമസ് ചൂണ്ടൽ, ഡീക്കൻ പ്രിൻസ് ആറുകാക്കൽ എന്നിവരുടെയും പിന്തുണയും യുവജനങ്ങളുടെ സജീവ പങ്കാളിത്തവും പ്രത്യേകം ശ്രദ്ധേയമായി. പുതിയൊരു കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചുകൊണ്ട്, ഏനമാവ് യൂണിറ്റ് സന്ദർശനം ''കെ.സി.വൈ.എം. ഡയറീസ് ''ന്റെ ഹൃദയസ്പർശിയായ ആദ്യ അധ്യായമായി മാറി

6's ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു.

കെ. സി. വൈ. എം. തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ കെ. സി. വൈ. എം. കണ്ടശ്ശാംകടവ് ഫൊറോനയുടെ ആതിഥേയത്വത്തിൽ സംഘടിപ്പിച്ച 6's ഫുട്ബോൾ ടൂർണമെന്റ് നടത്തപ്പെട്ടു. കായികതാരവും തൃശൂർ ബാസ്കറ്റ്ബോൾ അസോസിയേഷൻ രക്ഷാധികാരിയുമായ റവ.ഫാ. റോയ് ജോസഫ് വടക്കൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കെ. സി. വൈ. എം. കണ്ടശ്ശാംകടവ് ഫൊറോന ഡയറക്ടർ റവ.ഫാ. പ്രതീഷ് കല്ലറക്കൽ സംസാരിച്ചു. തൃശൂർ അതിരൂപത കെ. സി. വൈ. എം. പ്രസിഡന്റ് ഷിനോ സൈമൺ ആശംസകൾ നേർന്നു. ഫുട്ബോൾ ടൂർണമെന്റിൽ കെ.സി.വൈ.എം. അമ്മാടം ജേതാക്കളായപ്പോൾ കെ. സി. വൈ. എം. അരിമ്പൂർ റണ്ണർ അപ്പ് ആയി. യുവജനങ്ങളിൽ കായിക മനോഭാവവും കൂട്ടായ്മയും സൗഹൃദവും വളർത്തുന്നതിനൊപ്പം കായികരംഗത്തെ യുവപ്രതിഭകൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ നടത്തിയ ടൂർണമെന്റിൽ 16 ടീമുകൾ പങ്കെടുത്തു.

ഫാ. അജിത്ത് കൊള്ളന്നൂർ, ഡയറക്ടർ

ഫാ. അനു ചാലിൽ, അസിസ്റ്റന്റ് ഡയറക്ടർ

പാരിഷ് ബുള്ളറ്റിൻ മത്സരം 2025

എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ

ഒന്നാം സമ്മാനം	കത്തീഡ്രൽ വോയ്സ് - തൃശ്ശൂർ ലൂർദ്ദ്
രണ്ടാം സമ്മാനം	മാർത്തോമാ ദീപ്തി - മറ്റം
	ഡോളേഴ്സ് ഡൈജസ്റ്റ്-
	തൃശ്ശൂർ ബസിലിക്ക
മൂന്നാം സമ്മാനം	സാൻജോസ് പാരിഷ് വോയ്സ് -
	പാവറട്ടി
	വിമൽ വോയ്സ് - പറവട്ടാനി
	സ്നേഹദൂത് - നെല്ലിക്കുന്ന്
പ്രോത്സാഹനസമ്മാനം	സാന്തോം വോയ്സ് - തിരൂർ
	പാദുവാദീപം - മണ്ണുത്തി
	മേരിനാദം - ഒല്ലൂർ മേരിമാത

ഇടവിട്ട മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ

ഒന്നാം സമ്മാനം	പാദുവാനാദം - പാറേംപാടം
രണ്ടാം സമ്മാനം	സ്നേഹദൂത് - പൂങ്കുന്നം
	കർമ്മലദീപ്തി - ചേറ്റുപുഴ
മൂന്നാം സമ്മാനം	മരിയരശ്മി - നന്തിപുലം നോർത്ത്

കവർ

ഒന്നാം സമ്മാനം	സാൻജോസ് പാരിഷ് വോയ്സ് -
	പാവറട്ടി
രണ്ടാം സമ്മാനം	സാന്തോം വോയ്സ് - തിരൂർ
	മരിയ രശ്മി - പേരാമംഗലം
മൂന്നാം സമ്മാനം	വിശ്വാസപ്രഭ - പാലയൂർ
	അർണോസ് വോയ്സ് - വേലൂർ
	സെന്റ് ആന്റണീസ് വോയ്സ് -
	അന്തിക്കാട്

എഡിറ്റോറിയൽ

ഒന്നാം സമ്മാനം	ഡോ. ജെൻസി പോൾ അക്കര,
	യേശുനാദം - ഒല്ലൂർ
രണ്ടാം സമ്മാനം	ജോസഫ് ടി. ടി., ഡോളേഴ്സ്
	ഡൈജസ്റ്റ് - തൃശ്ശൂർ ബസിലിക്ക
	ജോസഫ് സി. എ., ദിവ്യസ്പന്ദനം -
	പറപ്പൂർ
മൂന്നാം സമ്മാനം	ആന്റണി ചിറമേൽ,

	സാൻജോ വോയ്സ് - കുരിയച്ചിറ
	ഡെന്നി സൈമൺ മണ്ടി, പ്രകാശനാളം - പുത്തൻപീടിക

ലേ ഔട്ട്

ഒന്നാം സമ്മാനം	കത്തീഡ്രൽ വോയ്സ് - തൃശ്ശൂർ ലൂർദ്ദ്
രണ്ടാം സമ്മാനം	ഡോളേഴ്സ് ഡൈജസ്റ്റ് - തൃശ്ശൂർ ബസിലിക്ക
	സാൻജോസ് പാരിഷ് വോയ്സ് - പാവറട്ടി
മൂന്നാം സമ്മാനം	യേശുനാദം - ഒല്ലൂർ
	ടച്ച് മീ - കുന്നംകുളം
	പാദുവാദീപം - മണ്ണുത്തി

കവിത

ഒന്നാം സമ്മാനം	പ്രൊഫ.മേരിക്കുഞ്ഞ്, ഡോളേഴ്സ് ഡൈജസ്റ്റ് - തൃശ്ശൂർ ബസിലിക്ക
	ചാക്കോ തൈക്കാട്, ഗ്ലോറിയ - ബ്രഹ്മകുളം
രണ്ടാം സമ്മാനം	ലൗലി ഫ്രാൻസിസ്, കത്തീഡ്രൽ വോയ്സ് - തൃശ്ശൂർ ലൂർദ്ദ്
	ഗ്രേസി ജോയി, കർമ്മലനാദം - മുണ്ടൂർ
മൂന്നാം സമ്മാനം	റാണി ജോസ്, ഷാലോം - അരണാട്ടുകര
	മിന്നു ക്രീറ്റു, പാദുവാനാദം - പാറേമ്പാടം

ലേഖനം

ഒന്നാം സമ്മാനം	ഡോ. ഇഗ്നേഷ്യസ് ആന്റണി, കത്തീഡ്രൽ വോയ്സ് - തൃശ്ശൂർ ലൂർദ്ദ്
രണ്ടാം സമ്മാനം	ബൈജു തറയിൽ, തിരുക്കുടുംബദീപം - സേവനാലയം
	ജെസി കണ്ടത്ത്, വിജയകാഹളം - ചേറൂർ
മൂന്നാം സമ്മാനം	ജോൺ തേറാട്ടിൽ, നിത്യജ്യോതി - വിയ്യൂർ
	സ്റ്റെനി ജോൺ തട്ടിൽ, ജീവൻ പ്രഭ - പാലക്കൽ

കഥ

ഒന്നാം സമ്മാനം	ബൈജു പൊന്തേക്കൻ, ജീവൻ പ്രഭ -

പാലക്കൽ
എൽജിയ സി. എസ്.,
ദിവ്യസ്പന്ദനം - പറപ്പൂർ

രണ്ടാം സമ്മാനം പ്രൊഫ. ചാക്കോ കാക്കശ്ശേരി,
മാർത്തോമദീപ്തി - മറ്റം
ജെയിംസ് വി. ഒ., സാൻജോസ്
പാരിഷ് വോയ്സ് - പാവറട്ടി

മൂന്നാം സമ്മാനം ലാസർ ചുങ്കത്ത്, സാന്തോം വോയ്സ് - തിരൂർ

കാർട്ടൂൺ

ഒന്നാം സമ്മാനം ജോൺസൻ നമ്പഴിക്കാട്,
മാർത്തോമാ ദീപ്തി - മറ്റം

രണ്ടാം സമ്മാനം ജോഷി ജോസ്, മരിയരശ്മി - പേരാമംഗലം

മൂന്നാം സമ്മാനം സി. മരിയ ജിൻസി SMC,
വിജയകാഹളം - ചേറൂർ

ഇടയശബ്ദം (വികാരി)

ഫാ. ലിറിൽ തളിയപറമ്പിൽ, ജീവൻപ്രഭ - പാലക്കൽ
ഫാ. ജോസ് ചാലക്കൽ, ഷാലോം - അരണാട്ടുകര
ഫാ. ലാസർ താണിക്കൽ, ആവേ മരിയ - വെണ്ടോർ
ഫാ. ജോയ് അടമ്പുകുളം, തിരുഹൃദയശബ്ദം - ചെമ്പുക്കാവ്
ഫാ. സ്റ്റാർസൻ കള്ളിക്കാടൻ, സെന്റ് ആന്റണീസ് വോയ്സ് - അന്തിക്കാട്

ഇടയശബ്ദം (സഹവികാരി)

ഫാ. ഗോഡ്വിൻ കിഴക്കൂടൻ, സാൻജോസ് പാരിഷ് വോയ്സ് - പാവറട്ടി
ഫാ. അജിൽ മാങ്ങൻ, അമലോത്ഭവ - മരത്താക്കര
ഫാ. ക്രിസ്റ്റോ മഞ്ഞളി, ദിവ്യസ്പന്ദനം - പറപ്പൂർ
ഫാ. ആന്റണി ചിറ്റിലപ്പിള്ളി Jr, സ്നേഹദൂത് - നെല്ലിക്കുന്ന്
ഫാ. നിതിൻ പൊന്നാരി, പാദുവാദീപം - മണ്ണുത്തി

ഫാ. സിംസൺ ചിറമ്മൽ
ഡയറക്ടർ, അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്
ജോർജ്ജ് ചിറമ്മൽ, പ്രസിഡന്റ്

NB : 2025ലെ പാരിഷ് ബുള്ളറ്റിൻ മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുന്നത് പിന്നീട് അറിയിക്കുന്നതാണ്.



നവീകരിച്ച നടത്തറ തിരുഹൃദയ ദൈവാലയത്തിന്റെ മദ്ബഹ

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.09.2026
October - 2026



ആഗോള മിഷൻഞായർ 2026

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor